(2) Will the Government be pleased to consider the desirability of similarly reserving a few seats in that College for our students so that a regular supply of Travancoreans may be ensured to fill up vacancies in the P. W. Department as they occur?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): (1) and (2) The matter is engaging the attention of the Government.

Need for a Veterinary Hospital at Neyyattinkara.

16. **MR. N K. KRISHNA PILLAI** (*Neyyattinkara*): Will the Government be pleased to state:

(a) whether they are aware that the ryots of Neyyattinkara are put to considerable hardship for want of a Veterinary Hospital at Neyyattinkara; and

(b) whether they will consider the desirability of enquiring into the matter and taking early steps to redress the grievances of the public in this direction?

MR. P. N. KRISHNA PILLAI (*Secretary to Government*): (a) The answer is in the negative.

(b) The matter will be enquired into.

Particulars of Students who appeared for the English School Leaving Certificate Examination, 1103.

17. **MR. A. THANU PILLAI** (*Trivandrum*): Will the Government be pleased to state:

(a) the number of students that appeared for the English School Leaving Certificate Examination held in 1103;

(b) the number of students that passed;

(c) the number of students that appeared for that examination in each of the optional subjects; and

(d) the number that passed in each of the compulsory and optional subjects?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): (*a*) 3,818 including 49 candidates who underwent supplementary courses and who were not therefore eligible for college admission.

(*b*) 3,182 candidates were given certificates, of whom 1,309 were declared eligible for admission to University courses of study.

(*c*) and (*d*) A Statement * containing the information required by the member is laid on the table.

Secondary School Leaving Certificate Examination Results.

18. **MR. MURUVELIL PACHU PILLAI** (*Shertallai*): Will the Government be pleased to state:

(*a*) the number of pupils in the State who appeared for the last S. S. L. C. examination (1928);

(*b*) the number among them who were granted certificates of eligibility for admission to a college;

(*c*) whether they received copy of the resolutions passed at a public meeting held at Trivandrum under the presidency of Mr. P. K. Narayana Pillai, regarding the results of that examination; and

(*d*) if so, the nature of the action they have taken on those resolutions?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): (*a*) 3,818. Of these, 49 underwent supplementary courses and were thus not eligible for college admission.

(*b*) 1,309.

(*c*) Yes.

(*d*) The resolution was received by the Government on the 8th June 1928 which was after the Govornment had passed orders on the subject and so no further action was found necessary as to the last examination.

The resolution also asked that Trivandrum be made a centre for the Cambridge Certificate Examination. This question has been referred to the Director of Public Instruction for a report.

---

* *Vide* Appendix—page 45.

Appendix.

Vide Answer to Question No. 17.

Statement showing the number of students who appeared for the E. S. L. C. Examination, 1928, in the compulsory and optional subjects and of those who passed.

Subject.	No. of candidates that appeared.	No. that secured 35% and above of the allotted marks.
Compulsory.		
English—I paper ...	3805	1982
Do. II paper ...	3800	1981
Malayalam Composition and Translation .	3482	2657
Tamil Do. Do. ...	291	200
English Composition ...	21	17
Elementary Mathematics—I paper ...	3811	2246
Do. II paper ...	3808	2483
Do. Nature study ...	3770	2114
Optionals.		
Algebra and Geometry ...	1232	700
Physics ...	2048	1134
Chemistry ...	2255	1567
Botany ...	838	458
History of India ...	880	457
History of Great Britain and Ireland ...	1283	701
Malayalam ...	661	380
Tamil ...	68	47
Sanskrit ...	39	24
Domestic Economy ...	25	22
Latin ...	3	2
Arabic ...	4	3
Book-keeping ...	8	7
Commercial practice ...	8	5
Geography ...	12	11
Map Drawing ...	12	9

GENERAL DISCUSSION ON THE BUDGET.

MR. K. P. NILAKANTA PILLAI (*Chirayinkil*) : May we begin general discussion on the budget, Sir?

DEPUTY PRESIDENT : Yes, by all means, Mr. Nilakanta Pillai.

MR. K. P. NILAKANTA PILLAI (*Chirayinkil*) : Sir, while I am thankful to the Financial Secretary for the frank and straightforward way in which he has introduced the budget for the coming year before this House I cannot but say that the budget estimate for the coming year is a very disappointing one from the point of view of the man behind the plough. Sir, when the speech of the learned Financial Secretary is disrobed of the explanatory paragraphs on diagrams and some other ambiguities in which it is enveloped the whole speech is nothing but simple arithmetic presented before this House year after year with the same monotony as if by a junior clerk in a commercial firm with no conception of the fundamentals. It is a matter of both surprise and disappointment to me, Sir, that the huge closing balance of Rs. 154·98 lakhs for the current year which stands at Rs. 225·65 lakhs for the coming year and the recurring surpluses year after year even beyond the expectations of the Financial Secretary should be taken by him as conclusive evidence of our prosperity when many other indications in the budget show just the other way.

Sir, I ask the question in what way the budget estimate now before the House is an improvement upon the current year's budget? Should there not be a policy underlying the budget; if so, I ask the question again whether there is any indication of a definite and progressive policy or any important pronouncement underlying the budget that has been presented before this House? Sir, a motion has been passed by this House on the 25th Karkatakam 1102 abolishing tolls on the main highways. A resolution has been passed by this House on the 17th Medam 1102 reducing the rates of Anchal card and cover to four and eight Cash respectively, and the Government had the good grace to accept another motion on local option. Sir, the unexpected surplus in the current year's revenue is made up of Rs. 3·71 lakhs from Abkari and opium Rs. ·90 lakh from Stamps and about Rs. 2·83 lakhs from tolls. That is the way in which people's demands have been given effect to. Any Government ought to be ashamed to announce to this House that their revenue was better than expected and that the better collection was made up of items as I mentioned above against which the people's representatives have passed their verdict. We have been habituated to disappointments in all our demands whether it be the appointment of an agency to overhaul the existing system of education in the State or to settle the relation between Jenmies and Kudiyans or it be the repeal of the Newspapers Regulation or the revision of the pay of the Vernacular School Teachers—all matters vitally affecting the prosperity of the people of the State, politically, economically and socially. Under such circumstances, Sir, this budget or any other budget which hereafter may be introduced to this House is bound to be disappointing so long as those who supply the Government with the necessary resources

have no voice either in doing away with a particular source of revenue or in the allocation of supplies to the different purposes. Sir, the huge closing balance and recurring surpluses year after year should have made the preparation of the State budget less difficult for a capable financier. Our revenues have risen from Rs. 199·54 lakhs in 1099 to Rs. 239·69 lakhs in 1104, that is an increase of mor. than Rs. 40 lakhs. Not to speak of the huge closing balance under Government account the actual recorded surplus amounted to Rs 23·01 lakhs in 1101, 27·89 lakhs in 1102; 17·21 lakhs in the current year and we have budgeted for a surplus of Rs. 4·79 lakhs for the coming year. Certainly these recurring surpluses are not the result of mere windfalls. Sir, with the same resourses in our command the picture which the present Financial Secretary has presented before this House could have been presented in a different hue if the allotment of expenditure had been left in the hands of the people. 'Nature intended me a grazier' said Lord Althorp who steered the reform bill of 1832 'and fate has made me a statesman'. Many of the responsible officers of the State who made proposals for the appropriation of a portion of the peoples' purse to be expended ir their respective departments had no clear notions of their exact functions. Consequently while the budget is full of unimportant and highly objectionable items whether it be the creation of additional staff in one department or the revision of the pay of the staff in another department, I do not find—I have read the budget carefully—any important announcement from the rate payers' point of view excepting the solitary instance of an enhancement of about Rs. 7 lakhs in the P. W. D. budget. And the budget does not give indications that the Financial Secretary has tried to cut down expenditure on all heads and to make provisions keeping in view the fundamental that no expenditure ought to be made which does not directly or indirectly benefit the poor taxpayer who is after all responsible for the supply of all the resources available to Government. As a result on one page of the budget there is a provision for three more clerks, people who are already clerks on Rs. 40 to 70, being raised to the grade of Rs. 75 to 100 suddenly. In another page of the budget there is a provision for five more Draftsmen, three more Head clerks, one Typist and 14 temporary Draftsmen. Necessity has been found for all these especially after a Committee has sat and decided the question and disbanded the superfluous staff of this particular department. The revision of the pay of the Printers and Store-keepers seems to be very important in a particular department. While Government wanted only Rs. 2,000 in 1103 in aid of orphanages, this year all of a sudden they have to make provision for Rs. 10,000 in aid of charities, I mean orphanages. Sir, I have chosen only a few types as illustrations and if the budget is carefully examined it will be found that every page of the budget is full of such anomalies.

Secondly I would like to know, Sir, under what canons of finance, and obtaining where, these big, though the Financial Secretary would call it small, and recurring surpluses are justifiable. These surpluses are a double wrong to the country, because Government take much

[Mr. K. P. Nilakanta Pillai.]

more from the people than is needed and Government do not spend enough for the good of the country. Again let us see what mainly contributed to these surpluses. Government anticipated only a surplus of Rs. 3·62 lakhs in 1102 but actually the surplus went up to Rs. 24.07 lakhs. To this Stamps and P. W. D. tolls contributed a lakh each. Registration Rs. ·5 of a lakh; Interest on surplus investments must have added about 1·5 lakhs; and Excise contributed Rs. 4 lakhs thereby making the total receipts from Abkari and Opium Rs. 32 lakhs. In 1103 the budgeted surplus of Rs. 1·39 lakhs came up to Rs. 17·21 lakhs according to the revised figures. To this increase Tobacco contributed Rs. 1·54 lakhs; Stamps ·90 lakh; Registration 1.1 lakhs; Interest on surplus investments 1·34 lakhs; and Abkari and opium 3·71 lakhs thereby making the total revenue from Abkari and Opium Rs. 33·4 lakhs. You will see, Sir, that the revenue derived from Abkari and Opium rose from Rs. 23·7 lakhs in 1099 to Rs. 37·4 lakhs in 1104. The annual report of the Excise Department year after year shows an increase in the consumption of arrack, foreign liquor, ganja and in the number of trees tapped for toddy. All these, the learned Excise Commissioner in his departmental Administration Report for the year 1102 says, are due to improved preventive work, better supervision and prevention of malpractices with the result illicit liquor has been replaced by licit liquor. The learned Financial Secretary in paragraph 16 of his budget speech says:—

"The Excise Department has reported that the increased receipts under Abkari are on account of the enhanced rates of arrack duty and tree tax."

I would only ask the Financial Secretary to pause here for a moment and think how, if that be the case, the consumption of foreign liquor could rise by 5169 proof gallons, arrack by 2817 proof gallons, ganja by 175 seers and, of the number of trees tapped, cocoanuts by 6842, *chundapana* by 1655 and palmyra by 293. Increase in our customs revenue in 1102 was mainly due to the abolition of export duty on tea by the Government of India, and so we had not to pay the Government of India the moiety of duty which we levied for tea exported from our country. Despite there was a heavy fall of Rs. ·86 lakh in our export duty in 1102 a similar fall is likely to happen this year, and next year the fall would be greater. The income from our railway has fallen by Rs. 1·34 lakhs when compared to the previous years. And the collection from income tax does not show any improvement at all. Sir, if these facts indicate anything at all it is that the people are becoming less and less prosperous and that the budget is not a prosperity budget.

Sir, in 1102 the sale proceeds of Government lands were included in the ordinary revenue of the State. In 1102 for the first time a separate head was created and thus sale proceeds of Government lands were brought under it and it was called Capital Head. This change was not so innocent as it appears to be on the face of it. Because paragraph 4 sub clause (1) of the Devaswom Proclamation of 1097 states that the Devaswom funds shall consist of '*allotment made in the State budget every year for the said Devaswoms, such allotment being not less than 40*

per cent of the ayacut and sanchayam land revenue of the State'. In 1102 the sale proceeds of Government lands amounted to Rs. 6·01 lakhs; in 1103 5·20 lakhs and in 1104 it is expected to be 5 lakhs. The net result of this change is that our Devaswom fund has suffered to the extent of something like 6·48 lakhs in these three years, that is an average of Rs. 2·16 lakhs every year. This is a matter which has to receive the serious attention of this House.

A careful reading of the budget will again show, Sir, that luxuries have been provided for first and then miserable doles have been distributed for the necessities of the people. I am not bemoaning the proposed railway extension from Chackay to Thampanur which would ultimately cost about 25 lakhs or the Trivandrum electricity or water supply schemes, because I can also have the benefit of these if I choose so. But I have a duty to perform to rural Travancore. I am given to understand that capital expenditure is not at all being properly audited and scrutinised. This becomes all the more important when we find that this capital expenditure is taken outside the purview of this House. It has therefore to be properly scrutinised and audited periodically. I am given to understand that the Railway Engineer is given a letter of credit to enable him to draw any amount from the Quilon or the Trivandrum Treasury, and that no proper auditing is taking place. There is a huge cry in this matter outside. Therefore it is time for Government to consider this aspect of the question.

DEPUTY PRESIDENT: You have got just four minutes more.

MR. K. P. NILAKANTA PILLAI (*Chirayinkil*): Yes, Sir.

As I have pointed out our revenues have risen from Rs. 199·54 lakhs in 1099 to Rs. 239·69 lakhs in 1104. There is no corresponding increase either in the allotment for communication on original side or for protective irrigation all through these years. In 1099 Rs. 1·5 lakhs have been spent on protective irrigation; 2·2 lakhs in 1100; 2·1 lakh in 1101; 1·5 lakhs in 1102; 2·3 lakhs in 1103 and we propose to spend 2·1 lakhs in 1104. Thus you will see, Sir, that Government have not spent a single pie more on protective irrigation since 1100 and for the coming year we get ·2 of a lakh less than the current year.

On the face of these recurring surpluses why not create a separate budget head on minor irrigation and allot ten lakhs annually for the same, or, I ask, why not allot the whole additional revenue which we derive, year after year, from immoral sources like abkari and opium for minor irrigation so that people may be more prosperous? It is not a recurring surplus budget which the Government ought to be proud of, but the material prosperity and contentment of rural Travancore.

There is a Department of Industries working in the country for the last 10 years. First of all, sufficient funds are not placed at its disposal. Secondly, the Department does not know how to spend the money allotted for the Department. In 1100 a sum of 1·51 lakhs of rupees was allotted, but only 1·41 lakhs of rupees was spent. In 1101 the allotment was 1·72 lakhs of rupees, but, only 1·26 lakhs was used: In 1102 the allotment was 1·45 lakhs, but 1·28 lakhs alone was used; and in 1103 the allotment was 1·53 lakhs, but, according to the revised estimate

[Mr. K. P. Nilakanta Pillai.]

1·36 lakhs would be spent, with the result that no material benefit is derived from this Department by the people of the country. Year after year we hear of industries started and abandoned, experiments begun and subsequently given up. The Director of Industries everywhere sees lions in his way. And according to him nothing is possible in Travancore. Sir, despite this, this department of confirmed pessimism plods along the already beaten path without clear vision or courage, or definiteness or purpose, or, what can I say, (*Laughter*) progress. The existence of this department for the last 10 years has not added a whit to the growing problem of unemployment in the State and this becomes all the more serious. It is the duty of the Department of Industries to find out some solution for the problem of unemployment in the State, more than any other department.

DEPUTY PRESIDENT: Your time is up.

MR. ITTOOP ITTICHAN (*Kunnatnad*) : സർ, ഫൈനാൻസ്സെക്രട്ടറി സമർപ്പിച്ച ബഡ്ജററിനെ സംബന്ധിച്ച് ഗവൺമെൻറിനെ അനുമോദിക്കാൻ ഞാൻ വഴികാണുന്നില്ല. നമ്മുടെ ഗവൺമെൻറിന് സാധാരണയായും ഇപ്പോഴത്തെ ഗവൺമെൻറിനു പ്രത്യേകിച്ചും ബഡ്ജററിൽ നീക്കിയിരിപ്പു വരുത്തി ജനസാമാന്യത്തിൻെറ കണ്ണിൽ പൊടിയിടുന്നതിനു ഒരു വിശേഷവാസനയുള്ളതായി കാണുന്നു. കുടുംബകാര്യങ്ങളിൽ വരവിനടുത്ത ചെലവും രാജ്യകാര്യങ്ങളിൽ ചെലവിനടുത്ത വരവുമാണ് ആദരണീയമായ പ്രമാണമെന്നു ധരിക്കുവാൻ വലിയ ശാസ്ത്രജ്ഞാനം ഒന്നും വേണമെന്നില്ല. വരവിൽ ഒതുക്കി ചെലവു നിറുത്തുവാൻ സാധിക്കാതെവരുന്നതു് ഒരു കുടുംബത്തിന് നാശകരണമാണ്. അപ്രകാരം തന്നെ ചെലവനുസരിച്ചു വരവിനെ നിയന്ത്രിക്കാത്തതു് പ്രജാക്ഷേമത്തിനു ഹാനികരവുമാകുന്നു. ബ്രിട്ടീഷ് ഇൻഡ്യായിലെ ഭരണകർത്താക്കൾ വെട്ടിത്തുറന്നിരിക്കുന്ന മാർഗ്ഗങ്ങളിൽകൂടി നമ്മുടെ വരവുചെലവുകൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നല്ലാതെ അവയെ ദേശകാലോചിതി അനുസരിച്ചു മനഃപൂർവ്വം നയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഇന്നത്തെ ഗവൺമെൻറു ശ്രമിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നില്ല. ഒരു [illegible]ക്കോലുപോലെ നടന്നുകൊണ്ടിരിക്കുന്ന ഗവൺമെൻറിൻെറ ഇപ്പോഴത്തെ നയത്തിനു ഒരു മാററം വരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

തന്നാണ്ടിൽ മിച്ചം വരുത്തിക്കാണിക്കണമെന്നുള്ള ഭ്രമം ഗവൺമെൻറിനെ കലശലായി ബാധിച്ചിട്ടുണ്ടെന്നാണു തോന്നുന്നതു്. ഈ ബഡ്ജററിൽ നീണ്ടകരപ്പാലത്തിനു ആറുലക്ഷം രൂപാ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. പാലം ആവശ്യമില്ലെന്നോ അതു ഗവൺമെൻറു നടത്തി

കൊടുക്കേണ്ടതല്ലെന്നോ ഞാൻ പറയുന്നില്ല. പക്ഷെ ഈ ആറുലക്ഷം രൂപാ തന്നാണ്ടു ചെലവിൽ കൊള്ളിക്കാതെ നീക്കി ഇരിപ്പിൽനിന്നും എടുത്തതു് തന്നാണ്ടു വരവുചെലവിൽ മിച്ചംവരുത്തിക്കാണിക്കുവാൻ അല്ലേ എന്നു ഞാൻ സംശയിക്കുന്നു. ബഡ്ജററിലെ ഇപ്പോഴത്തെ മിച്ചം നാലുലക്ഷത്തിൽപരം രൂപായാണു. പാലത്തിന്റെ ആറുലക്ഷംകൂടി തന്നാണ്ടു ചെലവിൽ ചേർത്തിരുന്നുവെങ്കിൽ തന്നാണ്ടു വരവുചെലവിന്റെയും മിച്ചത്തിന്റെയും പ്രകൃതം പാടെ മാറുമായിരുന്നു. തിരുവിതാംകൂറിൽ പല പാലങ്ങളും തോടുകളും റോഡുകളും ഉണ്ടാകുന്നുണ്ടു്. അതതിൽ ചിലതിനു ടോളുകളും ഏർപ്പെടുത്തുന്നുണ്ടു്. എന്നിട്ടും ഇവയൊക്കെ തന്നാണ്ടു ചെലവിനത്തിനാണു് ചേർത്തിട്ടുള്ളതും ചേർക്കാറുള്ളതും. നീണ്ടകരപ്പാലത്തിനു് വരുന്ന ചെലവും അതിന്റെ പലിശയും അവിടെ ഒരു ടോൾഗേററു വെച്ചാൽ ലഭിക്കാവുന്ന ആദായവും ഏകദേശമായിട്ടെങ്കിലും കണക്കാക്കിനോക്കിയാൽ ഏതാണ്ടു ആദായകരമായ ഒരു വ്യവസായംപോലെ ഗവർമ്മെന്റു തൽക്കാലം നടിക്കുന്ന ഈ പാലത്തെ തന്നാണ്ടു ചെലവിനത്തിൽ ചേർക്കാഞ്ഞതു എന്തുകൊണ്ടെന്നു ജനസാമാന്യം സംശയിച്ചുപോകും. എങ്ങിനെയും മിച്ചംവരുത്തിക്കാണിച്ചു ജനസാമാന്യത്തിന്റെ കണ്ണിൽ പൊടി ഇടുവാൻ ഇപ്പോഴത്തെ ഗവർമ്മെന്റു കാട്ടിക്കൂട്ടുന്ന ഭ്രമത്തേയും സ്വീകരിക്കുന്ന നയത്തേയും ആണു് ഞാൻ ഇതുകൊണ്ടുദാഹരിക്കയും ആക്ഷേപിക്കയും ചെയ്യുന്നതു്

രാജ്യത്തിന്റെ തലസ്ഥാനവും രാജസ്ഥാനത്തിന്റെ ഇരിപ്പിടവുമായ ഈ തിരുവനന്തപുരം പട്ടണത്തിൽ വെള്ളത്തിനും വെളിച്ചത്തിനുംവേണ്ടി ചെയ്യുന്ന ശ്രമങ്ങൾ കേവലം അനാവശ്യമെന്നു് പറയുന്നതിനു് ഞാൻ തയ്യാറില്ല. സംസ്ഥാനം മുഴുവനും തിരുവനന്തപുരംപോലെ ആക്കിത്തീർക്കണമെന്നും അല്ലെങ്കിൽ ഇവിടെ ഇതു ഒന്നും ചെയ്യരുതെന്നും ശഠിക്കുന്നതു് സ്വാതന്ത്ര്യപരമായ പ്രാദേശിക ഭരണത്തിന്റെ ഒരുവകഭേദമാണെന്നോ കാര്യവിവരമുള്ളവർ കരുതുകയുള്ളു. എന്നിരുന്നാലും ഗവർമ്മെന്റു ഇതിൽ സ്വീകരിച്ച നയത്തെപ്പററി എനിക്കു ഒരു ആക്ഷേപം പറയാനുണ്ടു്. തിരുവിതാംകൂറിലെ പ്രധാനപട്ടണങ്ങളിൽ മുനിസിപ്പൽഭരണസമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടു്. മററു പ്രദേശങ്ങളെ അപേക്ഷിച്ചു് ഈ പട്ടണങ്ങൾക്കു പ്രത്യേകം വേണ്ടതായ ആവശ്യങ്ങളെപ്പററി നോക്കുന്നതിനും അതിലേക്കു് വേണ്ടമുതൽ പട്ടണനിവാസികളിൽ കരംചുമത്തിയും ആവശ്യപ്പെട്ടാൽ കടം വാങ്ങിയും ഉണ്ടാക്കുന്നതിനും മുൻസിപ്പാലിററികൾക്കു അധികാരവും അവകാശവും ഉണ്ടു്.

[Mr. Ittoop Ittichan.]

സംസ്ഥാനത്തെ ചില മുൻസിപ്പൽ പട്ടണങ്ങളിൽ റോഡുകൾ വേണമെന്നും കിണറുകൾ കെട്ടണമെന്നും കടവുകൾ ഉണ്ടാക്കണമെന്നും പ്രജാസഭവഴിയായും മററും ഈ ഗവൺമെൻറിനോടു ആവശ്യപ്പെട്ടപ്പോൾ ഇതൊക്കെ രാജ്യത്തിലെ പൊതുമുതലിൽ നിന്നും നടത്തേണ്ടവയല്ലെന്നും മുൻസിപ്പാലിററികൾ നടത്തേണ്ടവയാണെന്നും ആണ് ഈ ഗവൺമെൻറു പറഞ്ഞിട്ടുള്ളത്. സംസ്ഥാനത്ത് മററു മുൻസിപ്പൽ പട്ടണങ്ങളോടു "നയം, നയം. മുനിസിപ്പൽ ഭരണത്തിൻെറ മൂലധനം രാജ്യതന്ത്രത്തിൻെറ അടിസ്ഥാനതത്വം" എന്നും മററും ഘോഷിക്കാറുള്ള ഈ ഗവൺമെൻറു ഈ തിരുവനന്തപുരം മുൻസിപ്പൽപട്ടണത്തെ സംബന്ധിച്ച് വന്നപ്പോൾ ഈ നയങ്ങളെല്ലാം മറന്നുകളഞ്ഞത് എന്തുകൊണ്ടെന്നു മനസ്സിലാകുന്നില്ല. പെരിയാററിൽ ഒരു പാലം പണിയണമെന്നു ആവശ്യപ്പെട്ട അവസരങ്ങളിൽ എല്ലാം ആ പാലംകൊണ്ടു പറവൂർ താലൂക്കിനും കുന്നത്തുനാട്ടുതാലൂക്കിനും മാത്രമെ ഗുണമുള്ളു എന്നും പാലത്തിന് മൂന്നു നാലുലക്ഷം രൂപാ ചിലവുവരുമെന്നും അത് പൊതുമുതലിൽ നിന്ന് എടുക്കത്തക്കതല്ലെന്നും കൊല്ലത്തിൽ ൭൨,൦൦൦ രൂപാവരവും ൭൭,൦൦൦ രൂപാ ചെലവും ഉള്ള ആലപ്പുഴ മുൻസിപ്പാലിററിക്ക് ൪ ലക്ഷം രൂപാ ഗവൺമെൻറു കടം കൊടുക്കാമെന്നും, പാലം മുൻസിപ്പാലിററിയിൽ നിന്നു പണിയിക്കട്ടെ എന്നും സംസാരിച്ച ഗവൺമെൻറ് ഒരുലക്ഷം രൂപാ വരവുള്ള തിരുവനന്തപുരം മുൻസിപ്പാലിററിയുടെ ചുമലിൽ ഈ ഭാരം ചുമത്താഞ്ഞതു ഗവൺമെൻറിൻെറ നയചാപല്യത്തിൻെറ ഒരു ഉത്തമദൃഷ്ടാന്തമായിട്ടേ ഞാൻ കരുതുന്നുള്ളു. തൽക്കാലകാര്യസാദ്ധ്യത്തിനായി രാജ്യകാര്യതത്വങ്ങളും നിയമങ്ങളും പ്രമാണങ്ങളും മാററിയും മറിച്ചും കൊള്ളിച്ചാൽ ഗവൺമെൻറിൻെറ ഉദ്ദേശശുദ്ധിയിൽ ജനസാമാന്യത്തിനു വിശ്വാസമില്ലാതെ വരുന്നതാണ്.

തിരുവിതാംകൂറിൽ വഴിനീളെ വേലികെട്ടി യാത്രക്കാർക്കും മൃഗങ്ങൾക്കും അന്യായമായ തടസ്സങ്ങൾ ചെയ്തുവരുന്ന ഇപ്പോഴത്തെ ടോൾ ഏർപ്പാടു നിറുത്തണമെന്ന് ജനങ്ങൾ മുറവിളികൂട്ടുകയും ഈ ജനപ്രതിനിധി സഭയിൽ നിശ്ചയം പാസ്സാക്കുകയും ചെയ്തിട്ടു അതു നിറുത്തിയില്ലാ എന്ന് തന്നെയല്ലാ, അടുത്തകൊല്ലം ഈ ഇനത്തിൽ സാരമായ കൂടുതൽ വരവിനു മാർഗ്ഗം ഉണ്ടെന്നു ഫൈനാൻഷ്യൽ സെക്രട്ടറി തൻെറ പ്രസംഗത്തിൽ ആഹ്ലാദിക്കയും ചെയ്യുന്നു. കുനിൽകുരുവെന്നപോലെ ടോളിന് വേണ്ടി ഒരു പാലം തന്നെ പണിതുകളയുന്നതിനും, ഒരു

ടോൾവ്യവസായം തന്നെ നടത്തിക്കളയുന്നതിനും ഗവൺമെന്റ് ഭാവിക്കുന്നതായിതോന്നുന്നു. പൊതുജനങ്ങളുടേയും ഈ സഭയുടേയും അഭിപ്രായത്തിന് എന്തുമാത്രം വില ഇപ്പോഴത്തെ ഗവൺമെന്റ് കല്പിക്കുന്നുണ്ട് എന്നുള്ളതിന്റെ ഒരു മാനദണ്ഡമായിട്ട് ഇതിനെ കരുതാവുന്നതാണ്. പരമ്പരയായി ചവിട്ടും ഇടിയുംകൊണ്ട് കിടക്കുന്ന അസമത്വസമുദായങ്ങളുടെ സങ്കടത്തെയും തലമുറതലമുറയായി അധികാരത്തിലും പ്രാബല്യത്തിലും ഇരിക്കുന്ന സമുദായങ്ങളുടെ ശക്തിയേയും പ്രതിനിധീകരിക്കുന്നതാണ് ഈ നിയമസഭ. സ്വാതന്ത്ര്യപരവും സാമുദായികപരവും ആയതിരമാലകളിൽ അകപ്പെട്ടു ഉഴഞ്ഞുകൊണ്ടിരിക്കുന്നവരാണ് നമ്മുടെ ജനസാമാന്യം. ഇവരുടെയൊക്കെ ചുരുക്കം ചില കാര്യങ്ങളിലുള്ള യോജിപ്പായ അഭിപ്രായങ്ങളെപ്പോലും വകവെക്കാതെ ഇരിക്കുന്നതിന് ഈ ഗവൺമെന്റിന്റെ സാമർത്ഥ്യം തന്നെ മുഴുവനും വേണമെന്നില്ല. അതുപോകട്ടെ; ടോൾ ഇടക്കാലത്തുണ്ടായതാണ്. ജനങ്ങൾക്ക് സങ്കടകരവുമാണ്. അടുത്തകൊല്ലത്തേക്ക് മൂന്നുലക്ഷം രൂപയാണ് ടോൾ ഇനത്തിൽ ബഡ്ജറ്റിൽ വരവ് കൊള്ളിച്ചിട്ടുള്ളത്. അടുത്തകൊല്ലത്തെ സകലചിലവും കഴിച്ച് നാലുലക്ഷത്തിൽപരം രൂപാ മിച്ചമാണല്ലോ ബഡ്ജറ്റിൽ കാണിച്ചിട്ടുള്ളത്. ചിലവിൽ കൂടുതൽ വരവ് വേണമെന്ന് ഗവൺമെന്റ് എന്തിനാഗ്രഹിക്കുന്നു. അടുത്ത ഒരു കൊല്ലമെങ്കിലും ടോൾ നിറുത്തി ജനഹിതത്തേയും ഈ സഭയുടെ അഭിപ്രായത്തെയും ഒരിക്കലെങ്കിലും ഈ ഗവൺമെന്റ് പാലിച്ചാൽ കൊല്ലം ൧൧൦൪-ൽ നമ്മുടെ വഞ്ചിരാജ്യം അറബിക്കടലിൽ മുങ്ങിപ്പോകയില്ലെന്ന് ഞാൻ ഗവൺമെന്റിനോട് ഉറപ്പുപറഞ്ഞുകൊള്ളട്ടെ.

വനത്തിൽനിന്നുമുള്ള വരവ് തൃപ്തികരമല്ലാതെയാണു കാണുന്നത്. തിരുവിതാംകൂറിലെ വനങ്ങളെ ഇതിൽക്കൂടുതൽ ഫലപ്രദങ്ങളാക്കാവുന്നതാണ്. ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റിൽനിന്നും ഇത്തവണ വടക്കൻ തിരുവിതാംകൂറിനോടും പ്രത്യേകിച്ച് കുന്നത്തുനാട്ടുതാലൂക്കിനോടും കാണിച്ചിട്ടുള്ള അനുഭാവമില്ലായ്മ അവിടത്തെ ജനങ്ങൾക്ക് സങ്കടകരമാണ്. ഉദ്ദേശം ൪൦൦ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള കുന്നത്തുനാട്ടുതാലൂക്കിൽ ഗതാഗതസൌകര്യത്തിനും ജലസേചനത്തിനുമായി വളരെ പണികൾ നടത്താനുണ്ട്. അതിൽ ഗവൺമെന്റിന്റേയും ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാരുടേയും ദൃഷ്ടിപതിയേണ്ടതാകുന്നു. കള്ള്, കറുപ്പ്, ഗഞ്ചാവ്, പുകയില ഈ ഇനങ്ങളിൽനിന്നും ഇക്കൊല്ലത്തെക്കാൾ മൂന്നുലക്ഷം രൂപാക്കൂടുതൽ അടുത്തകൊല്ലം ഉണ്ടാകുമെന്ന് ഗവൺമെന്റ്

[Mr. Itoop Ittichan.]

ആശിക്കുന്നു. ജനദ്രോഹകരമായ ഈ വക വ്യവസായങ്ങളിൽ കൂടുതൽ വരവുകാണുന്നതുകൊണ്ട് ഒരു പരിഷ്കൃത ഗവൺമെന്റ് സന്തോഷിക്കയല്ലാവേണ്ടതു്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ആശാസ്യകരമല്ലെന്നും നാട്ടിലെ തൊഴിലില്ലായ്മയുടെ മൂലകാരണങ്ങളിൽ ഒന്നാണെന്നും അതിന്റെ അലകും പിടിയും മാറ്റിപ്പണിയേണ്ടതാണെന്നും ഇതാ പണിയാൻ തുടങ്ങിക്കഴിഞ്ഞുവെന്നും ഈ ഗവൺമെന്റ് ആരംഭത്തിൽ ഘോഷിച്ചതായികേട്ടിട്ടുണ്ട്. മലയാളി ഗ്രാഡ്യുവേറ്റന്മാരുടെ സങ്കടത്തിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതാണെന്ന് ഈ സഭ അഭിപ്രായപ്പെട്ടിട്ട് നാളുകൾ എത്രകഴിഞ്ഞു. അതുപോലെ തന്നെ വ്യവസായപരമായും എന്തെങ്കിലും ചെയ്യാൻ ഗവൺമെന്റ് പോകുന്നു എന്നും ഭാവിച്ചു. ഈ വിഷയങ്ങളിൽ കാര്യമായി നാളിതുവരെ ഒന്നും ചെയ്യാൻ ഗവൺമെന്റിനെകൊണ്ട് സാധിക്കാത്തതു് കഷ്ടംതന്നെ. വാഗ്ദത്തം മാത്രം കുലധർമ്മമായി സ്വീകരിച്ചിട്ടുള്ളതുപോലെ തോന്നുന്ന ഇന്നത്തെ ഗവൺമെന്റ് എല്ലാം ഓങ്ങിവെയ്ക്കുകമാത്രമേ ചെയ്യുകയുള്ളു എന്നു ജനസാമാന്യം സംശയിക്കുന്നതിൽ അത്ഭുതപ്പെടാനില്ല.

ഫൈനാൻഷ്യൽ സെക്രട്ടറിയുടെ ഭാഷയിൽ കൃഷിയും വ്യവസായവും മൈനർ ഡിപ്പാർട്ടുമെന്റുകളാണ്. ഈ നാട്ടിലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ കൃഷിക്ക് ഈ സ്ഥാനം ഗവൺമെന്റിൽനിന്നും കല്പിച്ചുകൊടുത്തതു എന്തുകൊണ്ടാണെന്നറിയുന്നില്ല. കൃഷിഡിപ്പാർട്ടുമെന്റുകൊണ്ടു ആശിച്ച ഗുണങ്ങൾ കിട്ടായ്കകൊണ്ടാണോ കൃഷിവകുപ്പിനെ മൈനർ ആക്കിയതെന്നും അറിയുന്നില്ല. അനേകായിരം രൂപ ഈ വിഷയത്തിനുവേണ്ടി ഗവൺമെന്റ് കൊല്ലംതോറും ചിലവാക്കുന്നുണ്ടെങ്കിലും അതുകൊണ്ടു പറയത്തക്കഗുണം നാട്ടിലെ കൃഷിക്കൊ കൃഷീവലന്മാർക്കോ ലഭിക്കുന്നതായി എനിക്കറിവില്ല. എല്ലാ കാര്യങ്ങളിലും നമ്മുടെ സ്വദേശത്തു് വിദേശികൾ ആണല്ലൊ. നമ്മുടെ നാട്ടിൽ വച്ചു നമ്മുടെ നാട്ടുകാരോടു നമ്മുടെ നാട്ടുകാര്യം പ്രതിപാദിക്കുന്നതിനും പറയുന്നതിനും ഒരു പരദേശഭാഷകടംവാങ്ങാൻ ഇടവരുന്നതും പറയുന്നവനും കേൾക്കുന്നവനും ഓരോതർജ്ജിമക്കാർ ആവശ്യമായിവന്നിട്ടുള്ളതും കലികാലവൈഭവം എന്നല്ലാതെ എന്തുപറയട്ടെ. അതുപോലെ തന്നെ നമ്മുടെ കൃഷിഡിപ്പാർട്ടുമെന്റിലും ഒരു വിദേശീയത്വം ചുവയ്ക്കുന്നുണ്ട്. കൃഷിഡിപ്പാർട്ടുമെന്റ് നമ്മുടെ നാട്ടിലെ കൃഷിയോടും കൃഷീവലന്മാരുടെ സാഹചര്യങ്ങളോടും സഹകരിക്കുന്നതിനു പകരം കൃഷിയും കൃഷിസ്ഥല

ങ്ങളും കൃഷിവലന്മാരും ഡിപ്പാർട്ടുമെൻറിൽ നിന്നും ഉരുപ്പിടിച്ചിട്ടുള്ള മൂശകളിൽ ഉരുകിവീഴണമെന്നാണ് സംഗതികളുടെ ഗതി. നമ്മുടെ കൃഷികന്മാരുടെ അഭിവൃദ്ധിക്ക് സർവ്വതടസ്സമായും ഇപ്പോഴും നിൽക്കുന്നതു് അവരുടെ ധനമില്ലായ്മയും ഋണബാദ്ധ്യതയും ആകുന്നു. വസ്തുക്കൾ ഈടുകൊടുത്തു ചുരുങ്ങിയ പലിശയ്ക്കു് കാലാവധിവെച്ചു് പണം ലഭിക്കത്തക്കവണ്ണം വല്ല കൃഷിബാങ്കുകളും ഗവണ്മെൻറിൽനിന്നും ഏർപ്പെടുത്തി നാട്ടിലെ കൃഷിക്കാരെ രക്ഷിക്കേണ്ട കാലം വളരെ കവിഞ്ഞിരിക്കുന്നുവെന്നു് ഒരു കർഷകൻെറ നിലയിൽ അനുഭവസ്ഥനായി ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. കൃഷിയുടെ അഭിവൃദ്ധിക്ക് തടസ്സമായിനിൽക്കുന്ന വേറൊരു കാരണം റവന്യൂ ഡിപ്പാർട്ടുമെൻറുകാരുടെ തോന്ന്യാസങ്ങളാണ്. കൃഷിക്കുപയുക്തമായ വളരെ ഭൂമികൾ വെറും തരിശായിട്ടും റിസർവായിട്ടും കിടപ്പുണ്ടു്. നാട്ടുകാർക്ക് ഭൂമിപതിച്ചുകിട്ടുന്നതിനുള്ള പ്രയാസങ്ങളും പ്രതിബന്ധങ്ങളും പുതുവൽ തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതികളും കൊണ്ടു് കൃഷിക്കു വല്ലവരും ശ്രമിച്ചാൽ ഉള്ള പണവും കൂടി കണ്ടുവർ പിടിച്ചുപറിക്കുന്നതായിട്ടാണു കാര്യങ്ങളുടെ കിടപ്പു്. ഈ വക സർവ്വപ്രധാനങ്ങളും ജനക്ഷേമകരങ്ങളും ആയ കാര്യങ്ങളിൽ ശ്രദ്ധപതിക്കാതെ സാധുക്കളായ ജനങ്ങളിൽനിന്നും ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന പണത്തെ ഏതാനും വലിയ ഉദ്യോഗസ്ഥന്മാക്കു് വീതിച്ചുകൊടുത്തു് സമുദായശക്തിയേയും ആൾബലത്തേയും നോക്കി ഉദ്യോഗവിതരണം ചെയ്യുന്നതു് ഒരു പ്രധാനതൊഴിലായി ഗവണ്മെൻറു് വർത്തിക്കാൻ തുടങ്ങിയാൽ നമ്മുടെ നാട്ടിൻെറ ഭാവിയെപ്പററി വ്യസനിക്കാതെ ഗത്യന്തരമില്ല. ആയതിനാൽ മേൽപ്രസ്താവിച്ച സംഗതികളെപ്പററി ഗവണ്മെൻറ് കാര്യമായിതന്നെ ചിന്തിച്ചു ആ വക ന്യൂനതകളെ പരിഹരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, ഈ സഭ മുൻപാകെ ഫൈനാൻഷ്യൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള ആയവ്യയ കണക്കു് നല്ലപോലെ പരിശോധിച്ചെങ്കിലും ആയതു് ഒട്ടുംതന്നെ ആശാജനകമൊ അഭിവൃദ്ധികരമൊ ആയിരിക്കുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ൧൦൯൪-ൽ ഈ രാജ്യത്തെ വരവു ൧൭൪ ലക്ഷം രൂപായായിരുന്നു. അടുത്ത കൊല്ലത്തേക്കു പ്രതീക്ഷിച്ചിട്ടുള്ള വരവു ൨൩൯ ലക്ഷംരൂപായാണു്. ഈ കണക്കിനു കഴിഞ്ഞ ൧൦ കൊല്ലങ്ങൾക്കിടയിൽ വരവിൽ ൬൫ ലക്ഷംരൂപാ ഇവിടെ വർദ്ധിച്ചിട്ടുള്ളതായികാണുന്നു. ഇതു പക്ഷെ പലക്കും സന്തോഷകരമായിതോന്നിയേക്കാം. എന്നാൽ ഈ വരവുകളെല്ലാം ഇനങ്ങളിലായിട്ടാണു് വർദ്ധിച്ചിരിക്കുന്നതെന്നു പരിശോധിക്കുമ്പോൾ അ

[Mr. Muruvelil Pachu Pillai.]

ത്രതന്നെ സന്തോഷത്തിനു വകയുണ്ടായിരിക്കുമൊ എന്നു സംശയമാണു്. വരവു ഇനത്തിലുള്ള ഒരു വലിയതുക എക്സൈസു ഡിപ്പാർട്ടുമെൻറിൽ നിന്നു കിട്ടുന്നതാണു്. ഈ വകുപ്പിൽ നിന്നും അടുത്ത കൊല്ലത്തിൽ ൧൯,൭൫,൪൦൦ രൂപാ കിട്ടുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിൽ ൯൫,൦൪,൦൦൦ രൂപായും കള്ളു് ഇനത്തിൽ നിന്നാണു ലഭിക്കുന്നതു. എക്സൈസുവകുപ്പിൽ നിന്നുള്ള മൊത്തം വരവു ൧൦൨-ൽ ൧൨,൩൧,൫൦൦ രൂപായായിരുന്നതു ൧൦൩-ൽ മേൽ വിവരിച്ച പ്രകാരം ഏഴു ലക്ഷത്തിലധികം രൂപാ കൂടുതലായിരിക്കുമെന്നു കാണുന്നതു് ഗവൺമെൻറു അംഗീകരിച്ചിട്ടുള്ള മദ്യവർജ്ജനനയത്തെ ആദരിച്ചു നോക്കുന്നതായാൽ ഒട്ടും തന്നെ അഭിനന്ദിക്കതക്കതായിരിക്കുന്നില്ലാ. മദ്യവർജ്ജനം പ്രായോഗികമാക്കുന്നതിനു് ഗവൺമെൻറു അംഗീകരിച്ചിട്ടുള്ള നയങ്ങളിൽ ഒന്നു ഓരോ ലേലകാലത്തും കള്ളു ഷാപ്പുകളുടെ എണ്ണം ഒരു നിശ്ചിതശതമാനം കുറക്കുക എന്നുള്ളതാണു്. എന്നാൽ ഇതോടുകൂടി ഓരോ ഷാപ്പിലേക്കും ചെത്താവുന്ന വൃക്ഷങ്ങളുടെ പരമാവധി എണ്ണത്തെ സംബന്ധിച്ചു ഗവൺമെൻറു ഇതേവരെ യാതൊരു ക്ലിപ്തവും ചെയ്തിട്ടില്ലാ. ഇതുകൊണ്ടു ഷാപ്പുകളുടെ എണ്ണം കുറച്ചാലും ഓരോ ഷാപ്പിലേക്കും ചെത്താവുന്ന വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്താതിരിക്കുന്നിടത്തോളം ഗവൺമെൻറു ഇപ്പോൾ അനുവർത്തിച്ചുവരുന്നനയം കൊണ്ടു ഗണ്യമായ പ്രയോജനമുണ്ടാകുന്നതല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിനാൽ കള്ളുഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതോടുകൂടി തന്നെ ആ ഷാപ്പിലേക്കു ചെത്തിവന്നിരുന്ന വൃക്ഷങ്ങളും കുറയ്ക്കേണ്ടതും ഓരോ ഷാപ്പിലേക്കും ചെത്താവുന്ന വൃക്ഷങ്ങളുടെ പരമാവധി എണ്ണം ഇത്ര എന്നു ക്ലിപ്തപ്പെടുത്തേണ്ടതും ആവശ്യമായിരിക്കുന്നു.

വരവിനുള്ള മററു ഇനങ്ങൾ പുതുവൽ തറവില കസ്റ്റംഡ്യൂട്ടി, സ്റ്റാമ്പുഡ്യൂട്ടി, സാൾട്ടുഡ്യൂട്ടി, രജിസ്ട്രേഷൻഫീസ്, ആദായനികുതി, കോർട്ടുഫീസ്, സ്കൂൾഫീസ്, അഞ്ചൽകൂലി, ടോൾ, ലൈസൻസ്ഫീസ്, മാർക്കററുഫീസു, മുൻസിപ്പൽകരം മുതലായവയാണു്. ഇവയിൽ പലതും പ്രതിനിധി സഭകളുമായി ആലോചിക്കയൊ അവയുടെ അഭിപ്രായം അറിയുകയൊ ചെയ്യാതെ ഗവൺമെൻറിൽ നിന്നു അപ്പോഴപ്പോൾ നടപ്പാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ഇതിനെപ്പററി പൊതു ജനങ്ങൾക്കുള്ള വൈപരീത്യം നിയമസഭമുഖേന പ്രത്യക്ഷപ്പെട്ടാലും, ഗവൺമെൻറു ഇവരുടെ അഭിപ്രായത്തെ ആദരിക്കുന്നതായി കാണുന്നില്ലാ. ടോൾ നിറുത്തുകയും അഞ്ചൽ കൂലി കുറക്കുകയും ചെയ്യേണ്ടതി

നെപ്പററി ഈ സഭ അംഗീകരിച്ച പ്രമേയങ്ങളേസംബന്ധിച്ച ഗവണ്മെൻറിൽ നിന്നും ഇതേവരെ യാതൊന്നും പ്രവൎത്തിച്ചിട്ടില്ലെന്നു കാണുന്നതു തന്നെ ഇതിലേക്കു മതിയായ ഉദാഹരണമാണ്.

ഇപ്രകാരം നികുതിഭാരങ്ങൾ ഈ രാജ്യവാസികൾക്കു ന്യായമായി വഹിക്കാവുന്നതിലധികം ഇപ്പോൾ വൎദ്ധിച്ചു പോയിരിക്കുന്നു. ൪൦ ലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഈ രാജ്യത്തു മുൻപറഞ്ഞ കണക്കനുസരിച്ചു നോക്കുന്നതായാൽ ഒരാൾക്കു ശരാശരി ൩ രൂപാവീതം ഇപ്പോൾ നികുതി വരുന്നുണ്ടെന്നു കാണാം. ഇവിടെ ഒരാൾക്കു ആണ്ടിൽ എന്തു വരുമാനമുണ്ടെന്നു ശരിയായി അറിയുന്നതിനു ഔദ്യോഗികമായ കണക്കുകൾ ഒന്നും ഇതേ വരെ ഉണ്ടായിട്ടില്ലാ. എങ്കിലും ഉദ്ദേശം ഇവിടെ ഒരാൾക്കു ആണ്ടിൽ ൫൦ രൂപാ ശരാശരി വരുമാനമുണ്ടായിരിക്കുമെന്നു അനുമാനിക്കാം. ഇംഗ്ലണ്ടിൽ ഒരാളിൻെറ വരവു പ്രതിവൎഷം ൬൫൦ രൂപായും കാനഡായിൽ ൩൧൦ രൂപായും അമേരിക്കൻ ഐക്യനാടുകളിൽ ൧,൦൮൦ രൂപായും ആണെന്നു കാണുന്നു. ഇതിനോടു സാമ്യപ്പെടുത്തി നോക്കിയാൽ ഈ രാജ്യത്തെ ജനങ്ങളുടെ ദാരിദ്ര്യസ്ഥിതി ആൎക്കും ബോധപ്പെടാവുന്നതാണ്. ഈ നിലയിൽ ഇവിടത്തെ ജനങ്ങളുടെ ധനസ്ഥിതി ശരിയായി അറിയുന്നതിനും അതിനെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള മാൎഗ്ഗങ്ങൾ കണ്ടു പിടിക്കുന്നതിനും ഉപയുക്തമായി തീരത്തക്കവണ്ണം ഇവിടെ ഒരു എക്കണാമിക്ക് സൎവ്വേ നടത്തേണ്ടതു എത്രയും ആവശ്യമാണ്.

ഇനി ചിലവു ഇനങ്ങളിൽ ചിലതിനെ പരിശോധിക്കാം. ഈ ഇനത്തിലുള്ള ഒരു വലിയ തുക ബഡ്ജററിൽ ചേൎത്തു കാണുന്നതു പൊതു മരാമത്തുപണികൾക്കുള്ളതാണ്. ഇതിലേക്കു ൧൦൪-ൽ ൪൦,൩൦,൬൦൦ രൂപാ ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമെ മൂലധനത്തിൽ നിന്നും ൩൪ ലക്ഷം രൂപാ, റെയിൽവെ, വാട്ടർവൎക്ക്സ്, എലക്ട്രിക്ക്ലൈററ്, ടെലിഫോൺ, നീണ്ടകരപ്പാലം മുതലായവകൾക്കായും ബഡ്ജററിൽ ചേൎത്തുകാണുന്നുണ്ട്. ഇപ്രകാരം പൊതു മരാമത്തു പണികൾക്കു മൊത്തത്തിൽ ൬൦ ലക്ഷം രൂപാ അടുത്ത വൎഷത്തിൽ ചിലവു ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതു അഭിനന്ദനീയമായിരിക്കുന്നു. കഴിഞ്ഞ ൧൦ വൎഷങ്ങളായി ഇവിടെ പൊതുമരാമത്തു പണികൾക്കു ആണ്ടിൽ ശരാശരി ൩൦ ലക്ഷത്തിലധികം രൂപാ ചിലവു ചെയ്തു വന്നിരുന്നതായി കാണുന്നില്ലാ. എന്നു മാത്രമല്ലാ ഈ കാലത്തിനിടക്കു ചില ആണ്ടുകളിൽ അധികചിലവിനെ നിരോധിക്കുന്നതിനും

[Mr. Muruvelil Pachu Pillai.]

നീക്കിഇരിപ്പു കുട്ടികാണിക്കുവാനും വേണ്ടി പൊതുജനോപകാരപ്രദങ്ങളായ മരാമത്തു പണികൾക്കുള്ള സംഖ്യയിൽ സാരമായ കുറവുകൾ വരുത്തീട്ടുണ്ടെന്നും മുൻ ആണ്ടുകളിലെ കണക്കുകൾ പരിശോധിച്ചാൽ കാണ്മാൻ കഴിയും. ഈ നയത്തെ നിശ്ശേഷം പരിത്യജിച്ചു, ഇപ്പോൾ ഗവണ്മെന്റിൽ നിന്നും ജനങ്ങളുടെ സഞ്ചാരസൗകര്യത്തെയും സുഖജീവിതത്തെയും വർദ്ധിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചുകാണുന്നതു് സന്തോഷപ്രദമായിട്ടുള്ളതാണു്. ഈ കൂട്ടത്തിൽ അനേകകാലമായി ഉപേക്ഷിക്കപ്പെട്ടു കിടന്നിരുന്ന ചേർത്തല താലൂക്കിലേക്കും ഗണ്യമായ ഒരു സംഖ്യ ബഡ്ജററിൽ ചെലുത്തുകാണുന്നതിൽ, ൨,൩൦,൦൦൦ ജനങ്ങൾ അധിവസിച്ചു വരുന്ന ആ താലൂക്കുകാർക്കു ഗവണ്മെന്റിനോടുള്ള കൃതജ്ഞത അവരുടെ പ്രതിനിധി എന്ന നിലയിൽ ഈ സന്ദർഭത്തിൽ ഞാൻ ഇവിടെ പ്രകാശിപ്പിച്ചു കൊള്ളുന്നു. പൊതുമരാമത്തു വേലകൾക്കു നീക്കിവയ്ക്കുന്ന സംഖ്യ മുഴുവനും അതാതാണ്ടിൽ തന്നെ ചിലവാകുന്നതിനു ഇവിടെ അധികൃതന്മാർ ഇതിനുമുൻപു അത്ര തന്നെ ശ്രദ്ധിക്കാറുണ്ടായിരുന്നില്ലാ. ഈ നയത്തിനു വിരോധമായി ഈ വകുപ്പിലേക്കു ഈ കൊല്ലത്തിൽ ആദ്യം അനുവദിച്ച മുഴുവൻ സംഖ്യയും ഇതിനു പുറമെ രണ്ടു ലക്ഷത്തിൽ പരം രൂപാ കൂടുതലായും ഇയ്യാണ്ടിൽ ചിലവുവരുമെന്നു കാണുന്നതിൽ ഈ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനെ പ്രത്യേകം അനുമോദിക്കേണ്ടിയിരിക്കുന്നു.

രാജ്യഭണ്ഡാരത്തെ ശോഷിപ്പിക്കുന്ന മറെറാരു പ്രധാനവകുപ്പു ഇവിടത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റാണു്. ഈ ഡിപ്പാർട്ടുമെന്റിലേക്കു വരുന്ന കൊല്ലത്തിൽ ൩൮൯ ലക്ഷത്തിലധികം രൂപാ ചിലവു ചെയ്യുവാൻ നീക്കിവച്ചിരിക്കുന്നതായി കാണുന്നു. ഇൻഡ്യയിലുള്ള നാട്ടുരാജ്യങ്ങളെ അപേക്ഷിച്ചു തിരുവിതാംകൂർ വിദ്യാഭ്യാസവിഷയത്തിൽ വളരെ മുന്നിട്ടുനിൽക്കുന്ന ഒരു രാജ്യമാണെന്നു നമുക്കു അഭിമാനിക്കുവാൻ വകയുണ്ടെങ്കിലും, ഈ ഇനത്തിലുള്ള ചിലവു നമുക്കു വഹിക്കുവാൻ നിവൃത്തി ഇല്ലാത്തവിധം ആണ്ടുതോറും വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ ചിലവു വർദ്ധനയെപ്പററി ൧൧൦൧-ലെ ബഡ്ജററു പ്രസംഗത്തിൽ ഫൈനാൻഷ്യൽ സെക്രിട്ടറിഇപ്രകാരംപ്രസ്താവിച്ചു കാണുന്നു.

"Before I conclude I must refer to one important subject which I think should engage our early attention. I refer to the staggering growth of our expenditure on Education. In 1085 our gross expenditure on education amounted to Rs. 7·55 lakhs the receipts to Rs. 1·71 lakhs and the net expenditure was Rs. 5·84 lakhs. In 1091 our gross expenditure was 20·03 lakhs and the net expenditure after deducting the receipt was Rs. 15·69 lakhs. For 1101 our gross expenditure is estimated at Rs. 38·9 lakhs, the receipt at Rs. 8·08 lakhs and the net expenditure at Rs. 30·87 lakhs. Thus within the last 16 years the expenditure on education has increased by 528 per cent. This disproportionate growth cannot but be viewed with serious misgivings."

ഫൈനാൻഷ്യൽസെക്രിട്ടറിയുടെ അഭിപ്രായം ഇപ്രകാരമാണെന്നിരുന്നാലും ഒരു രാജ്യത്തെ ജനങ്ങളുടെ സാമൂഹ്യവും സന്മാൎഗ്ഗികവും ആയ സകല അഭിവൃദ്ധിയും ആ രാജ്യവാസികളുടെ വിദ്യാഭ്യാസസ്ഥിതിയെ ആശ്രയിച്ചിരിക്കുമെന്നുള്ളതിനാൽ ആ വിഷയത്തിൽ വരുന്ന അധികച്ചിലവു എത്രതന്നെ ആയിരുന്നാലും അതിനെ പരിഗണിച്ചു ആവക ചിലവുകളെ കുറക്കുകയൊ ഉപേക്ഷിക്കുകയൊ ചെയ്യുന്നതു ഒരു പരിഷ്കൃത ഗവൎമ്മെന്റിനുയോജിച്ച നയമായിരിക്കുകയില്ലാ. ഈ തത്വത്തെ ആസ്പദമാക്കി ഈതവണയും വിദ്യാഭ്യാസവകുപ്പിലേക്ക് വേണ്ടിടത്തോളം പണം ബഡ്ജറ്റിൽ ചേൎത്തിട്ടുണ്ടെന്ന് കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. എന്നിരുന്നാലും ഇവിടെ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസം കേവലം സാഹിത്യപരമായിരിക്കുന്നതുകൊണ്ടു മനുഷ്യന്റെസുഖജീവിതത്തിനു ആവശ്യമായ തൊഴിലും ആദായവും ലഭിക്കുന്നതിന് അത് വേണ്ടുവോളം പ്രയോജനപ്പെടുന്നില്ലെന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ലാ. ഈ രാജ്യത്തു് ഇപ്പോൾ അധികംപേരും വിദ്യാഭ്യാസം ചെയ്യുന്നതു് ഉദ്യോഗലാഭത്തെ ഉദ്ദേശിച്ചു മാത്രമാണ്. എന്നാൽ ഉദ്യോഗങ്ങളുടെ എണ്ണം പരിമിതമാകയാൽ വിദ്യാഭ്യാസം ചെയ്യുന്നവൎക്കെല്ലാവൎക്കും ഉദ്യോഗം ലഭിക്കുവാൻ പ്രയാസമാണ്. ഇതുനിമിത്തം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിൽതന്നെ തൊഴിൽ ഇല്ലാത്തവരുടെ എണ്ണം സീമാതീതമായി വൎദ്ധിച്ചുവരുന്നു. തൊഴിലില്ലായ്മകമ്മിററിറിപ്പോൎട്ടുപ്രകാരം വി. എസ്സ്. എൽ. സി. പരീക്ഷയിൽ പാസായിട്ടുള്ളവർ ഉൾപ്പെടെ പ്രതിവൎഷം ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉദ്യോഗാൎത്ഥികളിൽ പുരുഷന്മാർ ൩,൫൦൦-ം സ്ത്രീകൾ ൪൫൦-ം ആണ്. ഇവരിൽ ഉദ്യോഗം കിട്ടുന്നവരുടെ എണ്ണം കഴിച്ച് തൊഴിലില്ലാതാകുന്ന ബി. ഏ. ക്കാർ ൧൨൦-ം ഇ. എസ്സ്. എൽ. സി. ക്കാർ ൧൩൨൦-ം വി. എസ്സ്. എൽ. സി. ക്കാർ ൯൩൨-ം ഉണ്ടെന്നു കാണുന്നു. വക്കീലന്മാരുടെ ഇടയിലും തൊഴിലില്ലായ്മ നാൾക്കുനാൾ വൎദ്ധിച്ചുവരികയാണ്. കഴിഞ്ഞ ആറുവൎഷങ്ങൾക്കിടയിൽ കേസുകളുടെ എണ്ണം ൧൨ ശതമാനമെ കൂടിയിട്ടുള്ളു എങ്കിലും വക്കീലന്മാരുടെ എണ്ണം ൫൦ ശതമാനമായി വൎദ്ധിച്ചിട്ടുണ്ടു്. പരീക്ഷാവിജയികളല്ലാത്തവരുടെ ഇടയിലും തൊഴിൽ ഇല്ലായ്മ നാൾക്കുനാൾ വൎദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. ജീവിതമത്സരത്തിൽ വിജയം നേടുന്നതിനു നിവൃത്തിയില്ലാതെ അലഞ്ഞുതിരിയുന്ന ഇവരുടെ ദുരവസ്ഥക്കു് തക്കതായ നിവാരണോപായങ്ങൾ കണ്ടുപിടിക്കേണ്ടതു് ഗവൎമ്മെന്റിന്റെ ചുമതലയാണ്. അതിനാൽ ഇന്നത്തെ

[Mr. Muruvelil Pachu Pillai.]

വിദ്യാഭ്യാസ സമ്പ്രദായത്തെ ആകമാനം പരിശോധിച്ച് കാലോചിതമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുവാൻ ഒരു കമ്മിററിയെ നിയമിക്കേണ്ടതു് എത്രയും അത്യാവശ്യമാകുന്നു.

ഈ രാജ്യത്തെ തൊഴിൽ ഇല്ലായ്മയെ പരിഹരിക്കുന്നതിനും ജനസാമാന്യത്തിന്റെ സുഭിക്ഷമായ ജീവിതത്തിനും ഉത്തമമായ മാർഗ്ഗം കൃഷിവ്യവസായങ്ങളെ കാലോചിതമായി പരിഷ്കരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുകയാകുന്നു. ഈ വിഷയത്തിൽ ഗവൺമെന്റു അതിന്റെ ഗൌരവത്തിനു തക്കവണ്ണം ശ്രദ്ധ പതിക്കുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ രാജ്യത്തു ഭൂരിപക്ഷം ജനങ്ങളുടെയും കാലക്ഷേപത്തിനുള്ള പ്രധാന തൊഴിൽ കൃഷിയാണ്. ഇവിടെ ജനസംഖ്യ ക്രമേണ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതെങ്കിലും അതിനനുസരണമായി കൃഷിസ്ഥലങ്ങളുടെ വ്യാപ്തി വർദ്ധിക്കുന്നില്ല. അതിനാൽ ഉള്ള സ്ഥലത്തു നിന്നുതന്നെ കൂടുതൽ വിളവുകിട്ടത്തക്കവണ്ണം ശാസ്ത്രീയമായ കൃഷി നടത്തേണ്ടതു് ആവശ്യമായിരിക്കുന്നു. ഇതിലേക്കു വേണ്ടുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും മാതൃകകൾ കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതു് കൃഷിഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണു. ഇപ്രകാരം കൃഷിചെയ്യുന്നതായാൽ ഈ രാജ്യത്തെ ജനങ്ങൾക്കു ആവശ്യമുള്ള ആഹാരസാധനങ്ങൾ ഇവിടെതന്നെ ഉണ്ടാക്കുവാൻ കഴിയുന്നതാണ്. എന്നാൽ ഇവിടെ കഴിഞ്ഞവർഷത്തിൽ രണ്ടുകോടിരൂപായ്ക്കുള്ള നെല്ലും അരിയും ഇറക്കുമതി ചെയ്യേണ്ടിവന്നു എന്നു് കാണുന്നതു് ശോചനീയമായിരിക്കുന്നു. ഇതിനെ പരിഹരിക്കുവാൻ Experimental, Demonstration Irrigation മുതലായ എല്ലാവകയ്ക്കും കൂടുതൽപണം അനുവദിക്കേണ്ടതാണ്. കൃഷിഡിപ്പാർട്ടുമെന്റിലേക്ക് ൧൦൪-ൽ ചിലവുചെയ്യുവാൻ നീക്കിവച്ചിട്ടുള്ളതു് ൨,൩൨,൭൦൦ രൂപായാണ്. എന്നാൽ ൧൦൯൨-ൽ ഈ ഡിപ്പാർട്ടുമെന്റിലേക്ക് ൬൯,൪൪൦ രൂപാ അനുവദിച്ചിരുന്നതായി കാണുന്നു. അതിനുശേഷം ൧൨ കൊല്ലങ്ങൾ കഴിഞ്ഞിട്ടും പ്രധാനപ്പെട്ട ഈ ഡിപ്പാർട്ടുമെന്റിലേക്ക് കൂടിവന്ന തുക ൧,൬൬,൧൦൦ രൂപാമാത്രമാകുന്നു. ജനസംഖ്യ മുതലെടുപ്പു മുതലായവയെ സാമ്യപ്പെടുത്തിനോക്കിയാൽ കർഷകപ്രധാനമായ ഈ രാജ്യത്തു നവീന കൃഷിസമ്പ്രദായങ്ങൾ ജനങ്ങളെ മനസ്സിലാക്കുവാനും വിളവു വർദ്ധിപ്പിക്കുവാനും വേണ്ടി ചിലവുചെയ്യുന്ന തുക തുലോം തുച്ഛമായിട്ടുള്ളതാകുന്നു.

കൃഷിപോലെതന്നെ വ്യവസായവും ജനങ്ങളുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനും സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഉപയുക്തമായ ഒരു ഡിപ്പാർട്ടുമെൻറാണ്. ഈ ഡിപ്പാർട്ടുമെൻറിലേക്ക് ആണ്ടുതോറും അനുവദിച്ചുകൊടുക്കുന്ന പണംകൊണ്ടു ഗണ്യമായ യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല. ഇതിനെ യഥോചിതം പരിഷ്കരിച്ച് പൊതുജനങ്ങൾക്കു പ്രയോജനകരമായും രാജ്യക്ഷേമത്തിനു നിദാനമായും നടത്തുവാൻ ഗവർമെൻറു വിചാരിക്കുന്നില്ലെങ്കിൽ ഈ വകക്ക് ഇപ്പോൾ ചെലവുചെയ്യുന്ന സംഖ്യ വൃഥാ നഷ്ടപ്പെടാതെ ഈ ഡിപ്പാർട്ടുമെൻറു നിറുത്തൽചെയ്യുന്നതു നന്നായിരിക്കും.

ഈ വകക്ക് എല്ലാം ഇപ്പോഴത്തേതിൽ കൂടുതലായി പണം ചെലവുചെയ്യുന്നതിന് ഗവർമെൻറിൻെറ കോശസ്ഥിതി അനുവദിക്കുന്നില്ലെന്ന് സമാധാനം പറയുമായിരിക്കും. എന്നാൽ അനാവശ്യമായി അനവധി പണം ഇപ്പോൾ ഗവർമെൻറു പല കാര്യങ്ങൾക്കും ചെലവുചെയ്യുവരുന്നുണ്ട്. ഈ രാജ്യത്തെ മുതലെടുപ്പിൽ എത്രയും ഭീമമായ ഒരു തുക സർക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളംവകക്കായി ചെലവാക്കുന്നു. പ്രതിവർഷം ൭ ൦ ലക്ഷം രൂപായോളം, ഇപ്പോൾ ഈ വകക്ക് ചെലവാകുന്നുണ്ട്. ൪ ൦ ലക്ഷം ജനങ്ങൾ അധിവസിക്കുന്നതും ൨ കോടിരൂപാ മുതലെടുപ്പുള്ളതും ആയ ഈ രാജ്യത്ത് ഇത്ര വൻപിച്ചതുക ശമ്പളംവകക്കു ചെലവുചെയ്യുന്നതു സാഹസമാണ്. എന്നിരുന്നിട്ടും പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ തുടങ്ങിയുള്ള ജീവനക്കാർക്കു ശമ്പളം കൂട്ടിക്കൊടുക്കുവാൻ സാധിക്കുന്നില്ല. ഇതു് ഈ ഇനത്തിൽ അധികഭാഗവും ഉയന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളംവകക്കായി ചിലവുചെയ്യുന്നതുകൊണ്ടാണ്. ഉദ്യോഗങ്ങൾക്ക് ആളുകളെ നിയമിക്കുന്നതിനു പകരം ആളുകൾക്ക് വേണ്ടി ഉദ്യോഗങ്ങൾ സൃഷ്ടിക്കുക ഇവിടെ ഒരു സാധാരണനയമായി തീൎന്നിട്ടുണ്ടെന്നും പറയപ്പെടുന്നു. ജനപ്രതിനിധികൾക്ക് അവർ അർഹിക്കുന്ന അധികാരങ്ങളും അവകാശങ്ങളും നൽകി ഉത്തരവാദിത്വഭരണം സ്ഥാപിക്കുന്നതോടുകൂടിയല്ലാതെ ഇതിനു ഒന്നിനും സമാധാനമുണ്ടാകുന്നതല്ല. അചിരേണ എങ്കിലും ആ സ്ഥാപനസൃഷ്ടിയിലേക്കു ഗവർമെൻറിൻെറ ശ്രദ്ധ പതിയുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കട്ടെയൊ?

MR. THAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഞാൻ ആദ്യമായി പ്രജാക്ഷേമതല്പരയും ഐശ്വര്യവതിയുമായ മഹാറാണിറീജൻറു തിരുമനസ്സിലെ തൃപ്പാദങ്ങളെ ഭക്തിപൂർവ്വം പൂജിക്കയും സ്വദേശസ്നേഹി

[Mr. Thamarapallil Kochutomman.]

യും രാജഭക്തന്മാരുമായ അവിടത്തെ പേരിൽ എനിക്കുള്ള സ്നേഹബഹുമാനത്തെ പ്രദർശിപ്പിക്കയും എന്നെ വരണംചെയ്തയച്ചിട്ടുള്ള നിയോജകമണ്ഡലത്തിന്റെ ദാക്ഷിണ്യത്തെ നന്ദിപൂർവം അംഗീകരിക്കുകയും ചെയ്തുകൊള്ളട്ടെ.

രാജ്യത്തെ മുതലെടുപ്പ് അങ്ങേ പൂർവികന്മാരുടെ ഭരണകാലങ്ങളെ അപേക്ഷിച്ചു വളരെ കൂടുതലായി വർദ്ധിച്ചിരിക്കുന്നു എന്ന് ആയവ്യയഗണപത്രികയിൽനിന്നും മനസ്സിലാകുന്നതിൽ രാജ്യത്തിന്റെ നന്മയെ ആകാംക്ഷിക്കുന്ന ജനപ്രതിനിധികളായ ഞങ്ങൾക്കു വളരെ ആഹ്ലാദത്തിനു വകയുണ്ട്.

ദിവാൻ നാണുപിള്ള അവർകളുടെ ഭരണശേഷം പിൻഗാമിയായ അങ്ങയുടെ ഈ ഭരണകാലത്തു രാഷ്ട്രീയമായും സാമുദായികമായും കാർഷികമായും അഭിവൃദ്ധിയുണ്ടാകുമെന്നുള്ള ജനങ്ങളുടെ ആഗ്രഹം അസ്ഥാനത്തിലാകയില്ലെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ൧൦൯൬ മുതൽ ൧൧൦൩ വരെ രാജ്യത്തിനുണ്ടായിരുന്ന ക്രമാഗതമായ വരവുപോലെതന്നെ ൧൧൦൪-ലെ വരവും വർദ്ധിച്ചതായി കാണുന്നു. ഈ വർദ്ധമാനമായ വരവിൽ ഞങ്ങൾ സന്തോഷിക്കുന്നു എങ്കിലും ജനങ്ങൾക്കു വഹിക്കത്തക്ക രൂപത്തിലാണോ ആയതു വർദ്ധിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഈ രാജ്യത്തു ആളൊന്നുക്കു ആണ്ടിൽ പത്തു ഉറുപ്പികയോളം ശരാശരി ആറുരൂപായോളം നികുതികൊടുക്കേണ്ടതുണ്ട്. ഈ വിധം കരം ചുമത്തി രാജ്യത്തെ വരവു വർദ്ധിപ്പിച്ചു കാണിക്കുന്നതിനു ഭരണാധിപന്മാർകുറെക്കാലമായി ശ്രമിച്ചുവരികയാണ്. ജനങ്ങളുടെ സാമ്പത്തികമായ അഭിവൃദ്ധിക്കു കാര്യമായി എന്തെങ്കിലും പ്രവർത്തിച്ചിട്ടാണോ ഭാരമായ കരം അവരുടെമേൽ ചുമത്തുന്നത്.

കാർഷികപ്രധാനമായ ഈ രാജ്യത്തു കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉദ്ദേശിച്ചു ഒരു ഡിപ്പാർട്ടുമെന്റു പ്രത്യേകം ഉണ്ടാക്കുകയും ആ ഡിപ്പാർട്ടുമെന്റിന്റെ ആവശ്യത്തിലേയ്ക്കു ൧൧൦൧-ൽ ൧,൦൩,൭൨൪ രൂപായും ൧൧൦൨-ൽ ൨,൮൦,൦൦൦ രൂപായും ൧൧൦൩-ൽ ൧,൨൭,൬൦൦ രൂപായും ചിലവായിട്ടുണ്ട്. ൧൧൦൪ ലേക്ക് ൨,൭൩,൭൦൦ രൂപായും ചെലവിനത്തിൽ കൊള്ളിച്ചിരിക്കുന്നു.

ഇത്ര വമ്പിച്ച തുകകൾ ചിലവാകുന്ന ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും ജനങ്ങൾക്കു പ്രായോഗികമായി കാർഷികാഭിവൃദ്ധിക്കുതകുന്നതായി എന്തെങ്കിലും ചെയ്തു ഫലത്തിൽ വരുത്തിയിട്ടുണ്ടോ? കൃഷിഡിപ്പാ

ർട്ടുമെൻറു തുടങ്ങിയതിൻെറശേഷമാണ് ഈ രാജ്യത്തെ ധനാഗമമാർഗ്ഗങ്ങളിൽ സർവപ്രധാനമായ തെങ്ങുകൾ നിശ്ശേഷം നശിക്കാറായനിലയിൽ എത്തിച്ചേർന്നിരിക്കുന്നതു്. തെങ്ങുകൾക്ക പറ്റിയിരിയ്ക്കുന്ന ഈ നാശകരമായ രോഗത്തെ രാജ്യത്തുനിന്നും പാടെ വിപാടനംചെയ്യുന്നതിനു കൃഷിഡയറക്ടർ അവലംബിച്ചിട്ടുള്ള പ്രയത്നം കൃഷിഡിപ്പാർട്ടുമെൻറിനെപ്പററി ജനങ്ങൾക്ക വിശ്വാസം വർദ്ധിക്കുന്നതിനു മതിയായിട്ടില്ല.

൧൧൦൨-ൽ ൨,൨൦,൦൦,൦൦൦-ത്തോളം രൂപായ്ക്കു് നെല്ലും അരിയും നമ്മുടെ രാജ്യത്തു ഇറക്കുമതി ചെയ്തിരിക്കുന്നതായി കാണുന്നു. ഇതിനുംപുറമെ മുതിര, ഉഴുന്നു, പയറുമുതലായ നമ്മുടെരാജ്യത്തു ധാരാളമുണ്ടാകാവുന്ന ഭക്ഷണസാധനങ്ങളും ഇറക്കുമതിചെയ്യുന്നുണ്ടു. ഇപ്രകാരം ഇറക്കുമതി വർദ്ധിച്ചുവരുന്നതു് രാജ്യത്തിൻെറ കാർഷികാഭിവൃദ്ധിയെ സൂചിപ്പിക്കുന്നില്ല. ഇതിനു ഉടനെ പരിഹാരമാർഗ്ഗം ഉണ്ടാക്കേണ്ടതു അത്യന്താപേക്ഷിതമാണ്.

ജനസംഖ്യയിൽ ഭൂരിഭാഗത്തിൻെറയും ഒരു പ്രധാന ആഹാരസാധനമായിരിയ്ക്കുന്ന മരച്ചീനിയ്ക്കു് നാട്ടിൽ പലയിടങ്ങളിലായി ഒരുമാതിരി രോഗം ബാധിച്ചുതുടങ്ങിയിട്ടുണ്ടു്. ഇതിനും വേണ്ട പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതിനു പണ്ഡിതനായ കൃഷിഡയറക്ടർ അവർകളുടെ ശ്രദ്ധ പതിയുമെന്നു വിശ്വസിക്കുന്നു.

അടുത്തതായി എനിക്കു പറയാനുള്ളതു വ്യവസായഡിപ്പാർട്ടുമെൻറിനെപ്പററിയാണ്. ഏകദേശം ൧൫ ലക്ഷം രൂപയോളം ചെലവിടുന്ന വ്യവസായഡിപ്പാർട്ടുമെൻറു എന്തുചെയ്തിട്ടുണ്ടെന്നു ജനങ്ങൾക്കു് അറിയാൻ ഇടവന്നിട്ടില്ല.

രാജ്യത്തു വ്യവസായപരമായ അഭിവൃദ്ധി ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം ഈ ഡിപ്പാർട്ടുമെൻറു ചെയ്തിട്ടുണ്ടെന്നൊ ഈ ഡിപ്പാർട്ടുമെൻറിലെ വിദഗ്ദ്ധന്മാരുടെ വൈദഗ്ദ്ധ്യം ഏതുവിധത്തിലാണു ജനങ്ങൾക്കു് ഉപകാരപ്രദമായി പ്രയോഗിക്കുന്നതെന്നൊ ആർക്കും അറിഞ്ഞുകൂടാതെയാണിരിക്കുന്നതു്.

൧൧൦൪-ലേക്കു് ൧,൯൦,൩൦൦ രൂപാ വ്യവസായഡിപ്പാർട്ടുമെൻറിലെ ചെലവിലേക്കുദ്ദേശിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. ഇപ്രകാരം വമ്പിച്ച ഒരു തുക നിരുപയോഗമായി ചെലവിടുന്നു എന്നല്ലാതെ വ്യവസായഡിപ്പാർട്ടുമെൻറുകൊണ്ടു ജനങ്ങൾ ആഗ്രഹിക്കുന്ന യാതൊരുപ്രയോജനവും ഉണ്ടായിക്കാണുന്നില്ല. വെള്ളനാട്ടിൽ മണ്ണെണ്ണയുണ്ടെന്നു വ്യവസായഡയറക്ടറെ അറിയിച്ചിട്ടും ആയതു ശരിയാണോ എന്നു

[Mr. Thamarapallil Kochutomman.]

പരീക്ഷിച്ചുനോക്കീട്ടില്ല. എന്നുതന്നെയുമല്ല ഈ അറിവുകിട്ടിയതിനു ശേഷം ൧൧൦൨-ൽ വ്യവസായഡയറക്ടർതന്നെ ആ സ്ഥലം പരിശോധിക്കുന്നതിനു ഉത്സാഹിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നില്ല. ഇതു പോലെതന്നെ മീനച്ചൽതാലൂക്കിൽ ചിലയിടങ്ങളിൽ തേക്കും ധാരാളമായിട്ടുണ്ടെന്നു വ്യവസായഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ആയതു ഒരു വ്യാപാരസാധനമാക്കി തീർക്കത്തക്കവിധത്തിൽ പ്രയോഗിക്കുന്നതിനുള്ള മാർഗ്ഗം അദ്ദേഹം ആലോചിച്ചിട്ടുള്ളതായി റിപ്പോർട്ടിൽ കാണുന്നില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ്. ഈ ഡിപ്പാർട്ടുമെന്റിലേക്ക് ൧൧൦൨-ൽ ൫൯,൬൯,൬൭൨ രൂപായും ൧൧൦൩-ൽ ൭൬,൬൯,൬൦൦ രൂപായും ചെലവായിരിക്കെ ൧൧൦൪-ൽ ൪൬,൯൯,൭൦൦, രൂപാ ചെലവാകുമെന്ന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. കേവലംസാഹിത്യപരമായ നമ്മുടെവിദ്യാഭ്യാസം ആഹാരസമ്പാദനത്തിന് അപര്യാപ്തമായിതീർന്നിരിക്കുന്നു. വിദ്യാഭ്യാസം സിദ്ധിച്ചവരുടെയിടയിൽ തൊഴിലില്ലായ്മ ഭയങ്കരമായി വർദ്ധിച്ചുവരുന്നതുകൊണ്ടുതന്നെ ഇപ്പോഴത്തെ വിദ്യാഭ്യാസം ഉദ്ദേശസാദ്ധ്യത്തിന് പര്യാപ്തമല്ലെന്ന് സ്പഷ്ടമാണല്ലൊ.

അല്പശമ്പളക്കാരായ മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന് കമ്മിററി അഭിപ്രായപ്പെട്ടിട്ടും ഗവർമ്മെന്റു യാതൊരു ദയവും കാണിക്കാതിരിക്കുന്നതിൽ ഞാൻവളരെ അതിശയിക്കുന്നു. നാട്ടിലുള്ള ഉയന്ന വിദ്യാലയങ്ങളിൽ ഈ നാട്ടിലുള്ള വിദ്യാൎത്ഥികൾക്ക് മുഴുവൻ പ്രവേശനംലഭിക്കാതെ അന്യരാജ്യങ്ങളെ അഭയംപ്രാപിക്കേണ്ടതായിട്ടുവരുന്നു. അതെ അവസരത്തിൽതന്നെ അന്യനാട്ടു് വിദ്യാൎത്ഥികൾക്ക് ഇവിടത്തെ ചിലകാളേജുകളിൽ ധാരാളംപ്രവേശനം നൽകിവരികയും ചെയ്യുന്നു. ഈ നയംവളരെ ആക്ഷേപാൎഹമായിട്ടുള്ളതാകുന്നു. ഈ ആണ്ട് കാളേജിൽ പ്രവേശനം കിട്ടാതെ മഹാറാണിറിജൻറ് തിരുമനസ്സിലെ പ്രജകളായ എത്രവിദ്യാൎത്ഥികൾആണ് തിരിച്ചുപോകാൻ ഇടയായിട്ടുള്ളതു്? ലാകാളേജിൽ വിദേശികളായഎത്ര വിദ്യാൎത്ഥികൾ പഠിക്കുന്നുഎന്നും, തിരുവിതാംകൂർകാരായ സകലഅപേക്ഷകന്മാൎക്കും ലാകാളേജിൽ പ്രവേശനം കൊടുത്തതിന്റെശേഷമാണൊ വിദേശീയൎക്കു പ്രവേശനം അനുവദിച്ചതെന്നും ഗവർമ്മെന്റ് പ്രത്യേകം അന്വേഷിക്കേണ്ടതാണ്.

ലാകാളേജ് ഹോസ്റ്റലിൽ തിരുവിതാംകൂർ വിദ്യാൎത്ഥികളെക്കാൾ വിദേശീയരായ വിദ്യാൎത്ഥികൾ അധികം താമസക്കാരായിവരാനുണ്ടായ

കാരണമെന്താണെന്ന് അന്വേഷിക്കുകയും നമ്മുടെ വിദ്യാൎത്ഥികൾക്ക് അവിടെ താമസിക്കുന്നതിനുള്ള തടസ്സത്തെ നീക്കുകയും ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. മദ്രാസിലുള്ള ഇഞ്ചിനീയറിംഗ്, മെഡിക്കൽ, ഈ കാളേജുകളിൽ പ്രവേശനം കിട്ടാൻവളരെ ബുദ്ധിമുട്ടുണ്ടെന്ന് മാത്രവുമല്ല പ്രവേശനം കിട്ടുന്നവൎക്ക് മററുള്ളവിദ്യാൎത്ഥികളെക്കാൾ കൂടുതൽ ഫീസ് കൊടുക്കേണ്ടതായും വരുന്നുണ്ട്. എന്നാൽ നമ്മുടെ വിദ്യാലയങ്ങളിൽ വിദേശികൾ വന്നാൽ അവൎക്ക് തൻനാട്ടിലുള്ളവരെപ്പോലെതന്നെ സൎവ്വവിധസൌകൎയ്യങ്ങളും ലഭിക്കുന്നുണ്ട്. ഇതു് ഗവണ്മെൻറിൻെറ മാറാമനസ്ഥത കൊണ്ടെന്നാണൊ ഞങ്ങൾമനസ്സിലാക്കേണ്ടതു്. മദ്രാസിലുള്ള ഇഞ്ചിനീയറിംഗ്, മെഡിക്കൽ ഈ കാളേജുകളിൽ നമ്മുടെ വിദ്യാൎത്ഥികൾക്ക് കൂടുതൽപ്രവേശനം ലഭിക്കുന്നതിനും ഇപ്പോഴുള്ള അസ്വാതന്ത്ര്യങ്ങളെ മാററിക്കൊടുക്കുന്നതിനും ഗവണ്മെൻറ് വേണ്ടവിധം പ്രവൎത്തിക്കുമെന്ന് വിശ്വസിക്കുന്നു.

പ്രാഥമികവിദ്യാഭ്യാസം ഫീസില്ലാതെയാണ് നടത്തുന്നതെങ്കിലും ഉൾനാടുകളിൽ സ്ഥലവും കെട്ടിടവും ഉണ്ടാക്കി ഗവണ്മെൻറിലേക്കു വിട്ടുകൊടുത്തെങ്കിൽമാത്രമേ ഒരു ഗവണ്മെൻറുസ്കൂൾ സ്ഥാപിക്കുന്നതിനു അനുവാദം ലഭിക്കുന്നൊള്ളു. ഇങ്ങനെയുള്ള കെട്ടിടങ്ങൾ ജീൎണ്ണോദ്ധാരണം ചെയ്യുന്നതിനു വേണ്ടവിധത്തിൽ പണം അനുവദിക്കാതെ രാജധാനിയിൽ ഹൎമ്മ്യങ്ങൾ പണിയിക്കുന്നതിന്നായി ചിലവിടുന്നപണം ഗ്രാമവാസികളുടെ വിയൎപ്പു തുള്ളികളിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്നുള്ളവസ്തുത ഗവണ്മെൻറു ധരിച്ചിരിക്കേണ്ടതാണ്. നാട്ടിൽതൊഴിലില്ലായ്മപരിഹരിക്കുന്നതിനും വ്യവസായവിദ്യാലയങ്ങൾ ഉണ്ടാക്കുന്നതിനും ഗവണ്മെൻറു കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. മലയാളം ചുരുക്കെഴുത്തുവകുപ്പു വ്യവസായ പാഠശാലയിൽനിന്നും കുറച്ചിരിക്കുന്നതായികാണുന്നു. ഇതു വ്യവസായ വിദ്യാഭ്യാസത്തോടു ഗവണ്മെൻറിനുള്ള അനാസ്ഥയെസൂചിപ്പിക്കുന്നതായിസംശയിച്ചേയ്ക്കാം. സാങ്കേതികവിദ്യാലയങ്ങൾ നാട്ടിൽവൎദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറു കൂടുതൽ പണം വിനിയോഗിക്കേണ്ടതാണ്.

ഭൂനികുതി. ലാൻറുറവന്യൂ സൎവ്വേഇനത്തിൽ ൧൦൩-ൽ ചെലവു ചെയ്യേണ്ടിവരുമെന്നുദ്ദേശിച്ചിരുന്ന ൯൪,൨൦൦-രൂപായിൽ പുതുക്കിയ കണക്കിൻപടി ൧,൯൯൨-രൂപാകൂടുതൽ ചെലവുവരുമെന്നുകാണുന്നു. എന്നാൽ ൧൦൪-ൽ, ൩൩,൧൦൦-രൂപാചെലവാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾക്കു തൃപ്തികരമാകത്തക്കവിധത്തിൽ ജോലി നടത്താതിരിക്കുന്ന ലാൻറുറവന്യൂ സൎവ്വേഡിപ്പാൎട്ടുമെൻറിനു കൂടുതൽ

[Mr. Thamarapallil Kochutomman.]

പണംനീക്കിവച്ചിരിക്കുന്നത് തൃപ്തികരമായവിധം ജോലിനടത്തുന്നതിനു വല്ലഏർപ്പാടുകളും ചെയ്യുതിനുശേഷം ആണോ?

ജനങ്ങളുടെ അത്യാവശ്യ സംഗതികൾക്കു ചെലവിടാൻ പണമില്ലെന്നു പറയുന്ന ഗവൺമെന്റു പെർസനൽ അലവൻസു മുതലായതു നൽകുന്നതിനു പണം അനുവദിക്കുന്നതിന്റെ രഹസ്യം ഗ്രഹ്യമായിരിക്കാം. ൧൧൦൧-ൽ ൭ ലക്ഷം രൂപായും ൧൧൦൨-ൽ ൭ ലക്ഷം രൂപായും ൧൧൦൩-ൽ ൭ ലക്ഷത്തിൽ ചില്വാനം രൂപായും, ഗവൺമെന്റു ഭൂമിപതിച്ചു കൊടുത്തതായി കാണുന്നു. രാജ്യത്തിന്റെ രാഷ്ട്രീയമായും സാമ്പത്തികമായും ഉള്ള ഭാവിനന്മയ്ക്കു ഭൂമി പതിച്ചു കൊടുക്കുന്നവിഷയത്തിലും പതിച്ചുകൊടുത്ത ഭൂമി കൈമാററം ചെയ്യു വിഷയത്തിലും ചില പ്രത്യേകവ്യവസ്ഥകൾ ചെയ്യേണ്ടതാണ്. ഭൂമി വിദേശികൾക്കു പതിച്ചുകൊടുക്കയൊ, കുടികൾ ഭൂമി വിദേശിയർക്കു കൈമാററം ചെയ്യുകയോ ചെയ്യാതിരിക്കുന്നതിനു ചില നിയമങ്ങൾ വേണ്ടതാണ്. നിയമംമൂലം നിയന്ത്രണം ചെയ്യാതിരിക്കുന്നപക്ഷം രാജ്യത്തിന്റെ ഒരു വലിയഭാഗം വിദേശിയർക്കു അധീനപ്പെട്ടുപോകയും തൻമൂലം നമ്മുടെ ഭാവിസന്താനങ്ങൾ നാശഗർത്തത്തിൽ പതിക്കയും ചെയ്യുന്നതായിരിക്കും.

കൃഷിവായ്പ. ൧൦൯൬-ൽ ൯൫,൨൩൫ രൂപായും ൯൭-ൽ ൯൨,൭൩൮ രൂപായും ൯൮-ൽ ൧,൨൬,൭൯൨ രൂപായും ൧൧൦൦-ൽ ൨,൭൭,൫൨൦ രൂപായും ൧൧൦൧-ൽ ൫൩,൮൨൭ രൂപായും ൧൧൦൨-ൽ ൯൦,൦൦൦ രൂപായും ൧൧൦൩-ൽ ൧,൭൦,൦൦൦ രൂപായും വായ്പകൊടുത്തതായി കാണുന്നു. ൧൧൦൪-ലും ൧½ ലക്ഷം രൂപാതന്നെ കൃഷിവായ്പ കൊടുക്കാനായി നീക്കിവച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ കൃഷിക്കാരായിട്ടുള്ളവർക്കു എത്ര തുക കിട്ടീട്ടുണ്ടെന്നുള്ളതു അന്വേഷിക്കുന്നതു രസാവഹമായിരിക്കും. കൃഷിക്കായി ഗവൺമെന്റു നൽകുന്നവായ്പകൾ കെട്ടിടം പണിക്കായും കടം വീട്ടുവകക്കും മററും ഉപയോഗിക്കുന്നത് ഒരു പരസ്യമായരഹസ്യമത്രെ. ഗവൺമെന്റു നല്ല ഉദ്ദേശത്തോടുകൂടി കൊടുക്കുന്ന ഈ കൃഷിവായ്പ യഥായോഗ്യം ഉപയോഗിക്കുന്നുവോ എന്നറിയുന്നതിന് ഇപ്പോൾ ചെയ്തിരിക്കുന്ന വ്യവസ്ഥകൾകൊണ്ടു മതിയാകാതെ ഇരിക്കുന്നു. തൽ പരിഹാരാർത്ഥം ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ കമ്മിററികൾ താലൂക്കുതോറും ഏർപ്പെടുത്തേണ്ടതാണ്.

A careful study of the Budget Estimate reveals that the Government is eager to build up surplus year after year. The surplus for 1102 and 1103 comes to a good figure of Rs. 45·11 lakhs, which will be at the end of the next year wellneigh Rs. 50. lakhs. Permit me, Sir, to ask the Government whether they have any justification to go on adding surplus after surplus like this every year to the State balances, when funds are needed for economic development and social reconstruction. It may be suggested that the Government can make use of the yearly surpluses to lighten the burden of the people of the State, who have been overburdened with all kinds of taxes. I should point out here, Sir, that the people of the State have reached the taxable capacity. I beg to sumit, Sir, that it is not a good principle to tax us heavily and to make surplus to fatten the State balances in order to benefit the future generations. Even in private businesses, when it is found that there is enough reserve, it is made use of to lighten the burden of share-holders by cancelling the whole or part of the unpaid amount on their shares. I wish the Government will find their way to do something in the direction of relieving the over-taxed people of the State, especially those who are engaged in agricultural pursuits by removing at least some of the irksome taxes. I do not mean by this that Government should not impose fresh taxes. I am glad, Sir, that the Government have taxed tea and increased the duty on pepper; but I envy very much the exemption which rubber enjoys from taxation. We find now that the export duty on tea is an important item in our customs revenue and I am glad to see the figure of Rs. 4.5 lakhs under this. I am sure, Sir, that in one of these fine mornings, the Dewan will unexpectedly proclaim to Travancore that rubber also has been taxed, and in this connection, I beg to submit that the cultivation of rubber has passed the experimental stage long ago. (*Hear, hear.*)

Now, I pass on to an important consideration-the Economic Development of the State. I think that the duty of every civilised Government must be to develop the natural resources of the country, especially through agriculture and industry and I beg to invite the careful attention of the Government to this. Sir, with all the wonderful scientific developments, land remains as the all important factor of production. Land in Travancore is being registered by the people of the State and also by outsiders. Most of the land registered by the outsiders has been cultivated or improved upon. But this cannot be said of Travancorean owned lands. The best accessible lands have already been registered and in many places, these registered lands remain without cultivation or improvements. Although

we can know from Government records the total acreage that has been registered, we do not know how much of these remain uncultivated. Also, Sir, we are in the dark as to know why these registered lands are not being cultivated by owners. I would suggest to appoint at an early date a Committee to go into this question and see whether this state of affairs in regard to registered lands is due to the financial difficulty of the owners or to the speculative mentality and temperament or to the indifference and inability of the owners. If it is due to the first mentioned cause, the Government can help the owners through agricultural loans. I do not think that our Government will endorse the speculative policy in regard to registered lands. With regard to the new registry of lands, I would ask the Government to have some precautions so as to ensure the cultivation or improvement of registered lands within a fixed period of time.

Now, I come to the Development Departments of Agriculture, Industries and Co-operative Department. Even a cursory survey of the Report of the Royal Commission on Agriculture in India shows the great inter-relation that exists between these departments. Strictly speaking, the Department of Forests should also be included under Development departments; but I have left out this department for certain reasons. I believe that, sooner or later, our Government also will take up the recommendations of the Royal Commission on Agriculture in India in regard to the re-classification of forests. This is what the Commission says:

"We consider that forests areas should be re-classified into areas most suitable for the growth of timber or fuel plantations, or the preservation of which is desirable on climatic or physical grounds, those most suitable for development as fodder reserves or grazing grounds, and areas which should be handed over to ordinary cultivation."

The first mentioned class of forests comes under the Forest Department. The second class—in the report they call it 'Minor forests'—goes under the Agricultural Department. These Minor Forests will give ample grazing ground for cattle. The third class of forests should be handed over to village management. It may not be out of place to mention here that the Madras Government has taken up this idea and is working at it. It is on this ground, Sir, that I left out the Forest Department from the Development departments.

I have said that the Departments of Agriculture and Industries and Co-operative Department are very closely inter-related. To elucidate this point, I cannot do better than quote the Commission. They say:

"Throughout our Report, we refer to the importance of Co-operative Societies in connection with other activities and in particular, in their relation to agricultural improvement, to education, to irrigation and in fact to anything which affects the cultivator:—"

MR. V. S. KRISHNA PILLAI (*Tiruvalla*): May I know whether Malayalam manuscripts alone are objectionable?

MR. K. C. KARUNAKARAN (*Nominated*): I am reading a quotation from the report of the Agricultural Commission, Sir.

[Mr. K. C. Karunakaran.]

"The function of the Co-operative Movement, apart from the provision of credit, is to prepare the ground for the advice of the various experts employed by Government in its several departments. Naturally, these departments can work best through co-operatively organised bodies of cultivators rather than through isoloated individuals. The Co-operative Society should be the unit through which the various Departments of Government concerned with the rural welfare carry on their activities."

From this it is quite clear, Sir, that these developments are corelated. This is what the Commission says under Rural Industries and Labour. This is also quotation. (*Laughter.*)

"We hope that, with an improvement in the facilities for technical education and the growth of a class of technicians who have gained experience of the application to business of scientific processes through a period of employment in large scale industries. capacity may increse among private individuals to organise the smaller industries successfully. But for a long time to come, Government will have to be prepared to make suggestions for the development of the smaller industries, to give advice in some detail in regard to matters of organisation and management and perhaps, in some instances to make themselves responsible for running a pioneer enterprise. Close collaboration between the departments of industries and the co-operative departments is necessary if the workman is to get the best training in his craft and be in a position to market his products most favourably."

The importance of rural industries in our economic organisation cannot be over emphasised. The report of the Agricultural Department says that our cultivators remain without any work for 2 to 4 months of the year. It is "therefore" essential that the Government should see that rural industries are properly introduced and conducted so that the cultivator may find some useful and paying work during the spare time at his disposal.

Sir, with this short introduction in regard to the three development departments, which are working independently at the present time and not fulfilling their real mission of existence owing to the lack of co-ordination among them, I am not only going to suggest to the Government but I am going to plead to the Government to amalgamate these three departments into one so that our State would possess a central responsible authoritative governmental department, which would discharge the functions of an economic general staff by co-ordinating the needs of agriculture and industry, the capacity of finance and the aims of diplomacy. Sir, the Government may reply that for this purpose there is the Economic Development Board, where the departmental heads of all the three development departments are included. I was recently going through the proceedings of this Board and I do not think for a moment that the present Board would be able to do any substantial good to the country except as a deliberative body of officials and non-officials in regard to subjects of an economic nature.

MR. N. K. KRISHNA PILLAI (*Neyyattinkara*): Are these also quotations please?

MR. K. C. KARUNAKARAN (*Nominated*): At the 24th Session of the Sri Mulam Popular Assembly you, Sir, in the capacity of the Dewan

replied to Mr. K. C. Eapen's view regarding the working of the Board as follows.—This is also a quotation—(*Laughter.*)

> "You refer to the question of the Development Board and you are not the only one who has of late spoken to me on the subject. One other gentleman is the Director of Agriculture who presides over the Board. Like you he too finds it a depressing body and holds the view that it must either be mended or ended."

Sir, in our neighbouring Presidency of Madras, the whole development departments have been placed under a Minister; in Burma, these have been placed under an officer called the Development Commissioner. The Government may say that the Dewan of the State represents the Minister of a British Indian Province and as such, he can, by virtue of his office, be considered as the head of all the three development departments also. Sir, I beg to submit, that is not the right attitude. Our Dewan corresponds virtually to the Governer of a British Indian Province. Sir, I think I am unnecessarily anticipating all sorts of difficulties from the Government side and trying to answer them myself. I am sure that the Government will agree with me that there is the necessity of co-ordination of these three departments. The difficulty is, I presume, how to do it.

Sir, I thought over this question very carefully. I thought that I would suggest to the Government to organise a Development Board just as the Medical Board. But I doubt very much whether such a Board would work to the good of the country. If all the members of the Board happen to be equally strong men, then they would go on fighting; if one of them proves to be cleverer than the others, then the others would go to the background. After carefully considering this question, the only solution is to amalgamate all these three departments into one called the Development Department and place it under a very able and practical administrator. (*Hear, hear.*) I do not say this man is more fitted for this place than the other. My sole idea is to see such a co-ordinated and consolidated Development Department comes into existence under an able man, which I am sure, would be a great boon and help to those engaged in the economic development of the State.

Next, I turn to the needs of the industrial and commercial community of the State. Before I go into this question, let me express my gratitude to the Dewan for the great interest the Government has shown in establishing the Travancore Chamber of Commerce at Alleppey. I am confident that this institution would be a great blessing to the commercial community of Travancore. (*Hear, hear.*) Although I appreciate very much the interest the Dewan has taken with regard to this semi official commercial institution, I am not going to be content with that. There are other needs to be attended to by the Government. We have no representatives in important commercial centres, where our produces and manufactures are generally exported to.

MR. REVATHINAL RAMA VARMA RAJA (*Edavagai and Political Pensioners*): എഴുതികൊണ്ടുവന്നിട്ടുള്ളതിൽ നോക്കി വായിച്ചുകൊണ്ടു മേല്പോട്ടുനോക്കിപറഞ്ഞാൽ അതു പ്രസംഗമാകുമോ? (ചിരി)

Laughter from the Galleries.

PRESIDENT: Silence, there. I will have the whole audience cleared if there is disturbance like that.

MR. REVATHINAL RAMA VARMA RAJA (*Edavagai and Political Pensioners*): പ്രസിഡന്റിന്റെ ആർഡർ പ്രസംഗിക്കണം; എഴുതി വായിക്കരുതെന്നാണ്. എഴുതികൊണ്ടുവന്നതു് കീഴ്പോട്ടു നോക്കിവായിച്ചിട്ടു മേല്പോട്ടു നോക്കിക്കഴിഞ്ഞാൽ അതു പ്രസംഗമാകുമോ?

PRESIDENT: If you will keep a record as to how often a member refers to his notes I would then be in a position to give you a decisive answer.

MR. K. C. KARUNAKARAN (*Nominated*): We are quite at a loss to note the forces and agencies that work with regard to our exports in foreign markets.

PRESIDENT: Your time is up.

The Council adjourned for lunch at 2 P. M. and reassembled at 2-45 P. M.

PRESIDENT; The result of the election of members to the Finance Committee is as follows:—

Mr. Matthew Murikkan,

Mr. K. P. Nilakanta Pillai, and

Mr. A. S. Damodaran Asan.

MR. V. S. KRISHNA PILLAI (*Tiruvalla*): വരുന്നകൊല്ലത്തെ അതായതു് ൧൧൦൪-ലെ ബഡ്ജറ്റു കിട്ടിയഉടനെ സാമാന്യമായ ഒരു പരിശോധന അപ്പോൾതന്നെ നടത്തി. എന്നാൽ അതിനെ നിരൂപണം ചെയ്യേണ്ടതു് ശാസ്ത്രീയമായിട്ടാണൊ അതല്ല കേവലം അനുഭവത്തേയും സാമാന്യബോധത്തേയും അടിസ്ഥാനമാക്കിയാണൊ വേണ്ടതെന്നു് ആലോചിച്ചുനോക്കിയതിൽ രണ്ടാമത്തേതാണ് കുറെ ഭേദമെന്നു എനിക്കു തോന്നി. രണ്ടുമൂന്നു കൊല്ലത്തെ വരവു ചിലവു് പരിശോധിച്ചപ്പോൾ ക്രമേണ വരവു വർദ്ധിച്ചു തന്നെയാണ് വരുന്നതു്. ഉദ്ദേശം രണ്ടര കോടി അതായതു ൨൫൦ ലക്ഷത്തോളം രൂപാ ആണ്ടൊന്നുക്കു വരവുണ്ടെന്നു കാണുന്നു. ഇതിന്റെ മൂന്നിലൊരുഭാഗത്തിൽ കുറയാതെ വിദ്യാഭ്യാസം P. W. D. ഈ രണ്ടു വകുപ്പുകളിലേക്കു ചിലവാക്കിവരുന്നതായിട്ടാണു് കാണുന്നതു്. ഈ വിദ്യാഭ്യാസവകുപ്പിൽ ഏകദേശം ൫൦ ലക്ഷത്തോളം രൂപാ ചിലവുവരുന്നതായിട്ടാണ് കാണുന്നതു്. ആകപ്പാ

ടെ മലയാളംവകുപ്പിനെ സംബന്ധിച്ചിടത്തോളം നോക്കുന്നതായാൽ അതിൻെറ ഭരണത്തിനുവേണ്ടി ചിലവാക്കുന്ന പണത്തിനുതക്കവണ്ണം പ്രയോജനം ഉണ്ടാകുന്നുണ്ടൊ എന്നു എനിക്കു വളരെ സംശയമാണ്. ഏകദേശം മൂവായിരം സ്കൂളുകളും പതിനായിരത്തിൽപരം അദ്ധ്യാപകന്മാരും ആ വകുപ്പിൽ ഉണ്ടെന്നു തോന്നുന്നു. അതിലേക്കു ഏകദേശം [illegible] ലക്ഷത്തോളം രൂപാ ഗ്രാൻറിനത്തിലും ചിലവാകുന്നുണ്ട്. മലയാളം വകുപ്പിലേക്കു ഇൻസ്പെക്ടന്മാരുടെ കീഴിലായി ൨൫ അസിസ്റ്റൻറു ഇൻസ്പെക്ടന്മാരുള്ളതായിട്ടു കാണുന്നു. ഇതിൽ ഇവർ ചെയ്യുന്ന ജോലിയുടെ ആശാസ്യതയെപ്പററി ചിന്തിക്കുന്നതിനൊ ഒരു ഇൻസ്പെക്ടർക്കു തൻെറ ഡിസ്ട്രിക്റ്റിൽ ഉള്ള എല്ലാ പള്ളിക്കൂടങ്ങളേയും ഒരുപ്രാവശ്യമെങ്കിലും കാണുന്നതിനൊ ഇടയാകാതെ ഇരുന്നിട്ടുണ്ടെന്നു വെളിവാകുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൻെറ മേലധികാരം ഡയറക്ടർക്കു ആണെന്നുവരുകിലും മിക്കവാറും അതിനെസംബന്ധിച്ചുള്ള ഭരണം ഇൻസ്പെക്ടരിൽതന്നെയാണ് ഇരുന്നുപോരുന്നത്. അസിസ്റ്റൻറു ഇൻസ്പെക്ടർക്കു എന്നല്ല പ്രധാന ഇൻസ്പെക്ടർക്കുതന്നെയും എല്ലാ പള്ളിക്കൂടങ്ങളും സന്ദശിക്കുന്നതിനു സൌകര്യം ഉണ്ടാകയില്ല.

തെക്കൻതിരുവിതാംകൂറിൽ ഒരു പള്ളിക്കൂടത്തിനു സ്ഥലം പോരെന്നും കൂടുതൽ കെട്ടിടം ആവശ്യമുണ്ടെന്നും കാണിച്ച് ഒരു റിപ്പോർട്ടു തയാറാക്കിഅയച്ചു. ആ റിപ്പോർട്ടിൽ ഇപ്പോഴുള്ള കെട്ടിടത്തിൻെറ പടിഞ്ഞാറുഭാഗത്ത് പുത്തനായി കൂടുതൽ കെട്ടിടം പണിയിക്കണമെന്നു കാണിച്ചിട്ടുണ്ടായിരുന്നു. ആ സ്ഥലം വീണ്ടും പരിശോധിക്കുന്നതിന് ഇടയായി. ഇൻസ്പെക്ടരുടെ റിപ്പോർട്ടുനോക്കിയതിൽ അവിടെ ഒരു വലിയപാറ—ഒരു വിധത്തിലും യാതൊന്നുകൊണ്ടും പ്രയോഗിക്കാൻപാടില്ലാത്തവിധത്തിലുള്ള ഒരു വലിയ പാറ—നില്ക്കുന്നുണ്ടെന്നു കണ്ട് അത്ഭുതപ്പെട്ടു. ഇതുകൊണ്ടു ഇൻസ്പെക്ടരുടെ റിപ്പോർട്ടു അവിടെ ഇൻസ്പെക്ഷൻ ചെയ്യാതെ സമപ്പിച്ചിട്ടുള്ളതായി മനസ്സിലായി. ഇതു പ്രത്യേകം ആലോചിക്കേണ്ട ഒരു വിഷയമാണ്. ഏതായാലും ഇൻസ്പെക്ടരുടെ ദൃഷ്ടിയിൽ ആ വലിയ പാറ പെട്ടിട്ടില്ല. മൂവായിരം സ്കൂളുകളോളമുള്ളതിൽ ഡയറക്ടരുടേയൊ അസിസ്റ്റൻറു ഇൻസ്പെക്ടരുടേയൊ ഇൻസ്പെക്ടരുടേയൊ പാദസ്പർശം ലഭിക്കുന്നതിനു ഭാഗധേയം സിദ്ധിക്കാത്ത അനേകം സ്കൂളുകൾ ഉണ്ടെന്നുള്ളതിനു ദൃഷ്ടാന്തമായി എനിക്കു ഒന്നുരണ്ടു ഉദാഹരണങ്ങൾ അറിയാം. ഇങ്ങിനെയിരിക്കുന്ന സ്ഥിതിക്ക് ഇതിൻെറ ഭരണത്തെ ഒന്ന് ഉടച്ചുവാത്തില്ലെങ്കിൽ തീച്ചയായിട്ടും വിദ്യാ

[Mr. V. S. Krishna Pillai.]

ഭ്യാസഡിപ്പാർട്ടുമെൻറുകൊണ്ടുള്ള പ്രയോജനം എത്രത്തോളം ഉണ്ടാകുമെന്നു ഊഹ്യമാണ്. നമ്മുടെ വിദ്യാഭ്യാസനയം പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നും തൊഴിലില്ലാത്തവരുടേയും ദരിദ്രന്മാരുടേയും സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതുകൊണ്ട് ഈ നയം ഏതുപ്രകാരത്തിലായാലും ഭേദം ചെയ്യേണ്ടതു് അത്യാവശ്യമാണെന്നും പറഞ്ഞാൽ അതു് സർവ്വസമ്മതമായിരിക്കുന്നതാണ്. അതു് ഏതുപ്രകാരത്തിൽ വേണമെന്നുള്ള ആലോചന ഇനിയും അവസാനിച്ചിട്ടില്ല.

പിന്നീട് ഈ മലയാളം വകുപ്പിലെ അദ്ധ്യാപകന്മാരുടെ പരിതാപകരമായ അവസ്ഥയിൽ അവരുടെ ശമ്പളത്തിൽ ഭേദഗതി ചെയ്യണമെന്നുള്ളതിനെപ്പററി പല പ്രാവശ്യവും ഗവമെൻറിൽ സമപ്പിച്ചിട്ടുള്ള നിവേദനത്തെപ്പററിയാണ്. അതിന് ഓരോ സമയത്തും ഓരോ പ്രകാരത്തിൽ ഗവമെൻറിൽ നിന്നും സമാധാനമായ മറുപടിയും കൊടുത്തിട്ടുണ്ട്. ഈ കഴിഞ്ഞ പ്രജാസഭായോഗത്തിൽ ഇന്നത്തെ ബഹുമാന്യനായ അദ്ധ്യക്ഷനവർകൾ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

"A Committee should be appointed to examine the question of the pay of the Vernacular School teachers"

ഇങ്ങിനെയാണ് ഇന്നത്തെ ബഹുമാന്യനായ അദ്ധ്യക്ഷൻ അവർകൾ പ്രജാസഭയിൽ പ്രസ്ഥാവിച്ചതു്. ഇതു് കേട്ടപ്പോൾ ആ പാവപ്പെട്ട ഉപാദ്ധ്യായന്മാക്കും അവരോട് അനുകമ്പയുള്ള മററു ജനങ്ങൾക്കും അതിയായ സന്തോഷം സവ്വത്ര ഉണ്ടായിരുന്നു. എന്നാൽ ഭാഗ്യം കൊണ്ടോ നിർഭാഗ്യംകൊണ്ടോ ഇപ്പോൾ നമ്മുടെ മാന്യനായ ഫൈനാൻഷ്യൽ സിക്രട്ടറി പറഞ്ഞതു് ഇപ്രകാരമാണ്.

"Government have not had the time to consider the Report and it has not been possible to make any definite provision in the present estimate."

ഇതു രണ്ടും കൂടി നോക്കിയപ്പോൾ ഭാഗ്യദോഷത്താലൊ എന്തൊ ദൈവീകമായ ഒരു തടസ്സംകൂടി ഉണ്ടോ എന്നുതോന്നിപ്പോകുന്നു. അവരുടെ എണ്ണത്തിൽ കുറെ കൂടുതൽ സംഖ്യ വന്നുപോയതുകൊണ്ട് ഒരു രൂപാവീതം കണക്കാക്കിനോക്കിയാലും രണ്ടു ലക്ഷം രൂപായോളം വന്നേക്കുമെന്നു് ഭയപ്പെടുന്നു. അതു് ഓരോരുത്തരുടേയും ദോഷമാണെന്നു് വിചാരിക്കാൻ പാടില്ല. ഓരോരുത്തക്കും കൂടുതൽ കിട്ടുന്നതു് ഒററ രൂപായാണ്. അതുപോലും കഴിയുന്നതും വേഗത്തിൽ കൊടുക്കുന്നതിന്ന് പിന്നെയും അവസരം നീട്ടിവച്ചതു് ഓക്കുമ്പോൾ അതിൽ ഗവ

മ്മെൻറിന് നിരുത്സാഹമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ വിധത്തിൽ എത്ര തന്നെനീട്ടിവച്ചാലും 1104-ൽ സപ്ളിമെൻററി ഗ്രാൻറായി കൊണ്ടുവരുന്നപക്ഷവും ഇതിന്നിർദ്ദേശിച്ചിരിക്കുന്ന കാലത്തിനു മുമ്പായി വിശേഷാൽ ഒരു വരുമാനം അതിലേക്ക് ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. ആ സ്ഥിതിക്ക് ഇപ്പോഴുള്ള വരുമാനത്തിൽ നിന്നും തന്നെ വേണ്ടിവരുന്ന ആ തുകയും കൊടുക്കേണ്ടതാണ്. അതുകൊണ്ട് ദയവായി ആലോചിച്ചാൽ തീർച്ചയായിട്ടുംഅതിൻെറ അനൗചിത്യം മനസ്സിലാകാതിരിക്കുകയില്ല.

ഇപ്പോഴത്തെ തൊഴിലില്ലായ്മ പരിഹാരകമ്മററിയും ഒരം ശമ്പളക്കുട്ടലിനെപ്പററി റിപ്പോർട്ട് ഗവമ്മെൻറിലേക്ക് സമപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇവയെല്ലാം പരിശോധിച്ച് വളരെക്കാലമായി ആലോചനയിലിരിക്കുന്ന ഒരം ഗൗരവമേറിയ സംഗതിയിൽ അവസാനമായ ഒരു തീച്ച്വരുത്തുന്നതിന്, പ്രത്യേകം ഒരു കമ്മിററിയെ നിയമിച്ചൊ അല്ലാതെയൊ, ഗവമ്മെൻറ് ശ്രമിക്കുന്ന പക്ഷം ഇതിൽപരമായ ഒരനുഗ്രഹം ഒരം രാജ്യത്തെ പൗരാവലിക്ക് വരാനില്ല.

പിന്നീട് എനിക്കു സാമാന്യനിരൂപണം ചെയ്യാനുള്ളതു പബ്ളിക്കുവക്ക്സ്ഡിപ്പാർട്ടുമെൻറിനെപ്പററിയാണ്. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും പാവപ്പെട്ട കർഷകന്മാരുടെ സംഖ്യ വർദ്ധിച്ചുവരുന്ന ഈ ചെറിയരാജ്യത്തെ ഗതാഗതസൌകയ്യവും കൊട്ടുക്കുന്നതുകൊണ്ടല്ലാതെ സുഖജീവിതത്തിനു വേറെ ഒരുമാഗ്ഗം കാണുന്നതല്ല. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ആണ്ടുതോറും ചിലവാക്കുന്ന സംഖ്യയും വിദ്യാഭ്യാസവകുപ്പിലേക്കു ചിലവിട്ടുവരുന്നതുപോലെതന്നെ ൪൦-തൊ അതിൽക്കൂടുതലൊ ലക്ഷം രൂപായാണെന്നാണു കണ്ടുവരുന്നത്. എന്നാൽ അതിനെവിനിയോഗിയ്ക്കുന്ന സമ്പ്രദായത്തെപ്പററി ആലോചിക്കുന്നതായാൽ മദ്ധ്യതിരുവിതാംകൂറിൽ അതായത് ആലപ്പുഴ, ചങ്ങനാശേരി, ചെങ്ങന്നൂർ, മാവേലിക്കര, കാർത്തികപ്പള്ളി, തിരുവല്ല മുതലായ സ്ഥലങ്ങളിലും സംഖ്യയില്ലാതെ ജനങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിലുള്ള പൌരന്മാരുടെ സൌകയ്യത്തെപ്പററി ഗൌരവമായോ ദയവായോ ഈ ഡിപ്പാർട്ടുമെൻറിൽനിന്നു ധനം വിനിയോഗിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മുതലെടുപ്പൊ ജനസംഖ്യയൊ ലേശംപോലും ഗൌനിക്കാതെ ജനാധിവാസമില്ലാത്തതും വലിയ സഞ്ചാരസൌകയ്യം ആവശ്യമില്ലാത്തതുമായ ഹൈറേഞ്ചിൽ ധാരാളം പണം അനുവദിക്കുകയും ചിലവുചെയ്യുവരികയും ചെയ്യുന്നുണ്ട്. എന്നാൽ വളരെ കുറഞ്ഞ ഒരു സംഖ്യ

[Mr. V. S. Krishna Pillai.]

മാത്രമെ ആ സ്ഥലങ്ങളിൽ ആവശ്യമുള്ളു. കുബേരന്മാർമാത്രം സാധാരണ സഞ്ചരിക്കുന്ന ആ വഴിക്കായിട്ട് എത്രയൊ വലിയ തുകയാണ് അതായതു് ൪ ലക്ഷം രൂപായാണു ചിലവാക്കുന്നതിനു തീച്ചപ്പെടുത്തിയിരിക്കുന്നതു്. എന്നാൽ ഞങ്ങളുടെ ആ ഭാഗത്തു ചിലവാക്കുന്നതിനും നവീനമായി വല്ല ജോലിയും നടത്തുന്നതിനും എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടൊ എന്നു നോക്കിയതിൽ അവിടെയും ഒരു സംഖ്യ കണ്ടുകിട്ടി, അതു് ൧൨,൦൦൦ രൂപയാണ്. ഇതുവരെ ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ജോലികൾക്കായി നീക്കിവച്ചിരിക്കുന്ന സംഖ്യ ൧൨,൦൦൦ രൂപയാണ്. ഈ വിധം ധനവിനിയമനം ചെയ്യുന്നപക്ഷം ഞങ്ങളുടെ രക്ഷ എന്തായിരിക്കുമെന്നു വളരെ പരിഭ്രമിക്കുന്നു. ആ കാര്യത്തിൽ ഒരു സമാധാനമാണ് വിചാരിക്കേണ്ടതു. ആകപ്പാടെ എത്രതന്നെ കണക്കു കൂട്ടിയാലും ൧൭൪ മൈൽ നീളവും ൭൫ മൈൽ വീതിയും ൭൬൨൫ ചതുരശ്രമൈൽ വിസ്തീർണ്ണവും മാത്രമുള്ള ഈ ചെറിയസ്ഥലത്തു പരിഷ്കാരത്തിനുവേണ്ടി പല പ്രവത്തികൾ തുടങ്ങിയിട്ടും ഇതുവരെയായിട്ടും സഞ്ചാരസൌകര്യം കൊടുക്കാതിരിക്കുന്നതു് ഓക്കുമ്പോൾ വിസ്മയിക്കയല്ലാതെ യാതൊരു ഗത്യന്തരവുമില്ല. ഇതുവരെ ൨൪ വർഷമായിട്ട അതായതു മിസ്റ്റർ വി. പി. മാധവറാവുവിന്റെ കാലത്തു ഈ പ്രജാസഭ ആരംഭിച്ചതുമുതൽ പ്രാദേശികമായ ആവശ്യങ്ങളെപ്പററി ഈ ബഹുമാനപ്പെട്ട ഗവമെൻറിനോടു എല്ലാസ്ഥലങ്ങളിൽനിന്നും ജനപ്രതിനിധികൾ അവരവക്കുള്ള ആവശ്യങ്ങളെ അപ്പോഴപ്പോൾ ചൂണ്ടിക്കാണിക്കുകയും അപ്പോൾമുതൽ ഇപ്പോൾ ഞങ്ങൾക്കു കിട്ടിവരുന്നതായ ഉത്തരങ്ങൾ സ്വീകരിച്ചതിനാൽ അതിനോടു നല്ല പരിചയം വന്നിട്ടുണ്ടു്. ഇതുവരെയായിട്ടും ആ മറുപടികൾക്കു യാതൊരു ഭേദഗതിയും ചെയ്യുന്നതിനു ആവശ്യമില്ലാത്തവിധത്തിലാണു ഗവമെൻറിന്റെ നിലയും. ഈ ൨൪ കൊല്ലംകൊണ്ടു ഏതെങ്കിലും ഒരു പ്രദേശത്തിനുള്ള അത്യാവശ്യമായ ആവശ്യങ്ങളെ നിറവേററിക്കൊടുത്തു സമാധാനപ്രദമായ ഒരു നിലയിൽ കൊണ്ടുവരുന്നതിനു ഗവമെൻറിനു സാധിക്കാതെവന്നതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. പിന്നെ ഒരു കാര്യംകൂടി ഈ ഡിപ്പാർട്ടുമെൻറു ആലോചിക്കേണ്ടതായുണ്ടു്. കിള്ളിപ്പാലംപോലെയൊ മററൊ വളരെ എളുപ്പത്തിൽ നശിക്കുന്നവിധത്തിൽ ഉണ്ടാക്കാതിരിക്കുന്നപക്ഷം ഗതാഗതസൌകര്യങ്ങൾക്കുള്ള റോഡുകളും പാലങ്ങളും സ്ഥിരമായനിലയിൽ പണികഴിപ്പിക്കുന്ന

പക്ഷം അതു വീണ്ടും ചെലവാക്കേണ്ട ഇനത്തിൽ ഉള്ള ഒരു ചിലവായി തീരുന്നതല്ല. ആ സ്ഥിതിക്കു ഇത്രയുംകാലം ബഹുജനങ്ങളുടെ ആവശ്യങ്ങളെ ആദരിച്ചു പ്രവൎത്തിക്കണമെന്നുള്ള നയം സ്വീകരിച്ചിരുന്നു എങ്കിൽ നിശ്ചയമായിട്ടും ഇങ്ങനെ ഒരു പ്രസംഗം ഈ അവസരത്തിൽ വേണ്ടിവരികയില്ലായിരുന്നു, ഈ ബഡ്ജററിന്റെ ആകപ്പാടെഉള്ള ധനവിനിയമനത്തെപ്പററി ആലോചിച്ചതിൽ പല കാൎയ്യങ്ങളും എന്റെ സാമാന്യനിരൂപണത്തിൽപ്പെടേണ്ടതുണ്ടു്. അവ ഓരോന്നും ഇവിടെ ഇപ്പോൾ പ്രസ്താവിയ്ക്കുന്നതിനു സമയച്ചുരുക്കം കൊണ്ടു ഞാൻ ഒരുങ്ങുന്നില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*)

സർ, ബഡ്ജററിനെപററി മൊത്തത്തിൽ ചിലതു പറവാനാണു ഞാൻ ഭാവിക്കുന്നതു്. അനുദ്യോഗസ്ഥഭാഗത്തുനിന്നും ഗവൺമെന്റിനെപററി പൊതുവിലും ഓരോ ഡിപ്പാൎട്ടുമെന്റുകളെപററി പ്രത്യേകിച്ചും ഇവിടെ പ്രസ്ഥാവിക്കുന്നതു ഗവൺമെന്റിനെ വിഷമിപ്പിക്കണമെന്നൊ ഉദ്യോഗസ്ഥന്മാരെ പഴിക്കണമെന്നൊ ഉള്ള ഉദ്ദേശം കൊണ്ടല്ലെന്നും, ജനഭാഗത്തെ ആവശ്യങ്ങളെയും, ജനങ്ങളുടെ കഷ്ടതകളെയും ഗവൺമെന്റു ഭാഗത്തുനിന്നും നോക്കുമ്പോൾ സ്പഷ്ടമായി കാണാൻ സാധിക്കയില്ലെന്നും അതു ഇവിടെ വ്യക്തപ്പെടുത്തികാണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നും ഗവൺമെന്റു ഭാഗത്തുള്ള മാന്യ മെമ്പറന്മാർ ധരിക്കുമെന്നു വിശ്വസിക്കുന്നു. (ഹീയർ) അതുപോലെതന്നെ ഗവൺമെന്റിനു ഭരണവിഷയത്തിലുണ്ടാകുന്ന വിഷമങ്ങളേയും പ്രത്യേകിച്ചു ഓരോഡിപ്പാൎട്ടുമെന്റിലെ ഭരണകാൎയ്യങ്ങൾ നിൎവഹിക്കുന്നതിനു അവക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും അവർ പറഞ്ഞല്ലാതെ ഞങ്ങൾക്കു ശരിയായും പൂൎണ്ണമായും ഗ്രഹിക്കുവാൻ കഴിയുന്നതല്ലെന്നും ഞങ്ങൾ സമ്മതിക്കുന്നു. ഉദ്യോഗസ്ഥസാമിജകന്മാരുടെ മറുപടിയെ ഞങ്ങൾ ശ്രദ്ധിച്ചുകേട്ടു് ആലോചിച്ചു അവരുടെ വിഷമങ്ങളെ കുറയ്ക്കുന്നതിനു സൎവാത്മനാ പരിശ്രമിക്കുന്നതാണെന്നു പറയുന്നതിൽ യാതൊരുവൈഷമ്യവുമില്ല. ഇത്രയും മുഖവുരയായി പ്രസ്താവിച്ചുകൊണ്ടു ബഡ്ജററ് നിരൂപണത്തിലേക്കു കടക്കുന്നു.

ആയവ്യയഗണനപത്രത്തെപ്പററി ചിന്തിക്കുമ്പോൾ ഈ രാജ്യത്തെ പ്രധാനമായി സംബന്ധിക്കുന്ന കാൎയ്യങ്ങളെ ഒട്ടും വിസ്മരിക്കാൻ പാടുള്ളതല്ല. ഈ രാജ്യം കൃഷിക്കാരുടെ രാജ്യമാണെന്നും ഈ രാജ്യത്തെ മുതലെടുപ്പിൽ പ്രധാനഭാഗവും കൃഷിക്കാരായ ഭൂരിപക്ഷം ജനങ്ങളിൽനിന്നു ലഭിക്കുന്നതാണെന്നും ഈ ജനങ്ങളിൽ വലിയപങ്കും പട്ടണങ്ങളിലല്ല

[Mr. Tariatu Kunjitomman.]

നാട്ടിൻപുറങ്ങളിലാണ് വസിക്കുന്നതെന്നും ഓർക്കേണ്ടതാണ്. എന്നാൽ ബഡ്ജറ്റിന്റെ ഓരോ വശങ്ങളും ഈ വിചാരം ഗവണ്മെന്റിനു ശരിയായുണ്ടായിരുന്നോ എന്ന് സംശയം ജനിപ്പിക്കുന്നു. എന്തെന്നാൽ പ്രജാസഭയുടെ ആരംഭംമുതലെ ജനപ്രതിനിധികൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുംനിന്ന് ഇവിടെ വന്നു തങ്ങളുടെ താലൂക്കുകളിൽ ആവശ്യമായ റോഡുകൾ തരണം. പാലം വേണം കൃഷിസേചനത്തിനും വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിത്തരണം; ആസ്പത്രികൾ തരണം വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കണം. എന്നിങ്ങനെ തുടർന്നു പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. "നോട്ടുചെയ്തിരിക്കുന്നു. ആലോചിക്കപ്പെടും" എന്നെല്ലാം ഗവണ്മെന്റു പ്രജാസഭയിൽ മറുപടിയും തന്നിരുന്നു. ഗവണ്മെന്റിനു പണസംബന്ധമായ ബുദ്ധിമുട്ടുള്ളതുകൊണ്ടു ഇതെല്ലാം ഉടനടി സാധിക്കയില്ലെന്നു വിചാരിച്ചു ഞങ്ങളും അടങ്ങിയിരുന്നു. എന്നാൽ അതേസമയത്തുതന്നെ ഒരേതരത്തിലുള്ള പുതിയനികുതികൾ ഏർപ്പെടുത്തുകയും പഴയനികുതികളുടെ നിരക്കു വർദ്ധിപ്പിക്കയും ചെയ്തു. അതിന്റെ ഫലമായി ഗവണ്മെന്റിന്റെ കോശസ്ഥിതി ഇന്നു വളരെ ആശാസ്യമായ നിലയിൽ എത്തിയിരിക്കുന്നു. കൃഷിക്കാരുടെ നില നാൾക്കുനാൾ അധഃപതിച്ചുകൊണ്ടിരുന്നിട്ടും സങ്കടം പറയാതെ അവർ നികുതിഭാരം വഹിച്ചുവരുന്നു. സർ, മുതലെടുപ്പു വർദ്ധിക്കുന്നതുകൊണ്ടു ജനങ്ങളുടെ ധനസ്ഥിതിയും ഉയർന്നുവരുന്നു എന്ന് വിചാരിക്കുന്നപക്ഷം അതബദ്ധമായിരിക്കും. ജനസംഖ്യവർദ്ധിക്കുന്നതിനനുസരിച്ചു കൃഷി നിലങ്ങളും പുരയിടങ്ങളും വിഭജിച്ചു ഓരോരുത്തരുടെഅംശം കുറഞ്ഞുവരുന്നു. അതിനാൽ ദാരിദ്ര്യം കൃഷിക്കാരെ ബാധിക്കുന്നു. കൃഷിസ്ഥലം വർദ്ധിക്കാത്ത ഒരു കഷ്ടകരാജ്യത്തു ജനസംഖ്യ വർദ്ധിക്കുന്നു എന്നു പറഞ്ഞാൽ ദാരിദ്ര്യം വർദ്ധിക്കുന്നു എന്നാണ് അർത്ഥമാക്കേണ്ടതു്. ഇതാണു ഈരാജ്യത്തെ സ്ഥിതി. പുതിയ ടോൾഗേറ്റ്ഫീസ്, ആദായനികുതി ഇവയും രജിസ്റ്റർഫീസ്, മുദ്രവില, കോർട്ട്ഫീസ് ഇവയുടെ നിരക്കു വർദ്ധനയും ജനങ്ങളെ ഭാരപ്പെടുത്തിക്കൊണ്ടിരിക്കയാണ് എങ്കിലും ഏക ആശ്വാസം ഞങ്ങൾക്കുണ്ടായിരുന്നതു ഞങ്ങളുടെ കൃഷിസേചന വേലകൾക്കു കൂടുതൽ പണം ചിലവുചെയ്യും; ഗതാഗതസൌകര്യത്തിനു കൂടുതൽ റോഡുകൾ കിട്ടും; വൈദ്യസഹായങ്ങൾക്കുകൂടുതൽ ആസ്പത്രികൾ കിട്ടും; പ്രാഥമിക വിദ്യാലയങ്ങൾ കൂടുതൽ സ്ഥാപിച്ചു സാമാന്യജനങ്ങളുടെ വിദ്യാഭ്യാസത്തിനു കൂടുതൽ സൌകര്യമുണ്ടാകും എന്നീത്തരത്തിലുള്ള പ്രതീക്ഷകളാണ്. എന്നാൽ അതെല്ലാം

ഫലത്തിൽ കേവലം വിപരീതമായി കലാശിച്ചു. കൃഷിസേചന വേലകൾക്കുതന്നെ കഴിഞ്ഞകൊല്ലത്തെക്കാൾ ൩൦,൦൦൦-ത്തോളം രൂപാ കുറവായിട്ടാണ് ഈ കൊല്ലത്തിൽ ചേർത്തിട്ടുള്ളതു്.

രാജ്യത്തിലെ ഐശ്വര്യം കൃഷിയെ ആശ്രയിച്ചാണിരിക്കുന്നതു്. തെക്കൻതിരുവിതാംകൂറിൽനിന്നും മാത്രമല്ല മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും നിന്നു കൃഷിസേചനം, കൃഷിയുടെഅഭിവൃദ്ധി ഇതാണ് കൃഷിക്കാരുടെയിടയിൽ നിന്നു ധ്വനിക്കുന്നതു്. അതിനെത്തന്നെയാണ് അവരുടെ പ്രതിനിധികൾ ഇവിടെ പ്രതിധ്വനിപ്പിക്കുന്നതും. അതിനു ഗവണ്മെൻറു എന്താണ് ചെയ്തതു്? കഴിഞ്ഞ കൊല്ലത്തെക്കാൾ ൩൦,൦൦൦ ത്തോളം രൂപാ കുറയ്ക്കമാത്രമാണ് ചെയ്തതു്. (ചിരി). അഞ്ചോ, ആറോ, ലക്ഷം രൂപാ ഈ കാര്യത്തിന്നായി കഴിഞ്ഞകൊല്ലത്തേക്കാൾ ബഡ്ജറററിൽ കൂടുതൽ ചേർക്കുന്നതിനു ഗവണ്മെൻറിനു ഇപ്പോൾ യാതൊരുവിഷമവുമില്ലായിരുന്നു. ഗതാഗതവിഷയത്തെപ്പററിക്കൂടി പ്രസ്താവിക്കാം.

എൻെറ മാന്യസ്നേഹിതനായ, തെക്കൻതിരുവിതാംകൂറിലെ ഒരു മെംബർ തെക്കൻതിരുവിതാംകൂറിൽ റോഡുകൾ കുറവാണ്, വടക്കൻ തിരുവിതാംകൂറിൽ റോഡുകൾ ധാരാളം കൊടുക്കുന്നു എന്നു പറയുകയുണ്ടായി. ഞാൻ ധരിച്ചിരുന്നതു തെക്കൻതിരുവിതാംകൂറിൽ വേണ്ടിടത്തോളം റോഡുകൾ ഉണ്ടെന്നാണ്. ഇപ്പോൾ അവിടെയും റോഡുകൾ കുറവാണെന്നു മനസ്സിലായി. തെക്കൻ തിരുവിതാംകൂറിൽ റോഡുകൾ ധാരാളംഉണ്ടെന്നു ധരിക്കുന്നതിനിടയായതു് ഗവണ്മെൻറു പ്രസിദ്ധീകരണത്തിൽ നിന്നാണ്. അതു ഞാൻ ഇവിടെ ഉദ്ധരിച്ചുകൊള്ളാം. പ്രസംഗം എഴുതീട്ടില്ല. (ചിരി). ഗവണ്മെൻറു പ്രസിദ്ധീകരണത്തിൽ നിന്നു ഒരു ഭാഗം വായിക്കയാണ് „മദ്ധ്യതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും ചതുരശ്രമയിലിനു ഒരുമയിൽ വീതം റോഡുണ്ടു്, എന്നാൽ ഉത്തരതിരുവിതാംകൂറിൽ റോഡുകൾഇതുപോലെ ഇല്ല. ഈ പോരായ്മയെ പരിഹരിക്കുന്നതിനും ഇക്കാര്യത്തിൽ ഉത്തരതിരുവിതാംകൂറിനെ മദ്ധ്യതെക്കൻതിരുവിതാംകൂറിനോടൊപ്പമാക്കുന്നതിനും ഗവണ്മെൻറു ശക്തിയുക്തമായ പരിശ്രമങ്ങൾചെയ്തുകൊണ്ടു വരികയാണ്”. എന്നു് ഗവണ്മെൻറു് ഡയറക്ടറിൽപറയുന്നുണ്ടു്. എന്നാൽ ഉത്തരതിരുവിതാംകൂറിൽ എന്താണ് ചെയ്യുന്നതെന്നു നോക്കുന്നപക്ഷം ചെറിയതുകകൾ മാത്രം ചില റോഡുകൾക്ക് ബഡ്ജറററിൽ കൊള്ളിക്കയും അതിൽ നാലിൽ ഒരു ഭാഗംപോ

[Mr. Tariatu Kunjitomman.]

ലും ചിലവുചെയ്യാതെ തിരിയെ ഭണ്ഡാഗാരത്തിൽതന്നെ വന്നുചേരുന്നതായിട്ടും കാണാം. ഉത്തരതിരുവിതാംകൂറിൽ ജലമാൎഗ്ഗമായി തീരെ സഞ്ചാരസൗകൎയ്യമില്ലാത്ത ഒന്നു രണ്ടു താലൂക്കിനെ ഞാൻ ഇവിടെ എടുത്തു് ഈ സംഗതി ഉദാഹരിക്കാം. തൊടുപുഴ താലൂക്ക് രാജ്യത്തിന്റെ ഉൾഭാഗത്തു് കിടക്കുന്നതുകൊണ്ടു് ജലമാൎഗ്ഗമായ സഞ്ചാരസൗകൎയ്യം തീരെയില്ലാത്തതാണ്. അവിടത്തേക്ക് അത്യാവശ്യമായിട്ടുള്ളതും പ്രജാസഭ, നിയമസഭ ഇവകളിൽ തുടരെ പറഞ്ഞുകൊണ്ടിരിക്കുന്നതുമായ ഒന്നുരണ്ടു ചെറുറോഡുകൾക്ക് രണ്ടു മൂന്നു കൊല്ലമായി ആയിരം, ആയിരത്തിഅഞ്ഞൂറുരൂപാവീതം അനുവദിച്ചിരുന്നു. എന്നാൽ റോഡുവെട്ടാതെ കിടക്കയാണ്. ൧ വാഴക്കുളം മാക്കററിൽ നിന്നും വഴിത്തലമാക്കററിലേക്കു അഞ്ചു മൈൽ നീളം വരുന്ന ഒരു റോഡാണ്. ൧൧൦൧-ൽ ആയിരത്തിൽ ചില്വാനം രൂപാ അനുവദിച്ചിരുന്നു. ഒരു പൈ ചിലവായില്ല. ഒരിഞ്ചു പോലും വെട്ടിയില്ല. ൧൧൦൨-ലും ൧൧൦൩-ലും അതേ ഫലം തന്നെ. വേറെ ഒരു റോഡ് തൊടുപുഴയുടെ കിഴക്കേഭാഗത്തു് മുട്ടം എന്ന സ്ഥലത്തു നിന്നും മീനച്ചിലിലെ അന്തീനാട്ടിലേക്കു തുറക്കാനാണ്. അതിനും ൧൧൦൨-ലും ൧൧൦൩-ലും ബഡ്ജററിൽ പണം അനുവദിച്ചിരുന്നു. ആ റോഡു ഒരടിപോലും വെട്ടാതെ ഇതാ കടന്നു പോകുന്നു. മൂവാററുപുഴയെപ്പററിയും ഉദാഹരണങ്ങൾ പറയാം വാരപ്പെട്ടിയിൽ നിന്നും നടുവക്കാട്ടിലേക്കു ഒരു റോഡുവേണമെന്നു അസംബ്ലിയിൽ മെമ്പറന്മാർ അപേക്ഷിച്ചിരുന്നു. ഞാനും ചോദ്യരൂപേണയും മററും ആ വിഷയം സഭയിൽ കൊണ്ടുവന്നിരുന്നു. ൧൧൦൨-ൽ ആയിരത്തിൽശിഷ്ടം രൂപാ അനുവദിച്ചു, ഒററ പൈ പോലും ചിലവായില്ലാ. ൧൧൦൩-ം ഇതാ ഒരിഞ്ചുപോലും വെട്ടാതെ കടന്നു പോകുന്നു. കുഴികണ്ടം റോഡിൽ നിന്നും പി. കെ. റോഡിലേക്കു ഒരു റോഡ് വെട്ടുന്നതിനു ൧൫൦൦ രൂപാ ൧൦൧-ലും ൧൦൩-ലും അനുവദിച്ചിരുന്നു. ൧൧൦൩-ലും ഒററ പൈ പോലും ചിലവാക്കാതെയും ഒരിഞ്ചു റോഡു പോലും വെട്ടാതെയും ഇതാ രണ്ടാമത്തെ ആണ്ടും കടന്നു പോകുന്നു. തൊടുപുഴ താലൂക്കിലെ ഒരു ചന്തയിൽ നിന്നും മറെറാരു ചന്തയിലേയ്ക്കു ഒരു ചെറുറോഡിനു് പണം അനുവദിച്ചിരിക്കുന്നതായി കാണാം. മറെറാരു ഭാഗത്തു ആ താലൂക്കിലെ രണ്ടു റോഡുകൾ തമ്മിൽ യോജിപ്പിക്കുന്ന ഒരു റോഡിനുംകാണാം ബഡ്ജററിൽകാണുന്നതല്ലാതെ അവിടെ ഒന്നും ചിലവുചെയ്യുന്നില്ലനും വീണ്ടും വീണ്ടും അവ ആവൎത്തിച്ചു ബഡ്ജററിൽ ചേൎക്കുന്ന

തല്ലാതെ വേല തുടങ്ങുകപോലും ചെയ്യുന്നില്ലന്നും ഇതു പോലെ ആണ് വടക്കൻ തിരുവിതാംകൂറിൽ പൊതുമരാമത്തു വകയ്ക്കു ധാരാളം പണം ചിലവു ചെയ്യുന്നു എന്ന അഭിപ്രായപ്പെടുവാൻ ഇടയാകുന്നതെന്നും ഞാൻ പ്രത്യേകം പറയുകയും സംശയമുള്ളവർ കഴിഞ്ഞ മൂന്നു വർഷത്തേ ബഡ്ജറ്റു പരിശോധിക്കണമെന്നു അവരെ അറിയിക്കുകയും ചെയ്യുന്നു.

ഈ വിധം ബഡ്ജറ്റിൽ ചേർത്തിരിക്കുന്ന തുകകളുടെ അധികഭാഗവും വർഷാവസാനത്തിൽ തിരികെ ഗവണ്മെൻറു ഭണ്ഡാരത്തിൽ ചേരുകയൊ ഉദ്യോഗസ്ഥന്മാർ യുക്തമെന്നു തോന്നുന്ന മററു വല്ലിടത്തേയും വേലകൾക്കു ചെലവാക്കയോ ആണെന്ന വാസ്തവം ആവർത്തിച്ചു ഗവണ്മെൻറിനെ അറിയിച്ചിട്ടും ഗൌനിക്കാതെ കടന്നു പോകുന്നു. ആയിരം രൂപാ ഒരു റോഡാരംഭിക്കുവാൻ, മററൊന്നു തുടങ്ങുവാൻ മാത്രം ൫൦൦ രൂപാ ഇങ്ങനെ ചെറിയതുകകളല്ലാതെ അധിക തുകകളൊന്നും ചേർക്കാറില്ല അതു ചിലവാകാതേ ആണ്ടു തോറും മാറി മാറി ബഡ്ജറ്റിൽ സ്ഥലം പിടിക്കയാണ്.

എന്നാൽ പള്ളിവാസൽ മുതലായ യൂറോപ്യന്മാർക്കു വേണ്ടിയുള്ള റോഡുകൾക്കു ബഡ്ജറ്റിൽ ചേർത്ത തുകയേക്കാൾ ലക്ഷക്കണക്കിനു കൂടുതൽ ചിലവു ചെയ്തു വേല നടത്തുവാൻ ഗവണ്മെൻറിനു ഒരു വിഷമവുമില്ല.

നാട്ടുമ്പുറത്തേ കൃഷിക്കാരോടു ഗവണ്മെൻറു കാണിക്കുന്ന മനോഭാവം ഇങ്ങനേ ആണ്.

MR. D. C. JOSEPH (*Agastisvaram*): അതിനു കാരണം എന്താണ്?

MR. TARIATU KUNJITCMMAN (*Muvattupuzha* cum *Todupuzha*): കാരണം എന്താണെന്നു ഗവണ്മെൻറു ഭാഗത്തു നിന്നും പറയേണ്ടതാണ്. റോഡു, കൃഷിസേചനം, ആസ്പത്രി, വിദ്യാലയം എന്നിങ്ങനെപ്രജാസഭയിൽ അടിക്കടി അഭ്യർത്ഥനകൾ വന്നു കൊണ്ടിരിക്കുന്നു. അവയ്ക്കു വിശേഷാൽ നാലോ അഞ്ചോ ലക്ഷം രൂപാ വീതം ഓരോ ഇനത്തിനും കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ബഡ്ജറ്റിൽ ചേർത്തിരുന്നെങ്കിൽ പ്രാദേശിക ആവശ്യങ്ങളെപ്പററി അസംബ്ലിയിൽ അധികം പറയേണ്ടി വരികയില്ലായിരുന്നു. അങ്ങിനെ ചേർപ്പാൻ തക്കവണ്ണം ഇപ്പോൾ ഗവണ്മെൻറിനു ധനവിഷയമായ സൌകര്യം ധാരാളമുണ്ടു.

[Mr Tariatu Kunjitomman]

സർ, ഈ രാജധാനിയിൽ വിദ്ക്യുച്ഛക്തി വെളിച്ചം ഉണ്ടാക്കുന്നതിനോ ജലസൌകര്യം ഉണ്ടാക്കുന്നതിനോ നീണ്ടകരകടൽ പാലം കെട്ടുന്നതിനോ ദേവികുളത്തു റോഡുണ്ടാക്കുന്നതിനോ വേണ്ടി പണം ചിലവു ചെയ്യുന്നതിലധികം ഉപകാരം ഇതുകൊണ്ടു ജനങ്ങൾക്കുണ്ടാകുമായിരുന്നു. പക്ഷേ വമ്പിച്ച വേലകൾ നടത്തിയെന്ന പ്രസിദ്ധി ഇത്ര ഉണ്ടാകയില്ല. എന്റെ ഒരു മാന്യസ്നേഹിതൻ മുൻപു പറഞ്ഞതു പോലെ അത്യാവശ്യം, ആവശ്യം, ആഡംബരം ഇവകളേ വേർതിരിച്ചു മനസിലാക്കി അത്യാവശ്യകാര്യങ്ങൾക്കു ആദ്യമാദ്യം പണം ചിലവു ചെയ്യുകയാണ് വേണ്ടതു. ഗവണ്മെൻറിൻേറ ദൃഷ്ടി സമുദ്രതീരത്തു നിന്നും പട്ടണങ്ങളിൽ നിന്നും കിഴക്കൻ പ്രദേശങ്ങളിലേയ്ക്കു തിരിയ്ക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്, ജനസംഖ്യവർദ്ധിച്ചിരിക്കുന്നതനുസരിച്ചു സമുദ്ര തീരത്തു നിന്നും ജനങ്ങൾ കൃഷിസ്ഥലങ്ങൾക്കായി കിഴക്കോട്ടു ഓടിക്കൊണ്ടിരിക്കുന്നു. അവിടെ അത്യാവശ്യമുള്ളവ ചെയ്തു കൊടുക്കേണ്ട ചുമതല ഗവണ്മെൻറിനു തന്നെ ആണ്. ഈ രാജ്യത്തു നാലു പട്ടണങ്ങളിലായി ൪ ലക്ഷം ജനങ്ങളെ അധിവസിക്കുന്നുള്ളൂ. ബാക്കി നന്നു ലക്ഷം ജനങ്ങളും അധിവസിക്കുന്നതു് ഉൾനാട്ടുകളിലാണ്. ഭൂരിപക്ഷക്കാരായ അവർ കൊടുക്കുന്ന നികുതിയാണ് ഈ വമ്പിച്ച തുകകൾ അതായതു ബഡ്ജറ്റിൽ ആദായമായി കാണിച്ചിരിക്കുന്നതു. ഭൂരിപക്ഷക്കാരായ കർഷകന്മാരുടെ ക്ഷേമത്തെ വിസ്മരിച്ചിട്ടുള്ള യാതൊരഭിവൃദ്ധിയും സാക്ഷാലഭിവൃദ്ധിയാണെന്നു ഗണിക്കാൻ പാടില്ല. വേലചെയ്യുന്നവരായ ഭൂരിപക്ഷം അംഗങ്ങളേ പട്ടിണി ഇട്ടു കൊണ്ടു അവരാൽ സംപാദിച്ചു കൊടുക്കുന്ന പണം കുഡുംബ നായകൻ ആഡംബരത്തിനും അഥിതി സൽകാരത്തിനും വിനിയോഗിക്കുന്നതു പോലെയാണ് ഇന്നത്തേ ബഡ്ജറ്റിൻേറ സ്ഥിതി എന്നു സങ്കടത്തോടുകൂടി പറയേണ്ടിയിരിക്കുന്നു.

നീണ്ടകരപാലം കെട്ടുന്നതിനെക്കാൾ എത്രയോ അത്യാവശ്യമായഒരു സംഗതി ആണ് പെരിയാററിൽ ഒരു പാലം കെട്ടുകയെന്നുള്ളതു. ആ പാലം നിർമ്മിച്ചാൽ ഈ രാജ്യത്തിൻേറ ഒരററം മുതൽ മറേറ അററം വരെ സഞ്ചാരസൌകര്യം ഉണ്ടാകും കേരളത്തിന്റെ അററം വരെഎന്നല്ല ഹിമാലയം വരെ കരമാര്ഗ്ഗമായി പോകാം കായലോരത്തേ റോഡുകളും പാലങ്ങളും കച്ചവടത്തിനു സാമാനങ്ങൾ കടത്തിക്കൊണ്ടുപോകാൻ ഉപയോഗപ്പെടുകയില്ല എന്തെന്നാൽ ൨ ൦ ൽ

൩൦-ടൺ ഭാരം കയറുന്ന കെട്ടുവള്ളങ്ങളോടു മോട്ടാർലോറികളും കാളവണ്ടികളും കൂലിയുടെ വിഷയത്തിൽ താരതമ്യപ്പെടുത്താവുന്നതല്ല. അവിടെപാലം തീന്നാലും സാമാനങ്ങൾ വള്ളത്തിലേപോകൂ. പെരിയാററിലെ പാലം ജലമാൎഗ്ഗമായി സഞ്ചാരസൌകൎയ്യമില്ലാത്ത ഉൾഭാഗത്തേ മെയിൻറോഡിലാണല്ലൊ, അതുകച്ചവടത്തിനും അധികം ഉതകും. നീണ്ടകരകടൽ പാലം ഒന്നിൻെറ ചിലവുകൊണ്ടു തന്നെ ഉൾനാടുകളിലെ എത്രയൊ താലൂക്കുകളിലെ റോഡുകളും പാലങ്ങളും തീൎത്തു സഞ്ചാര സൌകൎയ്യം വർദ്ധിപ്പിക്കാമായിരുന്നു. ടോൾവച്ചു അവയ്ക്കുള്ള ചിലവു ക്യാപ്പിററലാക്കിയാലും ജനങ്ങൾക്കു സങ്കടമില്ലായിരുന്നു. ഉത്തര തിരുവിതാംകൂറിലെ കുന്നത്തുനാടു താലൂക്കിലുള്ള അതിരപ്പള്ളി ജലസേചന പദ്ധതി നടപ്പിൽ വരുത്തിയെങ്കിൽ അനവധി ഏക്കർ സ്ഥലം കൃഷിനിലമാകുകയും അനേകം ജനങ്ങൾക്കു ഉപജീവനമാൎഗ്ഗം ലഭിക്കയും ചെയ്യുന്നേ. തമ്പ്രാന്തുരെ വൻപിച്ച റെയിൽവേസ്റ്റേഷനോ വിദ്യുൽശക്തിവെളിച്ചമൊ കാൾ ഇതു ജനക്ഷേമകരവും ഗവൺമെൻറു മൂലധനവുമായിരുന്നേനേ.

ഉൾനാടുകളിലെ പ്രാഥമികവിദ്യാഭ്യാസവിഷയമായും ഗവൺമെൻറു വളരെപണം ഉടനെചിലവുചെയ്യേണ്ടതാണ്. ൪൭ ലക്ഷത്തോളംവിദ്യാഭ്യാസ വകുപ്പിനു നീക്കിവച്ചിരിക്കുന്നെങ്കിലും അതിൽ ൧൭ ലക്ഷത്തോളം രൂപാ മാത്രമേ പ്രാഥമികവിദ്യാഭ്യാസത്തിനായൊള്ളു. പ്രാഥമിക വിദ്യാലയങ്ങൾ ഇനിയും ധാരാളം സ്ഥാപിച്ചെങ്കിലേ വിദ്യാഭ്യാസം നിർബന്ധിതമാക്കാവൂ. ചിലതാലൂക്കുകളിൽ ധാരാളം പ്രാഥമികവിദ്യാലയങ്ങൾ ഉള്ളതുകൊണ്ടു എല്ലാതാലൂക്കുകളിലും അപ്രകാരം ആയിരിക്കുമെന്നു അഭിമാനിക്കയാണെങ്കിൽ അതു അബദ്ധമാണ്. ൩൮൭൭- വിദ്യാലയങ്ങൾ ഈ രാജ്യത്തുള്ളതിൽ തിരുവല്ലായിൽ ൩൬൬-ം നെയ്യാററിൻകരയിൽ ൨൬൮-ം ഉണ്ടു്. ൧൪ ഡിപ്പാർട്ടുമെൻറു സ്ക്കൂളുകളും, ൧൩ ഗ്രാൻറുസ്ക്കൂളുകളും ഉൾപ്പെടെ തൊടുപുഴത്താലൂക്കിൽ ൨൬- സ്ക്കൂളുകൾ മാത്രമെയൊള്ളു; മൂവാററുപുഴയിൽ രണ്ടുയിനത്തിലുമായി ൬൩-സ്ക്കൂളുകളാണുള്ളതു്. ഇങ്ങനെസ്ക്കൂളുകളെ സംബന്ധിച്ചു ഓരോ താലൂക്കുകൾക്കും തമ്മിൽയാതൊരു സാമ്യവുമില്ല. കൃഷിക്കാരിൽ ഭൂരിപക്ഷം ജനത്തിനും പ്രാഥമികവിദ്യാഭ്യാസത്തിനു മാത്രമെനിവൃത്തിയൊള്ളു. ആ നിലയിൽ അവർ ദാരിദ്ര്യത്തിൽ ആണ്ടു കിടക്കയാണ്. അവൎക്കു പ്രാഥമിക വിദ്യാഭ്യാസമെങ്കിലും ഉണ്ടാക്കിക്കൊടുക്കുവാൻ

[Mr. Tariatu Kunjitommau].

അവരുടെ പണം വിനിയോഗിച്ച് വേണ്ടതു ചെയ്തശേഷമായിരുന്നു കടൽപാലം, വമ്പിച്ചറയിൽവേ സ്റ്റേഷൻ, വിദ്യുൽദീപം മുതലായവക്കു ചിലവു ചെയ്യാൻ. ബിൽഡിംഗ് ഗ്രാൻറുകൊടുത്തു് ജനങ്ങളെ പ്രോത്സാഹിപ്പിച്ചു അവരെക്കൊണ്ടു തന്നെ കെട്ടിടങ്ങൾ കെട്ടിയും പോരാത്തതു ഗവണ്മെൻറു തന്നെ ചെയ്തു് ധാരാളം സ്ക്കൂളുകൾ ഉണ്ടാക്കണം; അതിനു തന്നെ രണ്ടു മൂന്നുലക്ഷം രൂപാചിലവു ചെയ്താലും തരക്കേടില്ല. പരക്കെ ഉപയോഗമുള്ളതാണല്ലൊ. വാദ്ധ്യന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും ആവശ്യമുള്ള തുകചേർക്കേണ്ടതായിരുന്നു. ഗവണ്മെൻറു ഒരു ഹുണ്ടിയൽകടയൊ കച്ചവടകമ്പനിയൊ അല്ലല്ലോ; നികുതിപിരിക്കുന്നതുക കറഞ്ഞ പലിശക്കു രാജ്യത്തിനു പുറത്തു കടം കൊടുക്കാതെ അത്യാവശ്യങ്ങൾക്കു വിനിയോഗിക്കേണ്ടതായിരുന്നു. ൫൨-ം ൫൭-ം പലിശക്കു കൃഷിക്കു പണം കടംവാങ്ങുന്ന കൃഷിക്കാരിൽ നിന്നു പിരിക്കുന്ന നികുതിക്രുട്ടി ചുരുങ്ങിയ പലിശക്കു പുറത്തു കടം കൊടുത്തിരിക്കുന്നതു കഷ്ടംതന്നെ. അതുകൊണ്ടു ഗവണ്മെൻറു വിദേശബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന പണത്തെ മുൻപ്രസ്ഥാപിച്ചവയ്ക്കു ചിലവുചെയ്കയും ബാക്കിയുള്ളതു ദീർഘകാലത്തെഅവധിയിന്മേൽ മിതമായ പലിശയ്ക്കു ഈ രാജ്യത്തെ സാധുകൃഷിക്കാൎക്കു വസ്തു ഈടിന്മേൽ കടംകൊടുത്തു് അവരുടെകൃഷിത്തൊഴിലിനെ വർദ്ധിപ്പിക്കത്തക്കവണ്ണം ഒരു കൃഷിബാങ്കു തുറക്കയും വേണം.

ഇത്രയും പറഞ്ഞു കൊണ്ടുബാക്കിപറയേണ്ടതായ ഓരോ വിഷയങ്ങളെ പററിയും അതാതു ഉപക്ഷേപങ്ങൾ വരുമ്പോൾ പറയാമെന്നു വിചാരിച്ചു പ്രസിഡെൻറിൻെറആജ്ഞയനുസരിച്ചു വിരമിച്ചുകൊള്ളുന്നു.

MR. A. C. KURIAKOSE (*Minachil cum Devikolam*): സർ; ബഡ്ജററിനെപ്പററി അല്പം പറയണമെന്നു എനിക്കും ആഗ്രഹമുണ്ടു്. വാസ്തവത്തിൽ ബഡ്ജററു തൃപ്തികരമായിരിക്കുന്നഎന്ന് ഒരു നിലയിൽ ബോദ്ധ്യപ്പെടുത്താവുന്നതാണ്. തിരുവിതാംകൂറിലെ വരവു ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കയും, അതേഅവസരത്തിൽതന്നെ ഗവണ്മെൻറു ഔദാൎയ്യപൂൎവ്വം ചിലവുചെയ്തുകൊണ്ടിരിക്കയും ചെയ്യുന്നുഎന്ന് ബഡ്ജററിലെ വരങ്ങൾ നോക്കിയാൽ കാണാം. ഇതിനും പുറമെ ഒരു നല്ലതുക മിച്ചംവയ്ക്കയും കൂടി ചെയ്യുന്നതു പ്രത്യേകം അഭിമാനകരമാണെന്നു പറയാനും ഭാവിക്കുവാനും കഴിയും. എൻെറ പക്ഷത്തിൽ, ബഡ്ജററിലെ ഓരോ ഭാഗവും പ്രത്യേകം അഭിമാനത്തെ അൎഹിക്കത്തക്കവണ്ണമോ അഭിനന്ദനീയമായോ

ഉള്ള നിലയിലല്ല ഇരിക്കുന്നതെന്നാണ്. രാജ്യത്തിലെ മുതലെടപ്പു വൎദ്ധിക്കുന്നതിൽ ഗവൺമെൻറു ന്യായമായ പലപദ്ധതികളും അംഗീകരിച്ചിട്ടുണ്ട് എങ്കിലും ക്രമേണ ജനങ്ങളുടെ ആവശ്യത്തിനു വേണ്ടി അവരുടെ അപേക്ഷപ്രകാരം കുറവുചെയ്യാമെന്നു ഗവൺമെൻറു വാഗ്ദാനംചെയ്തിരിയ്ക്കുന്ന അബ്കാരിഇനത്തിൽ തന്നെ ഈ വൎഷത്തിൽ ഒരു വലുതായതുക കൂടുതൽ വരവു വരുന്നതാണെന്നു കണക്കാക്കീട്ടുണ്ട്. അതേഅവസരത്തിൽ തന്നെ ഈ സംഗതിയിൽ ഗവൺമെൻറു ഡിപ്പാൎട്ടുമെൻറിനെ അല്പം അഭിനന്ദിക്കുന്നതായിട്ടും തോന്നുന്നു. ഇതു ഒരിക്കലും ജനങ്ങൾക്കു സന്തോഷകരമായിരിക്കുന്നതല്ലെന്നു പറയേണ്ടിയിരിക്കുന്നു. ക്രമേണ ഷാപ്പുകളുടെ സംഖ്യകുറയ്ക്കുക, മദ്യവിക്രയത്തിന് പ്രത്യേകം സ്ഥാനങ്ങൾ ഏൎപ്പെടുത്തുക, മദ്യപാനത്തിനുള്ള സൌകൎയ്യങ്ങളെ കുറവാക്കുകമുതലായമാൎഗ്ഗങ്ങളിൽക്കൂടി ജനങ്ങളുടെ മദ്യപാനത്തിലുള്ള ആസക്തിയെകുറച്ചു ഏതാനം സംവത്സരത്തിനകം മദ്യവൎജ്ജനം സാധിക്കുന്നതാണെന്നു ഗവൺമെൻറു പ്രസ്താപിച്ചിരിയ്ക്കെ, ജനങ്ങൾക്കു ഏററവും സൌകൎയ്യമായ വിധത്തിൽ ആവശ്യമുണ്ടെങ്കിലും, ഇല്ലെങ്കിലും മദ്യം ഉപയോഗിക്കുന്നതിനു സൌകൎയ്യം വൎദ്ധിപ്പിച്ചുകൊണ്ടിരിക്കത്തക്കവണ്ണം രാജ്യത്തിൻെറ നാനാഭാഗങ്ങളിലും മദ്യഷാപ്പുകൾ ഏൎപ്പെടുത്തുന്നതിനു സഹായിച്ചു കൊണ്ടിരിക്കുന്ന ഗവൺമെൻറിൻെറ നയവും, ആ ഇനത്തിൽ ഗവൺമെൻറിനു ഉണ്ടാകുന്ന ധനാഭിവൃദ്ധിയും തൃപ്തികരമായ ഒരുനിലയിലാണിരിക്കുന്നതെന്നു ആരും അഭിപ്രായപ്പെടുകയില്ല.

അതുപ്രകാരം തന്നെ ടോൾഗേററിൻെറകാൎയ്യവും. ഇതേപററി മററു സാമാജികന്മാർ പറഞ്ഞിട്ടുള്ളതുകൊണ്ട് ഇനി ചൎവ്വിതചൎവ്വണം ചെയ്യണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ ഇനത്തിൽനിന്നുമുള്ള വരവുഅഭിനന്ദനീയമായ ഒരു വരവാണെന്നു വിചാരിക്കാൻ കാരണമില്ല. ചിലവുചെയ്യുന്നവിഷയത്തിലും ഓരോപ്രദേശത്തിലേയും ആവശ്യങ്ങൾ സുലഭമായി ഗവൺമെൻറിന് അറിയാമെന്നിരിയ്ക്കെ, ഓരോപ്രദേശത്തിൽനിന്നും എല്ലാവൎഷവും പ്രജാസഭമാൎഗ്ഗം ജനങ്ങളുടെ ആവശ്യവും അത്യാവശ്യവും എത്രമാത്രമുണ്ടെന്ന് ഗവൺമെൻറിനെ നല്ലവണ്ണം പ്രബോധിപ്പിച്ചുകൊണ്ടിരിയ്ക്കെ, ആ പ്രതിനിധികളോട് ആശാജനകമായും വിദൂരമല്ലാത്ത ഒരു ഭാവിയിൽ കാൎയ്യങ്ങൾ സാധിച്ചു കൊടുക്കുന്നതിന് സന്നദ്ധമായിരിക്കുന്നു എന്ന നിലയിലും മറുപടികൊടുത്തതിനു ശേഷം ബഡ്ജററ് തയാറാക്കുന്ന സന്ദൎഭത്തിൽ ഡിവിഷൻ തിരിച്ചോ അല്ലെങ്കിൽ രാജ്യത്തിൻെറ പ്രത്യേകഭാഗങ്ങളെ പരിഗണിച്ചോ ഒരു വലി

[Mr. A. C. Kuriakose.]

യ സംഖ്യ ബഡ്ജററിൽ കൊള്ളിക്കാറുണ്ടെങ്കിലും പല അവസരങ്ങളിലും പ്രാദേശികാവശ്യങ്ങളെ സാധിച്ചുകൊടുക്കേണ്ടവിഷയത്തിൽ സർവ്വപ്രധാനമായ ഒരു നിരീക്ഷണം ഗവണ്മെൻറിനില്ലഎന്ന് പറയേണ്ടിവന്നതിൽ ഞാൻവ്യസനിക്കുന്നു. പല പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങൾക്ക് അവരവരുടെ കാര്യങ്ങൾ വലുതായിട്ടുതന്നേ തോന്നാം "ഓരോ പ്രദേശങ്ങളിലുമുള്ള ആവശ്യങ്ങൾ വളരെ അധികമാണ് ഇതെല്ലാം ഗവണ്മെൻറിന് ഏകകാലത്തിൽ നിർവ്വഹിക്കാൻ സാധിക്കുകയില്ല" എന്ന് എല്ലാ പ്രതിനിധികളോടും പറയാമെന്നിരുന്നാലും അവരുടെ അത്യാവശ്യം കൊണ്ടാണ് ഗവണ്മെൻറിനെ പ്രബോധിപ്പിക്കാൻ അവർ നിർബ്ബന്ധിതരായിത്തീരുന്നത് എന്നു ഓർക്കേണ്ടതാണ്. ഇങ്ങിനെപ്രാദേശികങ്ങളായ ആവശ്യങ്ങളെപ്പററി പറയുമ്പോൾ ഗവണ്മെൻറ് കരുണയോടുകൂടിചിന്തിക്കയും എല്ലാഡിപ്പാർട്ടുമെൻറുകളും അതതുഡിപ്പാർട്ടുമെൻറുകളേസംബന്ധിച്ചിടത്തോളം ഓരോ പ്രദേശത്തേയും പററി ശരിയായി അന്വേഷിക്കേണ്ട വിഷയങ്ങൾ അവരുടെ ശ്രദ്ധയിൽ വേണ്ടപോലെ പതിയുന്നുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നാൽ നിശ്ചയമായിട്ടും ജനങ്ങളുടെ സങ്കടത്തിന് ഏറക്കുറെ പരിഹാരമുണ്ടാകുമായിരുന്നു. മീനച്ചൽ, തൊടുപുഴ മുതലായ താലൂക്കുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വളരെയധികം ആവശ്യങ്ങൾ നിർവഹിക്കപ്പെടുവാനുണ്ടെന്ന് ഗവണ്മെൻറിന് തന്നെ ബോധ്യമായിട്ടുണ്ട്. ൨൨-ാമത്തെ പ്രജാസഭയിൽ, ഞാൻപ്രാദേശികാവശ്യങ്ങളെ വിശദപ്പെടുത്തിസമർപ്പിച്ച നിവേദനത്തിന് ദിവാൻജി "മീനച്ചൽ താലൂക്ക് ഇതര താലൂക്കുകളെ അപേക്ഷിച്ച ധനവിഭജന വിഷയത്തിൽ കൂടുതൽ ഭാഗം അർഹിക്കുന്നുണ്ട്. ഗവണ്മെൻറു ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്" എന്ന് മറുപടിപറഞ്ഞിട്ടുണ്ട്. അതിൽ പിന്നീട് ഇതുവരെയായിട്ടും ആ താലൂക്കിൽ ഈ മറുപടിയനുസരിച്ച് ഒരു കാര്യവും സാധിച്ചിട്ടുള്ളതായി എനിക്കോർമ്മയില്ല. എൻെറ മുൻഗാമിയായ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ ഓരോതാലൂക്കിലേയും പ്രത്യേകിച്ച് ഉത്തരതിരുവിതാംകൂറിലുള്ള എല്ലാതാലൂക്കുകളിലേയും പ്രാദേശികാവശ്യങ്ങൾക്കായി അനുവദിക്കുന്നതുക ലാപ്സായിപോകുന്നുണ്ട്. ഇതിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണം.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെപ്പററി ഇവിടെ പലരും പറഞ്ഞു. എനിയ്ക്കു അതിൽ അധികമൊന്നും പറയാനില്ല. ഉദ്യോഗസ്ഥരുടെ കീ

ഴിൽ ഈ ഡിപ്പാർട്ടുമെൻറിരിക്കുന്നു. ഇതിൽ പലവകുപ്പുകളും അടങ്ങിയിട്ടുണ്ട്. കാളേജിൻെറ ഭരണം നടത്താൻ ഏതാനും പ്രിൻസിപ്പാളന്മാരെയും പ്രഫസർമാരെയും ഏല്പ്പെടുത്തിയിട്ടുണ്ടു. അവർ ഭരണം ഭംഗിയായിട്ട് നടത്തുന്നു. പിന്നീടു ഹൈസ്കൂൾഡിപ്പാർട്ടുമെൻറിനെപ്പററി അന്വേഷിക്കാൻ ഒരുഇൻസ്പെക്ടരും ഏതാനും അസിസ്റ്റൻറുഇൻസ്പെക്ടന്മാരുംഉണ്ട്. വെർണാകലർപ്രത്യേകം ഒരു ഡിപ്പാർട്ടുമെൻറാണ്. ചീഫ് ഇൻസ്പെക്ടരും, അസിസ്റ്റൻറു ഇൻസ്പെക്ടർമാരും കൂടി ആവകുപ്പ് ഭരിക്കുന്നു. ഇങ്ങിനെ വിവിധശാഖകളായിട്ടു കിടക്കുന്നതുകൊണ്ട് ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷനൊ അല്ലെങ്കിൽ പ്രത്യേകം ഭരണം നടത്തുന്ന ആളുകൾക്കൊ അതാതു് ഡിപ്പാർട്ടുമേൻറിലുള്ള അത്യാവശ്യങ്ങളെ വേണ്ടപോലെ ഗ്രഹിക്കുന്നതിന് സൌകര്യംകിട്ടാത്തതുകൊണ്ടൊ, ഓരോരുത്തരും വേണ്ടവിധംഇക്കാര്യത്തിൽ ശ്രദ്ധിക്കാത്തതുകൊണ്ടൊ, ഡിപ്പാർട്ടുമെൻറാവശ്യങ്ങൾ വേണ്ടവിധം നടക്കാതിരിക്കുന്നു. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതി വളരെ ദയനീയമാണ്. അതു ഇവിടെ പലരും പറഞ്ഞകൂട്ടത്തിൽ എനിക്കും പറയാതിരിക്കാൻ തരമില്ല. നാട്ടുഭാഷാപള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറു മാനേജ്മെൻറിൽ നടത്തുന്ന പള്ളിക്കൂടങ്ങളിൽ തന്നെ ഡയറക്ടരുടെ ശ്രദ്ധവേണ്ടുവോളം പതിയുന്നില്ല. ഇംഗ്ലീഷ്ഹൈസ്കൂൾസ് തന്നെ പരിശോധിക്കുന്നതിനുസൌകര്യമില്ലാത്ത ഡയറക്ടർ മലയാളം പള്ളിക്കൂടം പരിശോധിക്കണം എന്നുപറയുന്നതു് സാഹസമായിട്ടുതോന്നാം. എന്നാൽ പ്രത്യേകവകുപ്പുകളായി സ്ഥിതിചെയ്യുന്ന സകല ശാഖകളിലും മേധാവിയുടെ ശ്രദ്ധ പതിയേണ്ടതു ആവശ്യമാണ്. ഓരോ വകുപ്പുകളുടേയും അദ്ധ്യക്ഷന്മാർ ശരിയായി ഭരണംനടത്തുന്നതിനും ഭരണീയന്മാരുടെആവശ്യങ്ങൾ ശരിയായി ധരിക്കുന്നതിനും ഇതാണുഉത്തമമായ മാർഗ്ഗം. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ കുറഞ്ഞ ശമ്പളക്കാരുടെ കാര്യത്തിൽ ശ്രദ്ധയില്ലാത്തതുപോലെ മറേറതെങ്കിലും വകുപ്പിലുള്ളവരുടെ കാര്യത്തിൽകാണുന്നില്ല. ഇതു മേലധികാരികൾ ശരിയായി അന്വേഷിക്കാത്തതുകൊണ്ടാണെന്നുകൂടി പറയാതേയിരിക്കാൻ നിവൃത്തിയില്ല. തിരുവിതാംകൂറിലെ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന സംഗതിയെപ്പററി പ്രജാസഭയുടേയും ഈ സഭയുടേയും പലയോഗങ്ങളിൽ ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടിട്ടും ആ സാധുക്കളുടെകാര്യത്തിൽ ആ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനൊ അല്ലെങ്കിൽ പ്രത്യേകമായവകുപ്പിനെ ഭരിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥ

[Mr. A. C. Kuriakose.]

നൊ ഗവൺമെൻറിനു തന്നേയോ ദയതോന്നിയിട്ടില്ലാ എന്നുള്ളതു് വളരെ സങ്കടകരമാണ്. ഔദ്യോഗികമായ വിഷയങ്ങളിൽ പ്രവൎത്തിചെയ്തുജീവിക്കേണ്ട അദ്ധ്യാപകന്മാൎക്കു ജീവിതാവശ്യത്തിനു മതിയാകത്തക്കവണ്ണം ശമ്പളക്കൂടുതൽ കൊടുക്കുന്നതിന് ആരുംവിപരീതാഭിപ്രായം പറയുകയില്ല. ഗവൺമെന്റു വിചാരിച്ചാൽ അവൎക്കു തൃപ്തികരമായ ശമ്പളം കൊടുക്കാൻ സാധിക്കുന്നതാണ്. ഇവൎക്കു ശമ്പളം കൂട്ടികൊടുക്കുന്നതുകൊണ്ടു ഗവൺമെന്റു ദാരിദ്ര്യത്തിൽ ആണ്ടു പോകയില്ല. തിരുവിതാംകൂറിനു ആവശ്യപ്പെടുമ്പോൾ പണം ഉണ്ടാകും അതിനു [illegible]സാഹചര്യങ്ങളുണ്ട്. ബഡ്ജറ്റിൽ മിച്ചം വച്ചു അതു ഒരു അലങ്കാരമായികാണിക്കുന്നതിനെക്കാൾ നല്ലതു, സാധുക്കളായ അദ്ധ്യാപകന്മാൎക്കു ൧൧൦൪-ാമാണ്ടു മുതല്ക്കുതന്നെ ശമ്പളം കൂട്ടികൊടുക്കുന്നതാണെന്നാണ് എന്റെ അഭിപ്രായം. (MR. A. S. DAMODARAN ASAN *Hear hear*) ഇതിലേക്കു രണ്ടോ നാലോ ലക്ഷംരൂപാ ചിലവു ചെയ്യേണ്ടിവന്നേക്കാം. അദ്ധ്യാപക ശമ്പളക്കമ്മിറ്റിയുടെ റിപ്പോൎട്ടു എന്താണെന്നു ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. കുറഞ്ഞപക്ഷം ൨൦-രൂപായിൽ കുറയാത്ത ഒരു ശമ്പളം അദ്ധ്യാപകന്മാൎക്കു നൾകത്തക്കവണ്ണം ഏൎപ്പാടുചെയ്താൽ അവരുടെ ജീവിതം മാനമായി കഴിച്ചുകൂട്ടുകയും തന്നിമിത്തം തിരുവിതാംകൂറിലെവിദ്യാഭ്യാസംനല്ലനിലയിൽ വരുന്നതിനു ഇടയാകയുംചെയ്യും.

പൊതുമരാമത്തിനെപ്പറ്റിയാണ് ഇനിപറയാനുള്ളതു്. എവിടെയും ഗതാഗതസൌകൎയ്യമാണത്യാവശ്യം. പ്രജാസഭനടപടി പരിശോധിക്കുന്നപക്ഷം ഗതാഗതസൌകൎയ്യം വൎദ്ധിപ്പിക്കേണ്ടതിനെ സംബന്ധിച്ചു ആവശ്യപ്പെടുന്ന താലൂക്കുകളെ ഉള്ളൂ എന്നു കാണാം. ഓരോ താലൂക്കിനും ഓരോപ്രദേശത്തിനും ഗതാഗതസൌകൎയ്യത്തിനായിട്ടു് നിശ്ചയിച്ചിരിക്കുന്ന തുക തുച്ഛമാണ്. അതുകൊണ്ടു് ഈ ഡിപ്പാൎട്ടുമെന്റിൽ ചിലവു ചെയ്യാൻനിശ്ചയിച്ചിരിക്കുന്ന തുകയെ അതാതു താലൂക്കുകൾക്കു ശരിയായി വിതരണംചെയ്തു ഗതാഗതസൌകൎയ്യം വൎദ്ധിപ്പിക്കേണ്ടതാണ്.

ഇനി പരസ്പരസഹായ ഡിപ്പാൎട്ടുമെന്റിനെപ്പറ്റിയാണ് എനിക്കു് പറയാനുള്ളതു്. ഈ ഡിപ്പാൎട്ടുമെന്റു് തിരുവിതാംകൂറിൽ സൎവ്വപ്രധാനമായ ഒരു ഡിപ്പാൎട്ടുമെന്റാണ്. എന്നാൽ എല്ലാജാതിക്കാൎക്കും ദേശക്കാൎക്കും ഒരുപോലെ സഹകരിച്ചു പ്രവൎത്തിക്കത്തക്ക

വണ്ണം ഈ ഡിപ്പാർട്ടമെൻറു പരിശ്രമിച്ചുകൊണ്ടിരിക്കുന്നുഎന്നുള്ള അഭിപ്രായം എനിക്കില്ല. മീനച്ചൽ പരസ്പരസഹായസംഘം സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിൽ പലപ്രകാരം തടസ്സങ്ങളും ഈ ഡിപ്പാർട്ടമെൻറിൽ നിന്നും ഉണ്ടായിട്ടുണ്ട്. കൌൺസിലിൽ ഇതിനുമുമ്പ് ചില മെമ്പ്രന്മാർ ഇതുസംബന്ധിച്ചു പലതുംചോദിച്ചിട്ടുണ്ട്. സംഘങ്ങൾ പ്രാദേശികങ്ങളായിരിക്കണം എന്നു രജിസ്ട്രാർ താല്പയ്യപ്പെടുന്നു. എന്നാൽ ചിലവഗ്ഗങ്ങൾക്കു വഗ്ഗീയമായും അനുവദിച്ചുകൊടുക്കാറുണ്ട്. മററു ചിലക്കാകുമ്പോൾ അതിൽ വളരെവിഷമം കാണുന്നു. വഗ്ഗീയസംഘങ്ങൾധാരാളം സ്ഥാപിച്ചുകഴിഞ്ഞു. ചില പ്രദേശങ്ങളിൽ സംഘങ്ങളേസംബന്ധിച്ചു ബോധം ഉണ്ടായിതുടങ്ങിയതേയുള്ളൂ. പ്രത്യേകവഗ്ഗം ജനങ്ങൾക്ക് വഗ്ഗീയമായി അനുവദിക്കയില്ല എന്നു പറയുന്നതിനു ന്യായമില്ല. വടക്കൻ താലൂക്കുകളിൽ മിക്കസ്ഥലത്തും കേവലം ആവശ്യത്തിനുമാത്രമെങ്കിലും സംഘം സ്ഥാപിക്കാതിരിക്കുമ്പോൾ വഗ്ഗീയസ്ഥാപനം പാടില്ലെന്നു രജിസ്ട്രാർ നിബന്ധിക്കുന്നതു് എന്തൊരു ന്യായത്തേ ആസ്പദമാക്കിയായിരിക്കാം എന്നു രൂപമില്ല. മീനച്ചൽ മുതലായ വടക്കൻതാലൂക്കുകളിൽ വഗ്ഗീയസംഘസ്ഥാപനവും പ്രാദേശിക സംഘസ്ഥാപനവും വേണ്ടുവോളം ഇല്ലാതിരിക്കുന്നു. തിരുവിതാംകൂറിൽ പലസ്ഥലത്തും വേണ്ടപോലെ പ്രാദേശികവഗ്ഗീയസംഘങ്ങൾ ഏപ്പെടുത്തിട്ടുള്ള ഠരം ഡിപ്പാർട്ടമെൻറു് അതിൽചില വഗ്ഗക്കാരോടും ദേശക്കാരോടും മാത്രം വിപരീതമായി പ്രവത്തിക്കുന്നു. ചിലപ്രദേശങ്ങളിൽ മാത്രമുള്ള ആളുകളെ സംബന്ധിച്ചിടത്തോളംഒരുസംഘവും ലഭിക്കാതിരിക്കുന്നുഎന്നുള്ളതു് പ്രത്യേകം ഗവണ്മെൻറിൻെറശ്രദ്ധയിൽ പെടണമെന്ന് അപേക്ഷയുണ്ട്. കൃഷിഡിപ്പാർട്ടമെൻറും തെക്കൻ താലൂക്കുകളിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു കാണുന്നു. വടക്കൻ പ്രദേശങ്ങളിലുള്ള കൃഷിസ്ഥലങ്ങളേയും ഈ ഡിപ്പാർട്ടമെൻറു അതെ അവസരത്തിൽ ഗൗനിക്കേണ്ടതാണ്. ഇങ്ങിനെ ഓരോ ഡിപ്പാർട്ടമെൻറിനെപ്പററിയും ബഡ്ജററിനേപ്പററിയും എനിക്കു വളരെ അധികം പറയാനുണ്ടെങ്കിലും തല്ക്കാലം അതിനു ഒരുങ്ങിയിട്ടില്ല. ഈ കൌൺസിലിൽ ഹാജരായി എന്തെങ്കിലും പ്രതിവാദിക്കുന്നതിനുതന്നെ ശക്തിയും സൌകയ്യവും ഉണ്ടാകുമൊ എന്നു സംശയമായ ഒരു നിലയിൽ ആണ് ഞാൻ ഇരുന്നിരുന്നതു്. അതിനാൽ ഇതിലധികംസമയം ഉപയോഗപ്പെടുത്തുവാൻ ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെൻറിൻെറ ശ്രദ്ധ ഉത്തരതിരുവിതാംകൂറിൽ ധാരാളമായി പതിയണമെന്നും അതെ അവസരത്തിൽ തന്നെ വിവിധ വകുപ്പുകളിലെ മേധാവികളുടെ കൂടുതൽ

[Mr. A. C. Kuriakose.]

ശ്രദ്ധ അവിടെ പ്രവൎത്തിക്കുന്നതിനു ഇടയാകണമെന്നും സൎവ്വോപരിയായി അദ്ധ്യാപകന്മാരുടെ ദയനീയമായ അവസ്ഥ പ്രത്യേകിച്ചു് ഒരു മഹാകാൎയ്യമായി ഈ നാട്ടുകാർ വിചാരിക്കുന്നതിനാൽ അവരുടെ ശമ്പളത്തിൽ ക്രമമായ വൎദ്ധന ഉണ്ടാക്കിക്കൊടുക്കണമെന്നുമുള്ള അപേക്ഷയെ സമൎപ്പിച്ചുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

MR. L. R. RAJARAJA VARMA KOIL TAMPURAN (*Changanacherry cum Peermade*): സർ, ടോൾഗേററു നിൎത്തണം, അഞ്ചൽകാൎഡ് കവർ എന്നിവകളുടെ വില കുറയ്ക്കണം എന്നിങ്ങനെ രണ്ടു പ്രമേയങ്ങൾ ഈ കൌൺസിലിൽ പാസ്സായിട്ടും അതിനെസംബന്ധിച്ചു ഗവൺമെൻറു ഇതുവരെയും യാതൊരു നടപടിയും നടത്തീട്ടില്ലാത്തതുകൊണ്ടുള്ള പ്രതിഷേധം രേഖപ്പെടുത്തുകമാത്രമെ ഞാൻ ഇവിടെ ചെയ്യണമെന്നു വിചാരിക്കുന്നൊള്ളു. ഇങ്ങനെ കൌൺസിൽമെമ്പറന്മാരായ ഞങ്ങൾ പറയുന്നതു തുച്ഛമായി ഗവൺമെൻറു വിചാരിക്കുന്ന സ്ഥിതിക്കു ഇവിടെ ഞങ്ങൾ എന്തെങ്കിലും സംസാരിക്കുന്നതുകൊണ്ടു വല്ല പ്രയോജനവും ഉണ്ടാകുമെന്നു വിചാരിക്കുന്നില്ല. അതിനാൽ ഇതിനെപ്പററിയുള്ള എൻെറ കഠിനമായ പ്രതിഷേധം ഇവിടെ രേഖപ്പെടുത്തുകമാത്രം ചെയ്യുന്നു.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): Sir, one of the points raised by Mr. K. P. Nilakanta Pillai and Mr. T. C. Kesava Pillai was that owing to the transfer of the item, namely, "sale proceeds of Government lands" to Land Revenue "capital receipts", the Devaswom Department loses 40 per cent of that revenue as contribution from Government. With regard to this I would only say that this is a change which took effect from the year 1102. Until then the sale proceeds from Government lands were shown under "I—Land Revenue—ordinary revenue. But under Section 4 of the Devaswom Proclamation the Devaswom Department is entitled as contribution to its funds 40 per cent. of only the Ayacut and Sanchayam revenue. This item "sale proceeds of Government lands" formed a distinct item under Land Revenue. It did not form a part of Ayacut and Sanchayam revenue. That will be clear to the members if they look at page 1 of the receipts in the budget for 1101. In all these years it will be found that the sale proceeds of Government lands formed a separate item not included in Ayacut or Sanchayam revenue.

MR. K. P. NILAKANTA PILLAI (*Chirayinkil*): Till 1102 may I know whether the sale proceeds of Government lands were classed as ordinary revenue of the State?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): That is true. I would only refer the member to the Royal Proclamation on Devaswoms under which the Devaswom Department is entitled, as contribution, to the revenue on Ayacut and Sanchayam alone.

MR. K. P. NILAKANTA PILLAI (*Chirayinkil*): Is it the opinion of the member that the sale proceeds do not come under either Ayacut or Sanchayam?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): That is my point.

MR. A. THANU PILLAI (*Trivandrum*): Was there any reason why the receipts from the sale of lands were not separately treated before 1102.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): I do not exactly understand the member.

MR. A. THANU PILLAI (*Trivandrum*): May I know whether the Devaswom Department received a portion of this amount before 1102 ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): No. Even before 1102 this item formed a distinct item and it did not enter into either Sanchayam or Ayacut. 40 per cent. of the revenue from Ayacut and Sanchayam alone the Devaswom Department was entitled to as contribution.

MR. N. R. KRISHNAN (*Nominated*): ദേവസ്വത്തിലേക്ക കൊടുക്കേണ്ട സംഖ്യ കുറവായിപ്പോയി എന്നോ കൂടുതലായി പോയി എന്നോ ഉള്ളതിനെപ്പററി വാദപ്രതിവാദം ചെയ്യാൻ ഈ സഭയ്ക്കധികാരമുണ്ടോ ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): No doubt that subject is a prohibited one. But more than one member referred to it.

MR. MURUVELIL PACHU PILLAI (*Shertallai*): ദേവസ്വം വിഭജനം ഉണ്ടായതു് ഏതു കൊല്ലത്തിലാണ്?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): 1097 or 1098.

MR. MURUVELIL PACHU PILLAI (*Shertallai*): ൯൭൬ മുതൽ ൧൦൧൧ വരെ സെയിൽ പ്രൊസീഡ്സിൽ ഉള്ള തുക ഇതിൽ ഉൾപ്പെടുത്തി വന്നിരുന്നോ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): As a distinct item under Land Revenue, and it did not enter into Ayacut or Sanchayam and no portion of it went as a contribution to the Devaswom Department.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Did the 40 per cent. include the sum realisable as revenue ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): No; it was a separate item.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Then am I to understand that 40 per cent. was not included as revenue.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): This 40 per cent. was not made out of the total land revenue. The Devaswom Proclamation says

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Do you include the sale proceeds of Government lands, What was the practice before 1102 ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): The sale proceeds do not enter into Ayacut or Sanchayam Revenue.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): Has the member before him the proceedings of the Finance Committee which sanctioned the separation of Land Revenue and Devaswom?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): I have not got it here.
MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : Sir, salt is used for taste. It is not taken on considerations of health after medical advice. I think there are other salts such as Eno's fruit salt, Kruschen salt and other salts for that.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : What is the harm if we use home salt instead of foreign salt ?

MR. REVATINAL RAMA VARMA RAJA (*Edavagai*) : ഇവിടെ ഉണ്ടാകുന്ന ഉപ്പു ഉപയോഗിച്ചു എന്തെങ്കിലും സുഖക്കേടുണ്ടായിട്ടുള്ളതായി അറിയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : What will be the harm if we use local salt instead of Bombay salt ?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I am not speaking on the question of harm done to the people: I am speaking here in order to remove the misconception that local salt is liked by the people as much as foreign salt. Unless and until we improve the quality of local salt it is doubtful whether we can be without foreign salt.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : What will be done if no foreign salt is imported ?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*); I will ask Government to supply foreign salt.

In supporting this motion, I request the Government that they should enquire why the salt produced locally is not as good as foreign salt and to try as far as possible to make local salt as good as foreign salt.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know whether it is the duty of the Government to cater to the tastes of each individual ?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : Certainly, it is the duty of the Government to satisfy the wants of the people at large; and I believe salt is a thing which everybody wants. It is good salt that we want. I therefore draw the attention of the Excise Commissioner to this fact and request that he will make enquiries whether it would be possible to make our local salt as good as foreign salt.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*) : Sir, we require for our consumption in this country from 11 to 12 lakhs of maunds of salt every year. The questions for the House to consider are whether it is possible to meet the demand now or if it is not possible whether there are any chances of increasing our output in the near future. There are 13 factories in this country from Colachel to Variyur. All these are in South Travancore. I shall take up each factory and show how salt is manufactured there. Let me start from Colachel. In the Colachel factory there was no manufacture of salt for the last several years. The reasons are that there was no brine available for the manufacture of salt and there was the trouble of fresh water percolation. Government spent about Rs. 15,000 in constructing a rock-cut channel

[Mr. P. Gomatinayakam Pillai.]

to bring sea brine but unfortunately the scheme did not meet with success. After several years of experiment and with the good offices rendered by Mr. Vipan, the present Chief Engineer, we were able to let in some sea brine this year. After much difficulty we got brine into the reservoir but unfortunately the moment we commenced production of salt, the season closed. In the next year we will be able to manufacture salt from the Colachel Factory.

MR. V. CHELLAM PILLAI (*Tovala*): May I know what has become of the old communication from the sea to the allom?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): The old communication is being revived.

In the Rajakkamangalam factory also there is the trouble due to fresh water percolation. The brine in the outer reservoir gets diluted by fresh water percolation from a canal. To overcome this difficulty, it is now proposed to divert it at a much higher point. I fear that may take some time. We have to acquire lands and do a lot of other things before it can be brought into operation. For these reasons I rather fear that manufacture of salt in the Rajakkamangalam Allom may have to be put off for a year or two.

I come then to the Tamarakulam factories. There are about 10 factories on either side of the Manakudi lake. The climate there is very congenial to salt culture. In point of climate this is the best place suited for manufacture of salt in the whole of Travancore. The only difficulty there, so far as I am able to see, is the inadequate supply of brine. We have got some supply but it is not enough to meet our demands. We get our brine mostly from the pits. We were able to produce a pretty good quantity of salt from the Tamarakulam factories alone. Till two years ago the average yield of salt was about 4 lakhs of maunds. Owing to better weather conditions the out-put rose to 6¾ lakhs last year and this year I am glad to say it has risen to close upon 8 lakhs of maunds. Weather conditions permitting, I am quite hopeful that it will be possible to manufacture a still larger outturn in the years to come.

Then I shall try to consider the suggestions made by my friends on the other side of the House. Mr. Piraviperumal Pillai suggested that Bombay salt or foreign salt was much better than local salt. I hasten to correct that false impression caused by his speech (Mr. K. Kesava Pillai: *Hear, hear.*) My friend Mr. Chacko assures me that he has tested both kinds of salt on several occasions and found local salt to be much superior. (*Hear, hear.*) Bombay salt contains a larger quantity of foreign matter.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): By foreign salt I did not mean Bombay salt alone. I included Tinnevelly salt also.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): There is absolutely no difference between local and Tinnevelly salt. (*Laughter.*) I have the authority of Mr. Chacko for this statement.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Did Mr. Chacko examine Tinnevelly salt?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): Yes, he did and came to the conclusion that Tinnevelly salt is not superior to local salt (*Laughter.*)

The only quality in favour of Bombay salt is that it keeps well in cold climates. It is a bit hard. Local salt does not keep so well in a cold climate as prevails in North Travancore.

There are several other suggestions made by my friends on the other side of the House. I assure you, Sir, that they will all receive the most careful consideration. I have got only a word to say about the Thattarippu Odai factory in the further end of the Agastisvaram Taluk. I do remember from previous correspondence that this factory was abandoned some years ago, as it was not at all possible to manufacture salt in that factory.

For the reasons I have just mentioned I would kindly request the mover to withdraw his motion.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): What is the total quantity of salt required for consumption in the State?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I said it was from 11 to 12 lakhs of maunds.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): What will be the amount saved for Travancore if the whole of the salt required for consumption is produced locally?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): Of course the difference will be the gain.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): I want to know whether the member has got figures.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): No. I have not got the figures.

MR. V. CHELLAM PILLAI (*Tovala*): What is the largest outturn of salt from the old allom?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): In the old allom the manufacture is not satisfactory. There is a proposal on hand to convert it into a modified factory so that we may get an increased outturn.

MR. V. CHELLAM PILLAI (*Tovala*): Is the decrease in the out turn due to the reduced rate of Kudivila?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): It is rather due to the neglect of the licensees.

MR. V. CHELLAM PILLAI (*Tovala*): May I know what is the reason for their negligence?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I shall go and ask them why they neglect their factories. I can only say now that they do not take care.

MR. V. CHELLAM PILLAI (*Tovala*): I believe it is due to the lower rates of kudivila they get.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): They get five chackrams per maund.

MR. V. CHELLAM PILLAI (*Tovala*): It would not meet the expenses incurred.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): The expenditure would come to about 2 to 3 chackrams per maund. The balance represents the gain to the licensee.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I know whether it would be desirable to extend the area of the Tamarakulam factories?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I do not think it is possible. The Tamarakulam factories are able to turn out most of the salt required.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I know whether salt factories can be opened in other places in Travancore?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I have heard rumours of the existence of salt factories in Central Travancore many years ago.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Has the member investigated the possibility of manufacturing salt in Central Travancore?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I have not investigated the matter. But Dr. Kunjan Pillai says that it is not possible because of the heavy rainfall in Central Travancore. We want diminished rainfall for the manufacture of salt. The rainfall should be about 10 inches. In Central and North Travancore we have more than 75 inches of rainfall.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Has he got any basis for the statement which he now made?

MR. P. GOMATINAYAKAM PILLAI (*Ag. Excie Commissioner*): I have got expert opinion. I rely upon the opinion expressed by Dr. Kunjan Pillai.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will rainfall affect the manufacture of salt during the hot season?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): The hot season there does not extend for a very long time.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will the member enquire into the matter?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I shall do it most gladly.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): From Vrischikam to Medom we have not heavy rain.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): But that rainfall will be enough to be an impediment to the manufacture salt.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Will it really be an impediment.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): Very greatly. In Karachi and Tuticorin the rainfall is much less than 10 inches and they are places best fitted for the manufacture of salt.

For these reasons I would request the member to kindly withdraw the motion.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): I withdraw the motion.

PRESIDENT: Does the House permit the motion to be withdrawn.

The motion was, by leave of the House, withdrawn.

Motions 76 to 79.

The following motions were not moved ;

MR. A. S. DAMODARAN ASAN :

76. To reduce the allotment of Rs. 1,56,900 for Salt by Rs. 100.

MR. G. P. NILAKANTA PILLAI :

77. To reduce the allotment of Rs. 15,135 for clerical staff by Rs. 3,000.

MR. P. S. MAHOMED :

78. To reduce the allotment of Rs. 15,135 for clerical staff by Rs. 1,000.

MR. A. THANU PILLAI :

79 To omit the allotment of Rs. 500 for law charges.

Motion 80.

MR. N. R. KRISHNAN (*Nominated*): സർ, കമ്മീഷണർ ആവശ്യപ്പെട്ട തുക ൪൦,൨൫൭ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം.

ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു് എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗനിയമനത്തെ സംബന്ധിച്ച ചില സംഗതികൾ ഈ സഭ മുമ്പാകെ കൊണ്ടുവരുന്നതിനുവേണ്ടി മാത്രമാണ്. എല്ലാഡിപ്പാർട്ടുമെന്റിലും യോഗ്യത, യോഗ്യത എന്നാണ് ഉദ്യോഗാർത്ഥിയായിട്ടു ചെല്ലുന്ന അവസരത്തിൽ പറയുന്നതു്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗത്തിനു ഈഴവസമുദായം അപേക്ഷിക്കുമ്പോൾ അവിടെ യോഗ്യത, യോഗ്യത എന്നു പറഞ്ഞു നിൽക്കാൻ സാധിക്കുന്നതല്ലെന്നാണ് എനിക്കു പ്രത്യേകമായിട്ടു പറയാനുള്ളതു്. എന്നാൽ ഇതുപര്യന്തം മറ്റൊരുസമുദായക്കാരെ കണ്ടും ചെയ്യാൻ സാധിക്കാത്തതായ തൊഴിൽ ഈ എക്സൈസ് തൊഴിലാണെന്നു എനിക്കു ധൈര്യമായിട്ടുപറയാം. മററു പല തൊഴിലുകളിലും പലരും പ്രവേശിക്കാറുണ്ടു്. ഈ തൊഴിലിനു മററാരും ഉദ്യമിക്കാറില്ല. അതിനു കാരണം

[Mr. N. R. Krishnan.]

അതിൻെറ നികൃഷ്ടതകൊണ്ടാണൊ എന്നു നോക്കുന്നപക്ഷം അല്ലെന്നു അല്പം ചിന്തിച്ചാൽ കാണാവുന്നതാണ്. ചെത്തുന്ന ആളുകളുടെസംഖ്യ നോക്കുന്നപക്ഷം ധാരാളമുണ്ടു. കള്ളിൻെറ തുക വർദ്ധിക്കുന്നതുകൊണ്ടു അതു നികൃഷ്ടമായ ഒരു തൊഴിലല്ലെന്നു സ്പഷ്ടമാകുന്നുണ്ടു. ഈ ഡിപ്പാർട്ടുമെൻറിലും ഇതുപൎയ്യന്തം ശരിയായ ഒരു പ്രാതിനിധ്യം ഞങ്ങൾക്കു ലഭിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതിൽ എനിക്കു വളരെ സങ്കടമുണ്ട്. ഇന്നത്തെ കമ്മീഷണർ ജോലിയിൽ പ്രവേശിച്ചതിനുശേഷം ഉദ്യോഗനിയമനവിഷയത്തിൽ നടന്ന ഒരു സംഗതിയെപ്പററി പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ ഉദ്യോഗനിയമനത്തെ സംബന്ധിച്ച് നോക്കുന്നപക്ഷവും അദ്ദേഹം ബി.ഏ.-ക്കാരായ രണ്ടു ഈഴവയുവാക്കന്മാരെഉദ്യോഗത്തിൽനിന്നും പിരിച്ചയക്കയുണ്ടായി. സബ്ബ്ഇൻസ്പെക്ടർജോലിയിൽ നിന്നും അവരെ പിരിച്ചയച്ചതിനുശേഷം അവിടെ വീണ്ടും ഒഴിവുണ്ടായിട്ടും ഇതുവരെആയിട്ടും അവൎക്കു വീണ്ടും പ്രവേശനം കൊടുത്തിട്ടില്ല എന്നുമാത്രമല്ല അതിനുശേഷം അദ്ദേഹത്തിൻെറ ആഫീസിൽ അന്യസമുദായത്തിൽപെട്ട രണ്ടു ബി. ഏ. ക്കാരെ നിയമിക്കയുംചെയ്തു. ഇതു ഞങ്ങൾക്കു മർമ്മഭേദകമായ ഒന്നാണ്.

ഇനികീഴ്പ്പോട്ടുള്ള ഉദ്യോഗങ്ങളുടെ സംഖ്യ നോക്കിയാൽ അതും ഇങ്ങനെ തന്നെയെന്ന് കാണാം. ശിപായിമാരുടെ കൂട്ടത്തിലും ഞങ്ങൾക്കു പറയത്തക്ക പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ശിപായി ഉദ്യോഗത്തിന് വലിയയോഗ്യത വേണമെന്നില്ലല്ലൊ. ശിപായിമാരുടെ സംഖ്യ ഭീമമായി വൎദ്ധിച്ചുവരുന്ന ഇക്കാലത്തും ഞങ്ങളുടെ സങ്കടം തീൎത്തുതരാൻ ഡിപ്പാർട്ടുമെൻറു ശ്രമിക്കുന്നില്ല.

എന്നാൽ ഇതിനു ഒരു സമാധാനം പറഞ്ഞേക്കാം. അതായതു ഈഴവസമുദായത്തിൽ പെട്ട ആളുകളെ ഈ വകുപ്പിൽ ഉദ്യോഗത്തിന്നായി നിയമിക്കുന്നപക്ഷം അവർ ജനങ്ങളുടെ ഇടയിൽ നടത്തിവരുന്നടെമ്പറൻസ്മൂവ്മെൻറിനോടു അനുകൂലിച്ചു മദ്യപാനത്തിൻെറ ദോഷത്തെപ്പററി ജനങ്ങളെ മനസ്സിലാക്കി മദ്യവ്യാപാരം നിൎത്തൽചെയ്യുന്നതിനു സഹായിച്ചു കളയും എന്നുള്ളതാണ്. ഗവൺമെൻറിൻെറ നയവും മദ്യവ്യാപാരം നിൎത്തൽചെയ്യണമെന്നുതന്നെയാണെന്നും പറയുന്നതു ശരിയാണെങ്കിൽ ഈഴവഉദ്യോഗസ്ഥന്മാർ ടെമ്പറൻസ്മൂവ്മെൻറിൽ ചേൎന്നു പ്രവൎത്തിക്കുന്നതുകൊണ്ടു ദോഷമില്ലല്ലൊ. അതുകൊണ്ടു ഈ ഭയം അടിസ്ഥാനമില്ലാത്ത ഒന്നാണ് എന്നുകാണാം. പിന്നീടു വേറെ ഒരു ഭയമുള്ളതു് ഈഴവസമുദായത്തിൽ പെട്ടവർ എക്സൈസ് ഉദ്യോഗസ്ഥന്മാരായാൽ

അവർ സ്വന്തം സമുദായാംഗങ്ങളിൽപെട്ട ജോലിക്കാരോടു ചേർന്നു ന്യായരഹിതമായ ചെത്തോ, വാറ്റോ, നടത്തുന്നതിനു സഹായിക്കയും തന്നിമിത്തം രാജ്യത്തുവലിയ അഴിമതികൾ നടക്കുന്നതിനു ഇടവരികയും ചെയ്യുമെന്നുള്ളതാണ്. ഈ ഭയത്തിനും അടിസ്ഥാനമില്ല. നീതിന്യായം പരിപാലിക്കുന്നതിനു നിയമിതനാകുന്ന ഒരു ഗവൺമെൻറുദ്യോഗസ്ഥൻ നീതിന്യായം ശരിയായി പാലിക്കയില്ലെന്നു വിചാരിക്കുന്നതുതന്നെ ന്യായമല്ല. അഥവാ അങ്ങനെ വരുമെന്നുവിചാരിച്ചാൽ തന്നെയും രണ്ടുതെങ്ങുകൂടുതലായിട്ടു ചെത്തുന്നതിനൊ അല്ലാത്തപക്ഷം ഒരു ഗ്യാലൻ ചാരായം വ്യാജമായി വാറ്റുന്നതിനൊ സാധിക്കുമായിരിക്കാം. അതു ഒരു വലിയകാര്യമായി വിചാരിക്കാനുമില്ല. എന്നാൽ ഈ തരം വ്യാജവ്യാപാരത്തിനു സഹായിക്കുമെന്നുള്ള തത്വം ഗവൺമെൻറോ ജനങ്ങളോ സ്വീകരിക്കുന്നതല്ല. ഇപ്പോൾ പോലീസ്ഡിപ്പാർട്ടുമെൻറ് ഉണ്ടു്. അതിലെ നീതിന്യായം നടത്തുന്ന ഉദ്യോഗസ്ഥന്മാർ സ്വന്തം സമുദായത്തെ സഹായിക്കുന്നുണ്ടെന്നുള്ളതിൽ എത്രവാസ്തവമുണ്ടോ അത്രയുമേ ഈ സംഗതിയിലും വരാനൊള്ളു. അതുകൊണ്ടു മേൽപറഞ്ഞ രണ്ടു പ്രകാരത്തിലുള്ള സംശയത്തിനും അടിസ്ഥാനമില്ലാ എന്നു പറഞ്ഞുകൊള്ളട്ടെ.

ഉദ്യോഗസ്ഥന്മാർ അവരവരുടെ മനസ്സാക്ഷിയനുസരിച്ചും, ന്യായമായിട്ടും പ്രവർത്തിക്കുമെന്നു മാത്രമേ വിചാരിക്കേണ്ടതായിട്ടൊള്ളു. ഇതിൽനിന്നും വ്യതിചലിക്കുന്നവർ ആരുതന്നെയായിരുന്നാലും അവരെ കർശനമായ ശിക്ഷയ്ക്കു പാത്രീഭവിപ്പിക്കയും വേണം. ഒരു സമുദായത്തിൽനിന്നും ഒരാളിനെ ഉദ്യോഗത്തിന് നിയമിക്കുന്നപക്ഷം അയാൾ തൻെറസമുദായത്തെ സഹായിച്ചുകളയുമെന്നുള്ള വിചാരത്താൽ അവരെ പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നുള്ള നയം ഒരിക്കലും ആദരണീയമല്ല. അങ്ങനെ വല്ല സംശയവും ഉണ്ടെങ്കിൽ അതിനെ ഉടനെ തന്നെ മാററിക്കളയണം.

അതു കൊണ്ടു എക്സയിസ് ഡിപ്പാർട്ടുമെൻറിൽ പിന്നോക്കം നിൽക്കുന്ന സമുദായത്തിനു കൂടുതൽ പ്രാതിനിധ്യം നൽകണം. പ്യൂൺ ജോലിക്കു വലിയ പരീക്ഷാവിജയം ഒന്നും ആവശ്യമല്ല. അതിനാൽ ഞങ്ങളുടെ സമുദായത്തിൽ നിന്നും പരീക്ഷാവിജയം ഉള്ളവരും ധാരാളമായിട്ടു അപേക്ഷകന്മാരായി വരുന്ന അവസരത്തിൽ വേണ്ടപ്രാതിനിധ്യം കൊടുത്തു പ്രോത്സാഹിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിച്ചു കൊള്ളുന്നു.

MR. P. S. MAHOMED (*Nominated*) : രാജ്യത്തിനു പൊതുവെ ഉള്ള ഗുണത്തെപ്പററിയും ഗൌരവമേറിയ വിഷയങ്ങളെപ്പററിയും വാദപ്രതിവാദം ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ചില സമുദായങ്ങൾ ഉദ്യോഗാപ്പേക്ഷണത്തിനു വേണ്ടി മുറവിളിയ്ക്കുന്ന ഒരു ഉപക്ഷേപത്തെ പിൻതാങ്ങാനുള്ള ഒരു സമുദായത്തിലാണല്ലോ ഞാനും നിൽക്കുന്നതെന്നു വിചാരിക്കുമ്പോൾ എനിക്കും അല്പം മനസ്ഥാപത്തിനു വകയില്ലാതില്ല. ഈ മുറവിളിയെ ഈ കൌൺസിലിൽ ഇനിയും എത്രനാൾ കേൾപ്പിക്കുന്നതിന് ഗവണ്മെൻറ് സന്നദ്ധമാകും എന്ന് എനിക്കറിഞ്ഞുകൂടാ. ഉദ്യോഗവിഷയത്തിൽ മുൻഅണിയിൽ വന്നിട്ടുള്ള ഈ സഭയിലെ മററംഗങ്ങൾ ഇങ്ങിനെയുള്ള മുറവിളി അധികം കാലം കേട്ടുകൊണ്ടിരിയ്ക്കുന്നതു തന്നെ അവർക്കു അസ്വാസ്ഥതയാണെന്നാണ് എൻെറ അഭിപ്രായം. എൻെറ സ്നേഹിതൻ മിസ്റ്റർ കൃഷ്ണൻെറ സമുദായത്തിനും എക്സൈസ് ഡിപ്പാർട്ടുമെൻറിൽ കൂടുതൽ ഉദ്യോഗം ലഭിക്കുന്നതിനു അവകാശമുണ്ടെന്നുള്ളതു പരമാർത്ഥം തന്നെ മറെറാരു രീതിയിൽ നോക്കിയാൽ എൻെറ സമുദായത്തിനും വേണ്ടുവോളം പങ്കുകൊള്ളാൻ അവകാശമുണ്ട്.

MR. N. R. KRISHNAN (*Nominated*) ; മറെറാരു സമുദായത്തിനും ഉദ്യോഗം നൽകാൻ പാടില്ലെന്നു ഞാൻ അർത്ഥമാക്കീട്ടില്ല.

MR. P. S. MAHOMED (*Nominated*) : അങ്ങിനെ ഞാൻ തെററിധരിച്ചിട്ടും ഇല്ല. കസ്റ്റംസ് ഈ ഡിപ്പാർട്ടുമെൻറിൽ ഉൾപ്പെട്ടതാണ്. കച്ചവടക്കാരുടെ അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കുന്നവരുടെ കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്ന ഒരു സമുദായമാണ് എൻെറ സമുദായം. അവർക്കും ഈ വിഷയത്തിൽ വേണ്ടുവോളം അഭിവൃദ്ധി ഉണ്ടാക്കുന്നതിനു വേണ്ടി പ്രവർത്തിക്കണം. ഗവണ്മെൻറു പ്രഖ്യാപനം ചെയ്തിട്ടുള്ള പാളിസി മദ്യ വർജ്ജനത്തെ ലാക്കാക്കി പ്രവർത്തിക്കുന്നു എന്നാണല്ലോ.

മദ്യവർജ്ജനത്തിനു അനുകൂലമായിട്ടു പ്രവർത്തിക്കുന്നതിനു മുസ്ലീം സമുദായം ഉപകാരപ്പെടും. ഈ ഡിപ്പാർട്ടുമെൻറിൽ ആദ്യം മുതൽ തന്നെ എൻെറ സമുദായത്തിലുള്ളവർക്കു അല്പസ്വല്പമായ പ്രവേശനം ഇല്ലാതില്ല. എന്നാൽ അന്നുണ്ടായിരുന്ന ആളുകളുടെ സംഖ്യയിൽ നിന്നും ഇന്നു കുറവല്ലെ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഉയർന്നതരം ഉദ്യോഗങ്ങളിൽ അന്നു ചിലർ ഉണ്ടായിരുന്നു. ഇൻസ്പെക്ടൻമാരായിട്ടും ആളുകൾ ഉണ്ടായിരുന്നു. അവരുടെ സംഖ്യ ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. പുതിയ നിയമനം വരുമ്പോൾ വേണ്ട വിധത്തിൽ ശ്രദ്ധിച്ചു കണ്ടാൽ കൊള്ളാം.

ഈ ഡിപ്പാർട്ടുമെൻറിലെ ഇപ്പോഴത്തെ മേലധ്യക്ഷൻ പരമാത്ഥത്തിൽ മനഃസാക്ഷിയുള്ളയാളാണെന്നാണ് എൻെറ അറിവ്. പിന്നണിയിൽ നില്ക്കുന്ന സമുദായക്കാരുടെ പരാതിയെ ഇല്ലാതാക്കുന്നതിന്ന അദ്ദേഹം വേണ്ടവിധം ശ്രമിക്കുമെന്ന വിശ്വസിച്ചുകൊണ്ടു മിസ്റ്റർ കൃഷ്ണൻെറ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മിസ്റ്റർ കൃഷ്ണൻെറ ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങിക്കൊള്ളുന്നു. എല്ലാഡിപ്പാർട്ടുമെൻറുകളിലും എന്നപോലെ തന്നെ എക്സൈസ് ഡിപ്പാർട്ട്മെൻറിലും പ്രാതിനിധ്യം കുറഞ്ഞ വർഗ്ഗക്കാരുടെ അവകാശങ്ങളെമുൻനിറുത്തി ഉദ്യോഗനിയമനങ്ങൾ ചെയ്യണം. ജനസംഖ്യയിൽ വമ്പിച്ച പല വർഗ്ഗങ്ങളിൽനിന്നും വേണ്ടിടത്തോളം ആളുകൾ എക്സൈസ് ഡിപ്പാർട്ടുമെൻറിലില്ല. ഉദ്യോഗം ധനാദായത്തിനുള്ള ഒരുമാർഗ്ഗമായിട്ടല്ല ഞങ്ങൾ കരുതുന്നത്. രാജ്യത്തു എവിടെയും ഗവണ്മെൻറിൻെറ അധികാരം ജനങ്ങളുടെ നേരെ ഉപയോഗിക്കുന്നത് ഉദ്യോഗസ്ഥന്മാരാണ്. അതുകൊണ്ടു ഉദ്യോഗംവേണമെന്ന ആവശ്യപ്പെടുന്നതിൽ നിന്ന അത്ഥമാക്കേണ്ടതു് അധികാരം വേണമെന്ന തന്നെയാണ്. ഏതാനും ചിലവർഗ്ഗക്കാൎക്കുമാത്രം അധികാരം ഉണ്ടായിരിക്കയും മററുവർഗ്ഗക്കാർആ അധികാരത്തിനവിധേയന്മാരായികഴികയും ചെയ്യുക എന്നുള്ളതു വലിയകഷ്ടമാണ്. അതിനാൽ ജനങ്ങൾക്കു വലിയ അതൃപ്തിയും വ്യസനവുമുണ്ട്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): കൌൺസിൽ മെംബറന്മാൎക്കു ഉദ്യോഗസ്ഥന്മാരെക്കാളും കൂടുതൽ അധികാരം ഉണ്ടെന്നറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഈ ചോദ്യം ചോദിച്ചു മെംബറോടു ഇതിനു ഒരു മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വിഷയത്തെ പററി ഇവിടെ അനേകം തവണ പ്രസ്താവിച്ചതു കേട്ടുകൊണ്ടിരുന്ന ഒരു മെംബറാണെല്ലൊ ഈ ചോദ്യം ചോദിക്കുന്നത്.

മെസ്സേർസ് കൃഷ്ണൻ, മഹമ്മദ് ഇവരെല്ലാം പ്രസ്താവിച്ചതുപോലെ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഈഴവസമുദായത്തിന്നും മററുചില സമുദായങ്ങളെ അപേക്ഷിച്ചു കുറവാണ് പ്രാതിനിധ്യം. അൻപത്തിഏഴു ഇൻസ്പെക്ടർ മാരുള്ള ഈ വകുപ്പിൽ ആറുലക്ഷത്തിലധികം ജനസംഖ്യയുള്ള കത്തോലിക്ക് സമുദായത്തിൽ നിന്നുംഒരു ഇൻസ്പെക്ടർ മാത്രമെയുള്ളു.

[Mr. Tariatu Kunjitomman.]

മദ്യവ്യാപാരത്തെ നിയന്ത്രിച്ചു ജനങ്ങളെ സന്മാർഗ്ഗീയമായ നിലയിൽ നയിക്കുന്നതിനുള്ള ഒരു വകുപ്പാണ് എക്സൈസ് വകുപ്പ് എന്നാണല്ലോ വയ്പു. എന്നാൽ ഇതു ജനങ്ങളുടെ നേൎക്കു എന്തധികാരവും പ്രയോഗിക്കാൻ കഴിയുന്ന ഒരു വകുപ്പാണു. വ്യാജമുണ്ടോ എന്നു പരിശോധിക്കുന്നതിനു ആരുടെ ഭവനത്തിലും പ്രവേശിക്കാം. ആരേയും തടയാം. വണ്ടിയോ മറ്റേതെങ്കിലും വാഹനങ്ങളോ കടന്നു പോകയാണെങ്കിൽ അവയെ നിൎത്തി പരിശോധിക്കാം. ഈ അധികാരം അവർ സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിച്ചുവരുന്നുണ്ടു്. അതുകൊണ്ടു മറ്റുള്ള ഡിപ്പാർട്ടുമെന്റുപോലെ ഈ ഡിപ്പാർട്ടുമെന്റിലും എല്ലാവൎക്കും പ്രവേശനം നൽകണം. ചിലവൎഗ്ഗക്കാർമാത്രം ഏതെങ്കിലും ഒരുവകുപ്പിൽ തിങ്ങിയിരിക്കുന്നതു കാണുമ്പോൾ അവിടെ എഫിഷ്യൻസിയില്ല എന്നു ധരിക്കുന്നതിൽ അബദ്ധമില്ല. ദുഷിച്ചവൎഗ്ഗീയ പ്രതിപത്തിയാണ് എഫിഷ്യൻസിയെ ഹനിച്ചുകൊണ്ടിരിക്കുന്നതു്. പ്രാതിനിധ്യം ഇല്ലാത്തവൎക്കു പ്രാതിനിധ്യംനൽകുന്നതു് എഫിഷ്യൻസിക്കു അനുകൂലമായ ഒരുപ്രവൃത്തിയായിരിക്കും. ഈ നിലയിൽ മാത്രമേ നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെയിടയിൽ എഫിഷ്യൻസി ഉണ്ടാക്കിത്തീൎക്കാൻ സാധിക്കയൊള്ളൂ. ഇത്രയുംപ്രസ്താവിച്ചുകൊണ്ടുഈ ഉപക്ഷേപത്തെ ഞാൻ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

MR. K. MADHAVAN (*Nominated*): ஸர், மிஸ்டர் கிருஷ்ணனுடைய அபிப்பிராயத்தை நான் பின்தாங்கிச்சொல்லுகிறேன். இங்கு மிஸ்டர் மகம்மது மற்றுமுள்ளவர்கள் பேசின நியமனத்தைப்பற்றியதில் எங்களுடைய சமுதாயத்திலும் ஒன்று இரண்டுபேர்கள் இருந்தால் நல்லதென்று நானும் கேட்டுக்கொள்ளுகிறேன். இந்த விஷயமாக எக்ஸைஸ் டிபார்ட்மெண்டில் எங்களுடைய சமுதாயமும் அதிகம் இருக்கவேண்டுமென்று நான் அபிப்பிராயப்படுகிறேன். இந்த டிப்பார்ட்மெண்டு விஷயமாக, கள்ளை நினைத்தால், கள்ளிலிருந்து வருகிற வருமானம் எந்தயிடத்திலிருந்து? எது சமாதானம் கிடைக்கிறதெனில், இது தாழ்ந்த வகுப்பிலிருந்து கிடைக்கிறதென்று சொல்லுகிறேன். இந்த டிபார்ட்மெண்டில் தாழ்ந்த வகுப்பினரும் உத்தியோகத்திலிருக்க விசேஷ யோக்கியதை வேண்டுமென்று நான் நினைக்கவில்லை. இவ்விதமான ஆறு லக்ஷம் ஜனத்தொகையுள்ள இந்த தாழ்ந்த வகுப்பினரில் சிலருக்கும் இந்த டிபார்ட்மெண்டில் உத்தியோகம் கொடுத்தால் மிக்க உபகாரமாயிருக்கும்.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): அவர்கள் எக்ஸைஸ் வரும்படியைக் கூட்டுவார்களா குறைப்பார்களா?

Mr. K. MADHAVAN (*Nominated*): இப்போதுள்ள நிலைமையைப் பார்க்கும்போது வருமானத்தைக் கூட்டிக்கொண்டுதானிருக்கிறார்கள் இதில் ஒரு உத்தியோகப்பிரவேசகம் இவர்களுக்குக் கொடுத்தால் மிக்க உபகாரமாயிருக்கும். இந்தயிடத்தில் சிக்ரட் ஸர்வீஸுக்காக ரூபாய் 300 குறிப்பிடப்பட்டிருக்கிறது. அந்தயிடத்தைப் பார்த்தால் இங்கே ஒரு கள்க்கடை ஸ்தாபனமாயிருக்கிறது. அக்கடை அவனுடைய வீட்டிலிருந்து இரண்டு மையிலுக்கு அப்புறமிருக்கிறது. அவனுடைய வீட்டிலுள்ள பறணிகள் முழுவதிலும் கள்ளிருக்கிறது. அதோடு கண்டராக்றர் குடும்பத்தார் அடுத்திருந்தால் அவர்கள் வீட்டிலும் பறணி நிறைய கள் உண்டு இவ்விதமான நிலைமையை நினைத்தால் ஆண்கள் குடிப்பதுமல்லாமல், பெண்களையும்கூட குடிப்பதற்கு பழகக்காரணமாயிருக்கிறது. இதுவுமல்லாமல் கிராமத்தில்வீடு வீடாகக் கள்ளைக்கொண்டுபோய் விற்கப்பட்டும் வருகிறது. இவ்வித அக்கிரமங்கள் நடந்தும், நடப்பதுமாயிருக்கிறது. இவைகளையெல்லாம் கவர்மெண்டார் நிறுத்தி, இந்த தாழ்ந்த வகுப்பினருக்கும் ஏதாவது உத்தியோகங்கள் இந்த டிப்பார்ட்மெண்டில் கொடுக்கவேண்டுமென்று நான் மிஸ்டர் கிருஷ்ணனைப் பின்தாங்கிச் சொல்லுகிறேன்.

Mr. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): Sir, I have not got much to say with regard to this matter. There is already a motion on the agenda about the number of Mahomedan officers in my Department. So I have managed to get some figures. Among the higher grade officers, there are three Mahomedans out of 57 inspectors; 7 Sub Inspectors out of 64 and 1 clerk out of 91. Altogether we have got 11 in the higher ranks out of 212, this works out nearly to 5 per cent. Among the subordinate ranks—I mean Petty officers and peons,—there are 46 out of 1602. That works out to 2·8 per cent, The above-said officers of this Department have not got educational qualifications. In spite of that, they have been entertained and encouraged also.

Mr. P. S. MAHOMED (*Nominated*): പത്തുവർഷത്തിനു മുമ്പ് എത്ര ആളുകൾവീതം ഉണ്ടായിരുന്നു എന്നറിയാമോ?

Mr. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I have no information.

Mr P. S. MAHOMED (*Nominated*): മുമ്പുള്ളതിനെക്കാൾ ഇപ്പോൾ കൂടുതലോ കുറവോ എന്നു പറയാമോ?

Mr. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I believe the number is on the increase.

Mr. P. S. MAHOMED (*Nominated*): മൂന്നുകൊല്ലത്തിനിപ്പുറം എത്രപേരെ ഉദ്യോഗത്തിനു നിയമിച്ചിട്ടുണ്ടെന്നു പറയാമോ?

Mr. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I cannot say.

[Mr. P. Gomatinayakam Pillai.]

Coming to Ezhavas, there are 2 Inspectors already. I have now made a recommendation to add one more to the number. Among Sub-Inspectors, there are 3 Ezhavas. In the subordinate ranks I am not in a position to say how many are there.

MR. N. R. KRISHNAN (*Nominated*): ആകെയുള്ള സബ് ഇൻസ്പെക്ടർമാർ എത്രയാണെന്നു പറയാമോ?

MR P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): It comes to 54.

MR. N. R. KRISHNAN (*Nominated*): ഇൻസ്പെക്ടർമാർ ആകെ എത്ര?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): 57. Out of this number we have 2 Inspectors already and I have made a recommendation for adding to the staff one more Ezhava.

MR. N. R. KRISHNAN (*Nominated*): രണ്ടു ഈഴവ ഗ്രാഡ്വേററ ഇൻസ്പെക്ടർമാരുണ്ടായിരുന്നവരെ പിരിച്ചയച്ചിട്ടുണ്ടോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I am extremely sorry to note his remarks. In the case of two graduates mentioned by Mr. N. R. Krishnan their acting vacancy ceased at the time they were relieved. In acting vacancies, I generally appoint clerks or Sub-Inspectors who have already acted in that post a number of times.

MR. N. R. KRISHNAN (*Nominated*): അതിനുശേഷം സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുണ്ടായിട്ടില്ലേ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): There are no permanent vacancies.

MR. N. R. KRISHNAN (*Nominated*): ആക്ടിംഗ് ആയിട്ടെങ്കിലും കൊടുത്തിട്ടുണ്ടോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): It is bad for the department and for the graduates if they are appointed in such temporary vacancies.

MR. N. R. KRISHNAN (*Nominated*): അടുത്ത ഒഴിവിലെങ്കിലും നിയമിക്കാൻ ദയവുണ്ടാകുമോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I fear I am not able to do so.

MR. N. R. KRISHNAN (*Nominated*): സബ് ഇൻസ്പെക്ടർമാരായിട്ടു ആക്ട് ചെയ്യാൻ നിയമിതരായവർ ഗ്രാഡ്വേററാണോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I make appointments for the posts only from the hands working in the office.

MR. V. J. OOMMEN (*Commerce and Industry, North*): Have you adopted any special policy in the matter of appointment of Inspectors?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I do not quite follow the member.

MR. V. J. OOMMEN (*Commerce and Industry, North*): May I know what is the policy adopted by the Excise Commissioner in the matter of filling up of vacancies that arise in his office, either acting or permanent.

PRESIDENT: You must decide in which language you want to speak.

MR. N. R. KRISHNAN (*Nominated*): ഇപ്പോഴത്തെ എക്സൈസ്കമ്മീഷണർ ഈ സ്ഥാനംകയ്യേല്ക്കുന്നതിനു മുമ്പു ഈ പതിവു ഉണ്ടായിരുന്നോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): If graduates are appointed as Sub-Inspectors in temporary vacancies and if I find mistakes in them the Assistant Excise Commissioner when questioned says that the mistake was committed by the acting hand and as the vacancy has ceased he is to be left unquestioned. I have invariably found that no good work has been done by these graduates, when they are posted in temporary vacancies.

MR. MURUVELIL PACHU PILLAI (*Shertallai*): അസിസ്റ്റൻറു കമ്മീഷണർമാരോടു ചോദിക്കുമ്പോൾ ഗ്രാഡ്വെററു ആക്ടിംഗ് സബ്ബ് ഇൻസ്പെക്ടർമാരുടെമേൽ കുററം ആരോപിക്കുന്നതായി പറഞ്ഞല്ലോ. ഈ അസിസ്റ്റൻറു കമ്മീഷണർമാരുടെ പരീക്ഷായോഗ്യതഎന്താണ്?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): Most of them are undergraduates.

MR. MURUVELIL PACHU PILLAI (*Shertallai*): ഇവർ സബ്ഇൻസ്പെക്ടർമാരായിരുന്നിട്ടുള്ളവരാണോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): They were acting in temporary vacancies, and they have experience in office work.

MR. MURUVELIL PACHU PILLAI (*Shertallai*): ഗ്രാഡ്വെററു സബ്ബ് ഇൻസ്പെക്ടർമാരെ ഇൻസ്പെക്ടർമാരായിട്ടു സ്ഥിരപ്പെടുത്തീട്ടുണ്ടോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*); No opportunity has arisen to confirm them at all.

MR. MURUVELIL PACHU PILLAI (*Shertallai*): ഗ്രാഡ്വെററ് സബ് ഇൻസ്പെക്ടർമാരെ ഇൻസ്പെക്ടർമാരായി സ്ഥിരപ്പെടുത്തീട്ടില്ല എന്നാണോ പറയുന്നതു ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): None to my knowledge.

MR. N. R. KRISHNAN (*Nominated*): ആക്ടിംഗ് സബ്ഇൻസ്പെക്ടർമാരെ സ്ഥിരപ്പെടുത്തിയതിനുശേഷം ഇൻസ്പെക്ടർമാരായിട്ടു നിയമിച്ചിട്ടുണ്ടോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I say that system is bad.

MR. N. R. KRISHNAN (*Nominated*): ആക്ടിംഗ് ഗ്രാഡ്യൂവെററു ഇൻസ്പെക്ടർമാർ വീഴ്ചവരുത്തിയതായി ഒരു ഉദാഹരണം പറയാമോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): Of the acting Sub-Inspectors I can call to my mind two or three instances to show that Graduates acting in temporary vacancies are not working properly.

MR. N. R. KRISHNAN (*Nominated*): അങ്ങനെ എത്ര ഇൻസ്റ്റൻസു ഉണ്ടായിട്ടുണ്ടെന്നു പറയാമോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): This is the experience I have found.

MR. V. J. OOMMEN (*Commerce and Industry, North*): ഒരു വേക്കൻസിക്കു മററുപല സമുദായങ്ങളിൽനിന്നും അപേക്ഷകന്മാരുണ്ടാകുമ്പോൾ നിയമനം നടത്തേണ്ട രീതി എക്സൈസ് കമ്മീഷണർ സ്വീകരിച്ചിട്ടുള്ളതു എങ്ങിനെയാണ്?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): There was no such appointment made by me ever since I assumed charge of the department.

MR. N. R. KRISHNAN (*Nominated*): രണ്ടു ഠൌംഗ്വ സബ്ഇൻസ്പെക്ടർമാരെ പിരിച്ചുവിട്ടതിനുശേഷം ആഫീസിൽ വേറെയാരെയെങ്കിലും പുതിയതായി നിയമിച്ചിട്ടുണ്ടോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I have issued orders to enlist these disappointed Sub-Inspectors as clerks.

MR. N. R. KRISHNAN (*Nominated*): അവരെ കമ്മീഷണർ ആഫീസിൽ എൻറർടെയിൻ ചെയ്തിട്ടുണ്ടോ?

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I have not entertained any man. Only acting men who have more than once acted are frequently appointed in my office. There are not very many vacancies in my office. If vacancies occur I shall consider the claims of backward communities and try to do justice. For these reasons I would ask the member to kindly withdraw his motion.

MR. N. R. KRISHNAN (*Nominated*): ഇതിനെപ്പററി ഗാഢമായിട്ടു ആലോചിച്ചു വേണ്ട സൌജന്യങ്ങൾ പിന്നോക്കം നില്ക്കുന്ന സമുദായ

ത്തിന്നു ചെയ്തുകൊടുക്കാമെന്നു എക്സൈസ് കമ്മീഷണർ വാഗ്ദാനം ചെയ്യുന്നതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Motion 81.

The following motion was not moved :—

MR. A. THANU PILLAI :

81. To reduce the allotment of Rs. 40,215 for Commissioner by Re. 1.

Motion 82.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I beg to move the following motion:

To reduce the allotment of Rs. 40,215 for Commissioner by Rs. 100.

The object of the motion, Sir, as it is explained already, is to discuss the excise policy adopted by the department and the Government in the State. Sir, viewing the history of the working of the department for the last few years and when it is properly analysed what suggests to me is, that I am made to remember the story of a hungry man and the king. The hungry man told the king "first of all feed me fat for one year" and then "I will take the mountain to you." The King accordingly fed him and after the end of the year the hungry man told the king to find some other man to lift the mountain to him. In the same way, the Excise Department is coming before the House for better and efficient staff so that consumption of abkari and opium may be kept down. This House thinking that the Excise Commissioner would do his work properly sanctioned the amount. But now things are changed. The House thought that by sanctioning this amount the working of the Excise Department may indirectly result in a blessing to the whole country. In that light we were allowing him. The net result is that year after year the report of the department shows that the consumption of opium and abkari is increasing in the State. During the general discussion of the budget I showed to this House by placing convincing facts before the House that the revenue derived from the Excise Department year after year has swelled to such an extent that it has become an alarming feature of the Travancore Finances. That is to say, from 1099 the revenue from abkari and opium has increased from Rs. 23·7 lakhs to 37·3 lakhs in 1104. This is in spite of the temperance measures which the Government and the department carried out during the intervening years. In spite of these measures, because income is increasing year after year and the consumption of foreign liquor and ganja is increasing year after year, what I beg to submit is, that the department does not seem to be as sincere in the cause of temperance work as it pretends to be. My proposition before the House, Sir, is that some more vigilant measures have to be taken to keep down the consumption of abkari and opium in the State. Thereby we are achieving two objects. First of all if the income derived from this department is allowed to swell and dominate the whole financial policy, in course of time when people become more alive to the actual situation

[Mr. K. P. Nilakanta Pillai.]

and clamour for efficient methods in order to put down consumption of all these immoral objects, then Government would be jeopardised for then it will be impossible for Government to meet the expenses without the income derived from this department.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): May I know what is the increase in the quantity of liquor?

MR. K. P. NILAKANTA PILLAI (*Chirayinkil*): I will say now. The Government order passed on the report of the year 1102 says as follows:—

> "The report discloses an increase in the consumption of arrack, foreign liquor, ganja and in the number of trees tapped for toddy. The consumption of arrack rose by 2,817 proof gallons, foreign liquor 5,169 gallons and ganja 175 seers. The number of trees tapped for toddy increased by 6,842 coccanut palms, 293 palmyra palms and 1,655 choondapanas."

No more convincing arguments are needed to be placed before the House in the light of this report.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): What is the percentage of the increase?

MR. K. P. NILAKANTA PILLAI (*Chirayinkil*): My friend could calculate that. It is an arithmetical question that cannot be answered in a moment.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Is it less than 5 per cent?

MR. K. P. NILAKANTA PILLAI (*Chirayinkil*): The Excise Commissioner may be questioned with regard to this. Sir, it is universally accepted that traffic in abkari and opium which is used as a narcotic must be kept down and any consideration of the finances of the State should not stand in the way. Though the report discloses that when compared to the previous year that is 1101, the number of shops reduced was something like 75, when we consider the increase in the quantity consumed throughout the State, I do not find any improvement in the situation.

The reduction in the number of shops would prove ineffective if correspondingly the number of trees tapped is not also reduced. Secondly, the learned Excise Commissioner attributes the increase in the number of trees tapped for toddy to important preventive work and better supervision of the Departmental officers which contributed to the replacement of illicit toddy by licit toddy. That is one argument. If that argument can be accepted as it is there is the other side of the picture also, which I have mentioned during the general discussion of the budget. If the important preventive work can in any way replace illicit liquor by licit liquor, in the matter of consumption of foreign liquor, how can the enhancement be justified? That is one question. Secondly, even in the consumption of ganja how could there be 175 seers of increase? This will have to be explained in the light of the argument which the Excise Commissioner has used to justify the increase of consumption of these liquors. Then again Sir, there is

another aspect of the question. Of course, increasing the cost by a little may to a certain extent keep down consumption. But that depends upon several other circumstances. The Department takes credit that the increasing consumption of licit liquor is in one way due to the vigilance of the Excise Department. I say, that the vigilance should not be so exercised as to replace illicit liquor by licit liquor. By raising the cost a little bit the expected results may not ensue, provided the purchasing power of the consumer has increased in a particular locality; and unless we raise the cost to a prohibitive extent, there is absolutely no use of that temperance measure. Therefore I say that writing a paragraph of the temperance measure adopted by the Department and presenting it before the House is not sufficient. Some methods have to be taken—very efficient measures—to keep down consumption in all possible ways. For that what I suggest is, first of all, the number of shops ought to be reduced. Secondly, the number of places where this liquor can be obtained ought to be reduced. Thirdly, the liquor must be made as weak as possible. Fourthly, you have to fix the hours when these liquors could be procured. Then, we have to penalise the admission of women and minors into liquor shops and we have to prohibit the issue of liquors to minors and women; we have to take steps to eliminate distilled spirit graduallay. We have to regulate the quantity issued from private shops. We have to take measures to close some of these shops during festival occasions. They should not be located near schools, markets and similar other places. Unless an all round policy is adopted by the Department and vigorously carried out, the expected results in this direction may not be obtained. Besides, there is one more thing, which I have to bring to the notice of Government. The present system adopted in the matter of the use of ganja is the licensing of shops. That system has been discontinued in some civilized countries. The consumers of liquor, I mean the consumers of ganja, can be picked out and known; at any rate, instead of auctioning the shops for the issue of ganja, steps should be taken for registering the names of consumers. These regular consumers of ganja could be known. Then, with regard to the outlook of the Excise Commissioner, the policy of the Excise Department ought to be broader. Sir, in civilized countries two methods are advocated. There are two schools of opinion. These are complete prohibition and local option, the former to be achieved through the latter if possible. Our Government also were good enough to accept a motion on local option. But, unfortunately, nothing could be done in the matter any further. Apart from that, the only difficulty which may stand either in the way of the Government or the Excise Department is the question of finance. Sir, viewing the question in its broader aspects, the question of finance should not stand in the way of reducing the consumption of liquor or reducing the income from abkari and opium as far as possible. Moreover the Excise Commissioner ought to know that it is not at all his business to find money for the administration of the State. Sir, I will read a quotation from the speech of the late G. K. Gokhale.

[Mr. K. P. Nilakanta Pillai.]

"The growth of Excise Revenue, the extent to which it is secured by increased consumption only shows that the opertation of the abkari department with its solicitude for the interest of the legitimate consumer—a person not recognised by the State- are leading to increased drunkenness in the country. This of course means increased misery, thus the very reverse of the indication of increasing prosperity. Liquor is not an ordinary article of consumption which a man buys more or less as his means are larger or smaller. Where a man takes to drink he will go without food and will sacrifice wife and children if necessary, but he will insist on satisfying his craving for the spirituous poison."

What I say is, it is not because that the people are prosperous in the State, not even because the purchasing power of the average consumer has increased that this additional revenue from the abkari and opium is recorded year after year. Once a man gets the habit, he will sacrifice every other thing for the sake of a drink towards evening. So Sir, what I submit is that a vigilant policy has to be adopted to keep down consumption of liquor, etc. in the State. With these few words I place the motion before the House.

MR. V. S. KRISHNA PILLAI (*Tiruvella*): എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പററി പ്രജാസഭകളിലും നിയമസഭകളിലും പല പ്രാവശ്യവും പ്രതിവാദിച്ചിട്ടുള്ള ഒരു കാര്യമാണ്. ഈ രാജ്യത്തെ മുതലെടുപ്പിൽ ഏകദേശം ൫൦ ശതമാനം ഈ ഡിപ്പാർട്ടുമെൻറിനെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ളത് വളരെ സ്പഷ്ടമാണ്. ഇങ്ങനെ കൂടുതൽ ആദായമുള്ള ഈ ഡിപ്പാർട്ടുമെൻറിനെ ഏതെങ്കിലും പ്രകാരത്തിൽ ഉപദ്രവിക്കുന്നത് ശരിയാണൊ എന്ന് ഗവൺമെൻറും പൊതുജനങ്ങളും നല്ലപോലെ ആലോചിക്കാറുണ്ട്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിൽ ഉൾപ്പെട്ട നിഷിദ്ധമായ ചില സംഗതികൾ നോക്കുമ്പോൾ എത്രതന്നെ നഷ്ടം വന്നാലും ഈ ഡിപ്പാർട്ടുമെൻറിനെ ഇല്ലാതാക്കിയാൽ കൊള്ളാമെന്നു കൂടി തോന്നുന്നുണ്ട്. ഗവൺമെൻറു ഈ നിഷിദ്ധമായ ഏർപ്പാടിനെ കഴിയുന്നത്ര വേഗത്തിൽ രാജ്യത്തിൽ നിന്നും നീക്കുന്നതിന് വേണ്ടശ്രമം ചെയ്തു വരികയാണെന്നും ഇപ്പോൾ പല കൗശലങ്ങളും തന്ത്രങ്ങളും ബുദ്ധിപൂർവ്വം പ്രയോഗിക്കുന്നു എന്നും എല്ലാ നിയമസഭായോഗങ്ങളിലും പറയാറുണ്ട്. അതു ഏതെല്ലാം രൂപത്തിൽ ആണെന്നുനോക്കാം. ഒന്നാമത് എത്രത്തോളം വില കള്ളിനു കൂട്ടാമോ അത്രത്തോളം കൂട്ടുന്നുണ്ട്. അപ്പോൾ കള്ളിനും ആവശ്യക്കാർ കുറയും. രണ്ടാമത് ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നു എന്നുള്ളതാണ്. ഷാപ്പുകൾ കുറച്ചാൽ ബാക്കിയുള്ള ഷാപ്പുകളിൽ നിന്നുമാത്രമേ കള്ളു കുടിക്കയൊള്ളു. അതും ഏതാണ്ടു ശരിയാണ് എന്നു സമ്മതിക്കാം.

നാട്ടിൻപുറങ്ങളെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ കള്ളിൻെറവില വർദ്ധിപ്പിച്ചതുകൊണ്ടു മററു തരത്തിൽ ഉപദ്രവമുണ്ട്. കള്ളു

കുടിനിർബ്ബന്ധമുള്ളവക്ക് സന്ധ്യയ്ക്കുമുമ്പെ അതിലേക്കാവശ്യമുള്ള പണം ശേഖരിച്ചേകഴിയൂ. അതു നാളികേരം മോഷ്ടിച്ചിട്ടായാലും മറെറതു പ്രകാരത്തിലായാലും ജനങ്ങളെ ബുദ്ധിമുട്ടിച്ചു അവർ പണം ഉണ്ടാക്കും. അതുകൊണ്ടു ഗവർമെൻറിൻെറ ഈ കൌശലം ജനങ്ങൾക്കു കുറെക്കൂടി ഉപദ്രവമാണ്.

അതിന്നും പുറമേ സകല ക്രിമിനൽ കേസ്സുകളും മോഷണക്കേസ്സുകളും കൊലക്കേസ്സുകൾ തന്നെയും ഉണ്ടാകുന്നതിനു കാരണമായിരിക്കുന്നതു ഈ ഡിപ്പാർട്ടുമെൻറാണെന്നു സൂക്ഷിച്ചു നോക്കിയാൽ മനസ്സിലാകും. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ആകപ്പാടെയുള്ള വരവു വളരെ തൃപ്തികരമായിട്ടു നമുക്കുതോന്നാമെങ്കിലും, ഷാപ്പു ലേലം ചെയ്യുന്നതിൽ നിന്നും, കിട്ടുന്നആദായം മാത്രം എടുത്തു പരിശോധിക്കുന്നപക്ഷം തീർച്ചയായിട്ടും അതിനെ ഉപേക്ഷിക്കുന്നതിൽ വ്യസനിക്കത്തക്ക വിധത്തിലുള്ള ഒരു സംഖ്യ ഉണ്ടെന്നും എനിക്കു തോന്നുന്നില്ല. വിദേശമദ്യങ്ങളേയോ, ഗവർമെൻറിനു ചുങ്കം ഈടാകത്തക്ക നിലയിൽ ഉള്ള മററു ചരക്കുകളേയോ ഇവിടെ വരുത്തുന്നതിനനുവാദം കൊടുത്തു് രാജ്യത്തിനു മുതൽ വർദ്ധിപ്പിയ്ക്കുന്നതിൽ എനിയ്ക്കു സങ്കടമില്ല. മധുവർജ്ജനനയം ഗവർമെൻറു സ്വീകരിച്ചിരിയ്ക്കുന്നുവെന്നു് പരസ്യമായി സമ്മതിച്ചിരിയ്ക്കുന്ന സ്ഥിതിക്കു മദ്യവ്യാപാരം നിറുത്തൽ ചെയ്യുന്നതിൽ ഗവർമെൻറു കുറെക്കൂടി നിഷ്കർഷയായിപ്രവർത്തിയ്ക്കാത്തതു വലിയ കഷ്ടമാണ്. ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിലും, ഉദ്യോഗനിയമനാദി വിഷയങ്ങളിലും മററും ചിലപ്രത്യേക നയം ഉപയോഗിച്ചുവരുന്നതും അത്ര ആശാസ്യമാണെന്നു് എനിയ്ക്കു തോന്നുന്നില്ല. ആഡിപ്പാർട്ടുമെൻറിൽതന്നെ ആഫീസിലും വെളിയിലും സർവ്വീസിൽഇരിയ്ക്കുന്നവരുടെ യോഗ്യതകളെ അതായതു്, പരീക്ഷായോഗ്യതകളെ, നല്ലതുപോലെ പരിശോധിച്ചുനോക്കാതെ സർവ്വീസിനെ മാത്രം അടിസ്ഥാനമാക്കി പ്യൂണിനെ പെററിയാഫീസർ ആക്കുന്നതും, പെററിയാഫീസരെ സബ്ബ്ഇൻസ്പെക്ടരായിട്ടോ, റെയിഞ്ച് ഇൻസ്പെക്ടരായിട്ടോ നിയമിയ്ക്കുന്നതും തീർച്ചയായിട്ടും ആപല്ക്കരമാണ്

MR. P. S. MAHOMED (*Nominated*): ഈ നയം എക്സൈസ് ഡിപ്പാർട്ടുമെൻറിനെമാത്രം ബാധിയ്ക്കുയുള്ളോ, അതോ മററുഡിപ്പാർട്ടുമെൻറുകളേയും ബാധിയ്ക്കുമോ?

MR. V. S. KRISHNA PILLAI (*Tiruvalla*): ഏതുഡിപ്പാർട്ടുമെൻറിനേയും ബാധിയ്ക്കും. നിവൃത്തിയുള്ളിടത്തോളം വിദ്യാഭ്യാസയോഗ്യതയുള്ള ആളുകൾക്കു പ്രമോഷൻ കൊടുക്കുകയും, പുതിയ ഉദ്യോഗങ്ങളിൽ നിയമിയ്ക്കു

[Mr. V. S. Krishna Pillai]

കയും ചെയ്യുന്നത് നന്നായിരിക്കും എന്നുമാത്രമല്ല, ഉദ്യോഗങ്ങൾക്ക ആൾ എടുക്കുന്നതിനെ സംബന്ധിച്ചും ഈ നാട്ടുകാരായ പരീക്ഷായോഗ്യതയുള്ളവരുടെ അവകാശങ്ങളെ മുൻനിറുത്തി പ്രവർത്തിക്കുന്നപക്ഷം ഈ രാജ്യത്തെ തൊഴിലില്ലായ്മയുടെ ഒരു ഭാഗം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. സബ്ബ് ഇൻസ്പെക്ടറന്മാരായികാണുന്നതിൽ അധികം പേരും വളരെകാലത്തിനുമുമ്പുതന്നെ സർവീസിൽ പ്രവേശിച്ച് വലിയ പ്രയാസം കൂടാതെ അധികാരമുള്ള ഉദ്യോഗങ്ങളിൽ എത്തീട്ടുള്ളവരാണെന്നാണ് എന്റെ അറിവ്. ഈ നയം ഒരിക്കലും നല്ലതല്ല. പെററിയാഫീസരെ റേഞ്ച് ഇൻസ്പെക്ടരാക്കുമ്പോൾ അതുവരെ സബ്ബ് ഇൻസ്പെക്ടരുടെ താഴെ ജോലിചെയ്തു വന്നിരുന്നയാളിനെ ഈ സബ്ബ് ഇൻസ്പെക്ടർ വണങ്ങേണ്ടതായിട്ട വരുത്തുന്നതും ഒട്ടും ആശാസ്യമായിരിക്കുന്നില്ല.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): Will the member kindly point out the instances of a Petty Officer having been appointed as Range Inspector over the head of a Sub-Inspector?

MR. V. S KRISHNA PILLAI (*Tiruvalla*): ഈയിടയ്ക്കു ദേവികുളത്ത് ഉണ്ടായിരുന്ന ഒരു റേഞ്ച് ഇൻസ്പെക്ടരുടെ ഒഴിവിൽ സബ്ബ് ഇൻസ്പെക്ടർ ഉണ്ടായിരുന്നിട്ടും ഒരു പെററിയാഫീസരെ റെക്കമെൻറു് ചെയ്തതായിട്ടും അറിയുന്നതിനിടയായി.

MR. P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): I don't remember having done anything like that.

MR S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know how the member knew that?

MR. V. S KRISHNA PILLAI (*Tiruvalla*): From information obtained.

PRESIDENT: The member should not turn his back to the Chair when answering a question put by another member.

MR. V. S. KRISHNA PILLAI (*Tiruvalla*): ആമെമ്പർ എന്നോട ചോദ്യം ചോദിച്ചതുകൊണ്ടാണ് ഞാൻ അങ്ങോട്ട തിരിഞ്ഞുനിന്നു സമാധാനം പറഞ്ഞത്.

PRESIDENT: No member should address another. Everything should be addressed to the Chair.

MR. V. S. KRISHNA PILLAI (*Tiruvalla*): ഈനയം നല്ലതാണെന്നു എനിക്കഭിപ്രായമില്ല. നിവൃത്തിയുള്ളിടത്തോളം യോഗ്യതയുള്ളവരെത്തന്നെ സർവീസിൽ നിയമിക്കണം.

MR P. GOMATINAYAKAM PILLAI (*Ag. Excise Commissioner*): He still refers to that. I asked him to quote the instance.

PRESIDENT: You can categorically make a denial of what he says when you reply.

Mr. Krishna Pillai, your time is up.

MR. V. S. KRISHNA PILLAI (*Tiruvalla*): ഞാൻ എന്റെ സ്നേഹിതൻ മി: നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*): എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ പാളിസിയെപ്പററി ഡിസ്കസ്സ് ചെയ്യുന്നതിന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. മധുവർജ്ജനവിഷയത്തിൽ ഗവമ്മെൻറ അംഗീകരിച്ചിരിക്കുന്ന ഒരു നയം പ്രഖ്യാപനം ചെയ്തിട്ടുണ്ട് എന്നുവരികിലും അതിന്നനുസരണമായി നടപ്പിൽ കൊണ്ടുവരുന്നതിന് വേണ്ടതു് പ്രവൎത്തിക്കുന്നില്ല എന്നുള്ളതിനെപ്പററി ചില സംഗതികൾ എന്റെ ബഡ്ജററ് പ്രസംഗത്തിൽ കാണിച്ചിട്ടുണ്ട്. അതിനെ വിശദപ്പെടുത്തി കൂടുതൽ തെളിവുകളോടുകൂടെ അല്പം ചില സംഗതികൾ പ്രസ്താവിക്കണമെന്നാണ് ഞാൻ ഇപ്പോൾ വിചാരിക്കുന്നതു.

ഇപ്പോൾ മദ്യവർജ്ജനത്തെ ആസ്പദമാക്കി നടത്തുന്ന നടപടി രണ്ടുവർഷം കൂടുമ്പോൾ നടത്തുന്ന ഓരോ ലേലകാലത്തും ലേലം ചെയ്യുന്ന ഷാപ്പുകളുടെ എണ്ണം ഒരു നിശ്ചിതശതമാനം കുറക്കുകഎന്നുള്ളതാണ്. അതനുസരിച്ചു ലേലകാലത്തു് ആ ശതമാനമനുസരിച്ചുള്ള ഷാപ്പുകളുടെ എണ്ണം ഓരോ താലൂക്കിലും കുറച്ചുവരുന്നുണ്ട്. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് മദ്യവർജ്ജനത്തിന് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഉദാഹരണമായി ഒരു സംഗതി പറയാം. ഷാപ്പുകളുടെ എണ്ണം എത്ര തന്നെ കുറച്ചാലും ഓരോ ഷാപ്പിലേക്കും ചെത്തുന്നതിന് അനുവദിച്ചിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണം ഒട്ടും കുറക്കുന്നില്ല. ഓരോ ഷാപ്പിലേക്കും ഇത്ര വൃക്ഷം ചെത്തണമെന്ന് ഒരു ക്ലിപ്തവുമില്ല. ഒരു സ്ഥലത്തു് നൂറു ഷാപ്പുണ്ടെങ്കിൽ അടുത്ത വർഷത്തിൽ അതിനെ അൻപതാക്കി കുറക്കുന്നതായാൽ ൧൦൦ ഷാപ്പിലേക്കും കൂടി ചെത്തുന്ന തെങ്ങ് മുഴുവനും അൻപതു ഷാപ്പിലേക്ക് വേണ്ടി ചെത്താമെന്നുവന്നാൽ ൧൦൦ ഷാപ്പിനെ അൻപതു ഷാപ്പാക്കി കുറച്ചതുകൊണ്ട് എന്താണ് വിശേഷം? ഷാപ്പുകളുടെഎണ്ണം കുറക്കുന്നതോടുകൂടി തന്നെ ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും കൂടി കുറച്ചില്ലെങ്കിൽ, യാതൊരുപ്രയോജനവുമില്ല. അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ കാണുന്നതു് ൧൧൦൨ ൽ ചെത്തിവന്നിരുന്ന തെങ്ങ് ൯൧,൭൬൮-ം പൽമേറാ ൧൨,൯൦൦-ം ചൂണ്ടപ്പന ൧൯,൭൮൪-ം ആണെന്നാണ്. ഈ കണക്കിന് ൧൧൦൨ ൽ ചെത്തുന്നതിന് അനുവദിച്ച വൃക്ഷങ്ങളുടെ എണ്ണം ൧൧൦൧-ൽ അനുവദിച്ചിട്ടുള്ളതിനെക്കാൾ ൨,൨൦൦ എണ്ണം കൂടുതലാണെന്ന് കാ

[Mr. Muruvelil Pachu Pillai.]

ണ്ടു. അതുപോലെ ൧൧൦൩-ൽ ചെത്തിയിട്ടുള്ള വൃക്ഷങ്ങൾ ൧൧൦൨-ൽ കൊടുത്തിട്ടുള്ള വൃക്ഷങ്ങളേക്കാൾ വളരെ കൂടുതലാണ്. ഇങ്ങിനെ ഷാപ്പുകളുടെ എണ്ണം ഓരോ കാലത്തും കുറക്കുകയും വൃക്ഷങ്ങളുടെ എണ്ണം ആണ്ടുതോറും കൂടിവരികയും ചെയ്താൽ കള്ളിന്റെ കൺസംപ്ഷൻ കൂടിവരുമെന്നുള്ളതിന് യാതൊരു സംശയമില്ല. ഇത് ഒരിക്കലും മദ്യവർജ്ജനനയം സാദ്ധ്യമാക്കുന്നതിന് ഉപകരിക്കുന്നതല്ല.

ഷാപ്പിന്റെ എണ്ണം കുറച്ചാലും കിട്ടുന്ന കള്ളിന്റെ കൺസംപ്ഷൻ കൂടുതലായാൽ അതു ധാരാളം ആളുകൾ കുടിയന്മാരായിതീരുന്നു എന്നുള്ളതിന് മതിയായ തെളിവാണ്. ഈ കള്ള് മുമ്പ് കുടിച്ചുവന്നവർ മാത്രം കുടിക്കയാണെങ്കിൽ ഇടങ്ങഴി കള്ളു കുടിച്ചുവന്നിരുന്ന ഒരുത്തൻ ഇപ്പോൾ രണ്ടിടങ്ങഴി കള്ളു കുടിക്കണം. അതു സംഭാവ്യമല്ല. അതിനാൽ കുടിക്കുന്ന ആളുകളുടെ സംഖ്യ വർദ്ധിച്ചു വരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഷാപ്പുകളുടെ എണ്ണം കുറക്കുന്നതോടുകൂടി ആ ഷാപ്പുകളിലേക്ക് ചെത്തിവരുന്ന വൃക്ഷങ്ങളുടെ എണ്ണവും കൂടെ കുറയ്ക്കേണ്ടതു് അത്യാവശ്യമാണെന്നാണ്. ഒരു ഷാപ്പിൽ മുപ്പതോ മുപ്പത്തഞ്ചോ അല്ലെങ്കിൽ അൻപതോ വൃക്ഷങ്ങളിൽ കൂടുതൽ ചെത്താൻ പാടില്ല എന്ന് ഒരു ക്ലിപ്തം വയ്ക്കണം. ഒരു കൊല്ലത്തിൽ നൂറു ഷാപ്പിലേക്ക് വേണ്ടി പതിനായിരം വൃക്ഷങ്ങൾ ചെത്താൻ കൊടുത്തിരുന്നു എന്നു വിചാരിക്കുക. അടുത്ത കൊല്ലത്തിൽ അഞ്ചു ഷാപ്പിന്റെ എണ്ണം കുറയ്ക്കുമ്പോൾ അതനുസരിച്ച് അൻപതു വീതമൊ ഇരുപത്തഞ്ചു വീതമൊ വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കുന്നതായാൽ കള്ളിന്റെ കൺസംപ്ഷൻ കുറയുന്നതാണ്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതും നടത്തിവരുന്നതുമായ നടപടികൾ ഷാപ്പുകളുടെ എണ്ണത്തെ കുറക്കുന്നതിനു മാത്രമല്ലാതെ ഉദ്ദേശസാദ്ധ്യത്തിന് പ്രയോജനപ്പെടുന്നില്ല എന്നുള്ള സംഗതി പ്രത്യേകം ഡിപ്പാർട്ടുമെന്റ് ആലോചിക്കേണ്ടതാണ്.

ലേലകാലത്ത് ഈ ഇനത്തിൽനിന്നും കിട്ടിവരുന്ന തുക ഓരോ ആണ്ടിലും വളരെ കൂടിവരുന്നു എന്നു കാണുന്നു. ഈ കൂടുതൽ അനുസരിച്ച് ഓരോ ഷാപ്പുകാരും കൂടുതലായി വൃക്ഷങ്ങൾ ചെത്തിവരുന്നു. ഓരോ ഷാപ്പിനും കൂടുതലായി എത്ര എങ്കിലും വൃക്ഷങ്ങൾ ചെത്തുന്നതിനു യാതൊരു തടസ്സവും ഇല്ല. അതിനെ നിർത്തി ഒരു ഷാപ്പിൽനിന്നു ഇത്ര വൃക്ഷങ്ങളെ ചെത്തിക്കാൻ പാടൊള്ളു എന്നു ഒരു ക്ലിപ്തം വയ്ക്കണം

ഇതുകൂടാതെ ലേലകാലത്തു ഇത്ര പേഴ്സൻറേജ് ലേലത്തിൽ കൂടി വന്നാലെ കമ്മീഷണർ ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുകയൊള്ളു എന്നും

കാണുന്നുണ്ട. ആ കാര്യത്തിലും ഗവൺമെൻറു വേണ്ടപോലെ ശ്രദ്ധിക്കേണ്ടതാണ് എന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപേക്ഷപത്തെ ഞാൻ അനുകൂലിക്കുന്നു.

MR. TARIATU KUJITOMMAN (*Murattupuzha cum Todupuzha*): എക്സൈസ് വകുപ്പിലെ മദ്യവ്യാപാരത്തെ സംബന്ധിച്ച പ്രത്യേകിച്ച ചിലതു പറയാനാണ്ട്. ഈശ്വരാരാധന സ്ഥലങ്ങളുടേയും വിദ്യാലയങ്ങളുടേയും, ആസ്പത്രികളുടേയും, മററു ഗവൺമെൻറു സ്ഥാപനങ്ങളുടേയും സമീപത്തുനിന്നും നാലു ഫർലാങ്ങ് എങ്കിലും ദൂരമാററിവേണം മദ്യഷാപ്പുകൾ സ്ഥാപിക്കാൻ. പലതരത്തിലുള്ള ജനങ്ങൾ കൂടേണ്ട സ്ഥലത്തിനടുത്തു മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതുകൊണ്ടു വളരെ അസൌകര്യങ്ങൾ പൊതുജനങ്ങൾക്കുണ്ടാകുന്നുണ്ട്. മദ്യപാനത്തിൽ ആസക്തിഇല്ലാത്തവരേയും അതിന് പ്രേരിപ്പിക്കുന്നതിനു കാരണമാകുന്നതുകൂടാതെ മദ്യപാനത്താൽ ബോധമില്ലാതെ ആഭാസവാക്കുകളും പറഞ്ഞു ലഹള കൂട്ടുന്നവരുടേയും ഉപദ്രവവും ജനങ്ങൾക്കുണ്ടാകുന്നു. ഇങ്ങനെ മാററിസ്ഥാപിക്കുന്നതുകൊണ്ടു ഗവൺമെൻറിൻെറ ആദായത്തിന് യാതൊരുകുറവും വരുന്നതല്ല. അഥവാ സ്വല്പം നഷ്ടം വന്നാലുംഅതു സാരമില്ലാത്തതാണ്. ഗവൺമെൻറിൻെറ ഉദ്ദേശവും പണം ഉണ്ടാക്കണമെന്നുള്ളതല്ലല്ലോ. ജനങ്ങളുടെയിടയിൽ സമാധാനവും, ക്ഷേമവും സാമ്പത്തികമായ അഭിവൃദ്ധിയും ഉണ്ടാകണമെന്നാണല്ലോ ഗവൺമെൻറിൻെറ ഉദ്ദേശം. പണം സാദ്ധ്യത്തിനുള്ള സാധനമാണ്. അല്ലാതെ സാദ്ധ്യം അതല്ല, ജനക്ഷേമമാണ്. അതിനാൽ ജനങ്ങളുടെ ക്ഷേമത്തെ മുൻനിറുത്തി പ്രവർത്തിക്കുന്നഗവൺമെൻറു വിദ്യാലയങ്ങൾ, ദേവാലയങ്ങൾ ആശുപത്രികൾ മുതലായസ്ഥാപനങ്ങളുടെ സമീപത്തുള്ള മദ്യഷാപ്പുകളെ മാററിസ്ഥാപിക്കുന്നതിനു വേണ്ട ഉത്തരവു കൊടുക്കേണ്ടതാണ്. ഞാൻ പ്രാതിനിദ്ധ്യം വഹിക്കുന്ന താലൂക്കുകളിൽതന്നെ ഇങ്ങനെയുള്ള പല ഷാപ്പുകളും ഉണ്ട്. പല ഉദാഹരണങ്ങളും എനിക്കു പറയാൻ കഴിയും. ഒരു ഭാഗത്തു പോലീസ് ഡിപ്പാർട്ടുമെൻറു ഇവിടത്തെ സമാധാനപരിപാലനത്തിന്നായി നിയുക്തന്മാരായി കാണപ്പെടുന്നു. മറെറാരു ഭാഗത്തു ലഹള കൂട്ടുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുന്ന മദ്യഷാപ്പുകളും ഗവൺമെൻറു തന്നെ ഏർപ്പെടുത്തിയിരിക്കുന്നു.

ഈ മദ്യം പൊതുജനക്ഷേമത്തേയും, സമാധാനത്തേയും അവരുടെ ഐശ്വര്യത്തേയും നശിപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ട് ഈ ദൂഷിച്ച മുതലെടുപ്പിനെ ഗവൺമെൻറു ഉപേക്ഷിക്കതന്നെവേണം. തല്ക്കാലം ഞാൻ അഭിപ്രായപ്പെട്ടതുപോലെ ജനാവലി കൂടുന്നസ്ഥലങ്ങൾക്കടുത്തുള്ള

[Mr. Tariatu Kunjitomman.]

ഷാപ്പുകളെ ൪ ഫർലാങ്ങ് ദൂരെമാററി സ്ഥാപിക്കാൻ വേണ്ട നിഷ്കൃഷ്ട ഗവണ്മെൻറ ഉടനടി ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

The Council adjourned for lunch at 2 P. M. and reassembled at 2-47 P. M.

MR. R. RAMAN PILLAI (*Kottayam*): മദ്യവ്യാപാരത്തെ കുറയ്ക്കുന്നതിനു എക്സൈസ്ഡിപ്പാർട്ടുമെൻറിൽ നിന്നും സ്വീകരിച്ചിരിക്കുന്ന നയം ആശാസ്യമല്ല. ഷാപ്പുകളുടെ എണ്ണം കുറയ്ക്കുമ്പോൾ ഉപഷാപ്പുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നുള്ള സംഗതി എക്സയിസ്കമ്മീഷണർ മനസ്സിലാക്കിയിട്ടില്ല എന്നുതോന്നുന്നു. അതു കഴിഞ്ഞതുകൊല്ലം കോട്ടയത്തു നടന്ന കേസിൽനിന്നും വിവരമായി മനസ്സിലാക്കാൻ കഴിയും. ഒരു വൃക്ഷം കരംകൊടുത്തു ചെത്തിയാൽ ൻ വൃക്ഷം കരം കൊടുക്കാതെ ചെത്തുന്നുണ്ട്.

MR. A. THANU PILLAI (*Trivandrum*): ഉപഷാപ്പു എന്നുവച്ചാൽ എന്താണ്?

MR. R. RAMAN PILLAI (*Kottayam*): ഒരു ഷാപ്പു ലേലത്തിൽ വിളിക്കൊള്ളുന്ന കൺട്രാക്ടർ എക്സയിസ് ഇൻസ്പെക്ടരുടേയുംമററും അനുമതിയോടുകൂടി ആ ഷാപ്പിന് പുറമെ നടത്തിവരുന്ന ചില്ലറ ഷാപ്പുകളെയാണു ഞാൻ ഉപഷാപ്പുകൾ എന്നു പ്രസ്താവിച്ചതു്.

ഈ ഉപഷാപ്പുകളിൽനിന്നും പത്തു മുതൽ ൨൫ വരെ രൂപാ ആദായം കിട്ടുന്നുണ്ട്. അതിലേക്കു ആവശ്യപ്പെട്ടാൽ പത്തോ അതിലധികമൊ തെളിവുകൾ കൊടുക്കാൻ തയ്യാറാണ്. ൮൦-ൽ അധികം വൃക്ഷങ്ങളെ എക്സയിസ്കാരുടെ പ്രത്യക്ഷമായ അനുവാദം കൂടാതേയും ഗവണ്മെൻറിനു കരംകൊടുക്കാതേയും ചെത്തിക്കൊണ്ടിരുന്നവരെ ഞാൻ കണ്ടുപിടിച്ചുകൊടുക്കയും അവരെ മുഴുവനും ശിക്ഷയിൽപെടുത്തുകയുംചെയ്തിട്ടുണ്ട്. ഇതുപോലെ കോട്ടയം, ചങ്ങനാശേരി, മീനച്ചൽ ഈ സ്ഥലങ്ങളിൽനിന്നും കണ്ടുപിടിച്ചുകൊടുക്കാൻതയ്യാറുണ്ട്. നമ്മുടെ രാജ്യത്തിൽ ൧൧൦൨-ൽ ചെത്താൻ അനുവദിച്ചിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണം വളരെക്കൂടുതലായിപ്പോയി എന്നു എന്റെ ഒരു സ്നേഹിതൻ സങ്കടപ്പെട്ടു പറഞ്ഞു. ഇതു അവരുടെ റിപ്പോർട്ടിൽ കണ്ടതായ എണ്ണം മാത്രം കണക്കാക്കി പറഞ്ഞതാണ്. അതിന്റെ വാസ്തവമായ എണ്ണം നോക്കുമ്പോൾ ആ സ്നേഹിതനു ഉണ്ടാകുന്ന സങ്കടം അവർണ്ണനീയമായിരിക്കും.

എക്സയിസ് ഡിപ്പാർട്ടുമെൻറിന്റെ ഭരണനയംകൊണ്ടു ഗവണ്മെണ്ടിനു ധാരാളം ആദായം ഉണ്ടായിക്കൊണ്ടിരിക്കുന്നുഎന്നു ഇതിൽ

നിന്നും വെളിവാകുന്നതാണ്. എന്നാൽ മനുഷ്യരെ കള്ളുകുടിപ്പിച്ചു അവരുടെ ചക്രംമുഴുവനും നശിപ്പിക്കാൻ എടുത്തിരിക്കുന്ന ഒരു ഒന്നാംതരംവിദ്യയാണിതു്. ആണ്ടിൽ ആകപ്പാടെ ൨൫൦ വൃക്ഷങ്ങൾ പല ഇനങ്ങളിലായി, അതായതു തെങ്ങു, ചൂണ്ടപ്പന, കരിമ്പന ഈ മൂന്നിനങ്ങളിലായി ചെത്തുന്നുണ്ടെന്നു റിപ്പോർട്ടിൽ കാണുന്നു. എന്നാൽ രണ്ടുലക്ഷത്തിൽ കൂടുതൽ വൃക്ഷങ്ങൾ ചെത്തപ്പെടുന്നുണ്ടെന്നു ഈ മൂന്നുതാലൂക്കിലേയും അനുഭവംകൊണ്ടു എനിക്കു ബോധ്യപ്പെട്ടിട്ടുണ്ടു്. ൧൦൮൧-ൽ ഉണ്ടായിരുന്ന ഷാപ്പുകളിൽനിന്നും ൪൭ എണ്ണം ൧൦൮൭-ൽ കുറച്ചിരിക്കുന്നതായി കാണുന്നു. അതുകൊണ്ടു യാതൊരുഫലവുമില്ല. ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം വർദ്ധിക്കുന്നതായാൽ കള്ളിന്റെ അളവുംവർദ്ധിച്ചുവരുമെന്നു ഞാൻ പറയാതെതന്നെ അറിയാമല്ലോ.

ഇതിനുംപുറമെ ൭൧൮൭൫ ഗ്യാലനിൽ കൂടുതൽ ചാരായം ചെലവായിട്ടുണ്ടെന്നു എക്സൈസ് കമ്മീഷണർതന്നെ സമ്മതിക്കുന്നതാണ്. ഇതു നാട്ടുകാരെയെല്ലാം കുടിപ്പിച്ചു അവരെ നശിപ്പിക്കാനുള്ള ഒരു നയമല്ലേഎന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇതുപോലെ ശീമമദ്യങ്ങളുടെ ചിലവും ധാരാളമായി വർദ്ധിച്ചുവരുന്നുണ്ടു്.

ഇതിനെ എല്ലാം ഇല്ലാതാക്കുന്നതിനുവേണ്ടി എനിക്കുതോന്നുന്ന ഒരഭിപ്രായംപറയാം. ഷാപ്പുകളെ ലേലംചെയ്യുന്ന ഇപ്പോഴത്തെ ക്രമംവിട്ടിട്ടു ഒരു ഷാപ്പിനു ഇത്ര വൃക്ഷങ്ങൾ എന്നു നിശ്ചയിച്ചുകൊണ്ടു് ആ വൃക്ഷങ്ങളെമാത്രം ലേലംചെയ്യണം. ഇങ്ങിനെ ഓരോ പ്രാവശ്യവും വൃക്ഷങ്ങളെ കുറച്ചുകുറച്ചു വരുന്നതായാൽ മദ്യം ഉണ്ടാക്കുന്നതിന്റെ അളവു കുറയുകയും തന്നിമിത്തം കാലക്രമേണ മദ്യവ്യാപാരം ഇല്ലാതാവുകയും ചെയ്യും. ഈ മദ്യവ്യാപാരം ഇല്ലാതാക്കിയാൽ അടിപിടിക്കേസ്സു ൭൫൦ കൊലക്കേസ്സു ൬൩-ം മോഷണക്കേസ്സു ൯൦-ം ശതമാനംവീതം കുറയുന്നതാണ്. ഇതുകൂടാതെ പോലീസുസൈന്യത്തിന്റെയും മജിസ്ത്രേട്ടുകോടതി, സെഷ്യൻകോടതി ഇവകളുടെയും എണ്ണം സാമാന്യത്തിലധികമായി കുറയ്ക്കാൻ കഴിയുന്നതാണ്. ഇപ്പോൾ തിരുവല്ലായിൽ ഒരു മജിസ്ത്രേട്ടുകോടതിവേണം. ചങ്ങനാശേരിയിൽ ഒരുമജിസ്ത്രേട്ടുകോടതി വേണം. മുണ്ടക്കയത്തു ഒന്നുവേണം ഇതൊന്നും പോരാ പെരിയാററിന്റെ കരയിൽതന്നെ ഒരു കോടതി വേണമെന്നിങ്ങനെ ഓരോരുത്തർ നിലവിളിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം മദ്യപാനത്തിന്റെ ദോഷം കൊണ്ടാണെന്നു ഇതേവരെയുള്ള അനുഭവംകൊണ്ടു ബോധ്യം വന്നിട്ടുണ്ടു്. ഈ ഡിപ്പാർട്ടുമെന്റു ഭരിച്ചുകൊണ്ടിരുന്ന വലിയ ഉദ്യോഗസ്ഥന്മാർക്കു ഇതിലുള്ള രഹസ്യമൊന്നും അറിഞ്ഞുകൂടാ. ഞാൻ സാധാരണതാമസം

[Mr. R Raman Pillai.]

മണക്കാട്ടാണ്. അതുകൊണ്ടു കാട്ടിൽനടക്കുന്ന സംഗതികൾ ഒക്കെ എനിക്കറിയാം. ഇതുവരെ എന്റെ അനുഭവത്തിൽ പെട്ടിട്ടുള്ള സംഗതികളെ അടിസ്ഥാനമാക്കി അവയെ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരികയാണു ചെയ്യുന്നത്. വൃക്ഷങ്ങളെ അടിസ്ഥാനമാക്കി ലേലം ചെയ്തു അവയുടെ എണ്ണം കുറയ്ക്കുന്നെങ്കിൽമാത്രമെ മദ്യത്തിനു കുറവു വരികയുള്ളു. ശീമമദ്യവും കൂടുതലായി ചിലവാകുന്നു. ൧൧൦൨-ൽ കോട്ടയത്തു ഒരു ശീമ മദ്യഷാപ്പുണ്ടായിരുന്നു, ൧൧൦൩-ൽ ഒന്നുകൂടി കൊടുത്തു. ഇതും ആശാസ്യമായ ഒന്നല്ല.

സൎക്കാരിനു കിട്ടാനുള്ളതു കിട്ടിക്കഴിഞ്ഞാൽ പിന്നെ അനന്തരഫലങ്ങളെപ്പററി നോക്കുന്നില്ല. മദ്യപാനംനിമിത്തം മനുഷ്യന്റെ ശരീരസ്ഥിതിക്കു ഹാനിതട്ടുന്നു എന്നുള്ളതിനെപ്പററി ഗവൺമെന്റു തീരെ ചിന്തിക്കുന്നില്ല. ഈ സംഗതിയെപ്പററി ഗവൺമെണ്ടു നിശ്ചയമായിട്ടും ആലോചിച്ചു നോക്കേണ്ടതാണ്.

മദ്യം ധനത്തെ ക്ഷയിപ്പിക്കുകയും ആപല്ക്കരങ്ങളായ രോഗങ്ങളെ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഇതിന്റെ ഹീനകരങ്ങളായ പ്രവൃത്തികളെപ്പററി ഈ സഭാസമക്ഷം പറയേണ്ടിവന്നതിൽ എനിക്കു വ്യസനമുണ്ട്.

അതുകൊണ്ട് ഞാൻ അഭിപ്രായപ്പെട്ടതുപോലെ ഇപ്പോഴത്തെ നയത്തെ മാററി ഷാപ്പുകളുടെ എണ്ണം കുറയ്ക്കുകയും കൺട്രാക്ടന്മാൎക്ക് ഓരോ കൊല്ലവും ചെത്താൻ അനുവദിച്ചുകൊടുക്കുന്ന വൃക്ഷങ്ങളുടെ എണ്ണം കുറക്കുകയും ചെയ്യണം. ഈ വൃക്ഷങ്ങളുടെ കരം ഒരു ക്ലിപ്തകാലത്തിനുള്ളിൽ കൺട്രാക്ടന്മാരിൽനിന്നു കിട്ടത്തക്കവണ്ണം ലേലം ചെയ്തു കൊടുക്കണം. ശീമമദ്യഷാപ്പുകളും ആണ്ടുതോറും കുറക്കണം. തന്നിമിത്തം ജനസാമാന്യം നന്നാകാനും ഇടയാകും. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. K. G. PARAMESVARAN PILLAI (*Quilon*): സർ, ഇവിടെ മദ്യഷാപ്പുകളും മദ്യപാനവും അപരിമിതമായി വൎദ്ധിച്ചുവരാതിരിക്കുന്നതിനു എന്റെ സ്നേഹിതന്മാരിൽ പലരും പല ഉപദേശങ്ങളും ചമൽക്കാരത്തോടുകൂടി ഇവിടെ ചെയ്യുകയുണ്ടായി. മദ്യപാനനിരോധനത്തിൽ ഗവൺമെന്റിനുണ്ടാകുന്ന നഷ്ടത്തെ പരിഹരിക്കുന്നതിനു പല മാൎഗ്ഗങ്ങളും നിൎദ്ദേശിച്ചു. അക്കൂട്ടത്തിൽ എന്റെ അഭിപ്രായം ഇവിടെ പറയുന്നതു ഒട്ടും അസ്ഥാനത്തിലാകയില്ലെന്നും വിചാരിക്കുന്നു.

വിദേശങ്ങളിൽനിന്നും ഇവിടെ ധാരാളം ഉപ്പു ഇറക്കുമതി ചെയ്യുന്നുണ്ടു്. ൧൦൨-ൽ ൯ ലക്ഷത്തിൽചില്വാനം രൂപാ വിലയ്ക്കുള്ള ഉപ്പു ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ടു്. എന്നാൽ ഇവിടത്തേയ്ക്കാവശ്യമുള്ള ഉപ്പു ഇവിടെതന്നെ വിളയിച്ചുണ്ടാക്കുന്നപക്ഷം ഒരു നല്ല തുക നമുക്കു ആദായം ലഭിക്കുന്നതാണു്.

പിന്നീടു മിസ്റ്റർ രാമൻപിള്ള അഭിപ്രായപ്പെട്ടതുപോലെ മദ്യപാനം നിശ്ശേഷം നിറുത്തുന്നപക്ഷം മജിസ്ട്രേട്ടുകോടതികളെയും പോലീസുകാരേയും വളരെ കുറയ്ക്കാം.

കൊല്ലം, കോട്ടയം, നാഗർകോവിൽ തുടങ്ങിയുള്ള മുൻസിപ്പാലിററികളിൽ ആദ്യം മദ്യഷാപ്പുകളെ നിർത്തണം. അതുകഴിഞ്ഞിട്ടു ഉൾനാട്ടുകളിലും ഈ നയംതന്നെ അനുവർത്തിക്കണം. അതുകൊണ്ടു മദ്യപാനനിരോധനം കുറേക്കൂടി സാദ്ധ്യമാകും.

ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മി: നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു.

MR. ITTOOP ITTEECHAN (*Kunnatnad*): മിസ്റ്റർ നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. പല സ്നേഹിതന്മാരും ഇതിനെസംബന്ധിച്ച് പല അഭിപ്രായങ്ങളും ഇവിടെ രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ മദ്യവ്യാപാരം തടയുന്നില്ല എന്നു അഭിപ്രായപ്പെട്ടതിനോടു ഞാൻ യോജിക്കുന്നില്ല. ഈ തിരുവിതാംകൂറിൽ മധുവർജ്ജനം എന്ന മുറവിളി വളരെനാളായി കേട്ടുകൊണ്ടിരിക്കുന്നു. എന്നാൽ മധുവർദ്ധനമായിട്ടാണു് ഇപ്പോൾ കാണുന്നതു്. ലേലത്തുക കൂടുതൽ ഉണ്ടാകണമെന്നുള്ള മുൻ കമ്മീഷണരുടെ ഉദ്ദേശമാണു് ഇതിനുകാരണം. ഏതെങ്കിലും ഒരു താലൂക്കിൽ ലേലത്തിനുപോയാൽ ലേലക്കാരെ ഹാജരാക്കേണ്ട ചുമതല എക്സൈസ് ഇൻസ്പെക്ടർമാൎക്കും പെററിയാഫീസർമാൎക്കുമാണു. കൂടുതൽ തുകയ്ക്കു ലേലത്തിൽപോകാത്തപക്ഷം ഇൻസ്പെക്ടരുടേയോ പെററിയാഫീസരുടേയോ പ്രമോഷനു തടസ്ഥം നേരിട്ടേയ്ക്കുമോ എന്നുള്ള ഭയമാണു് ഇവരെ ഇതിനു പ്രേരിപ്പിക്കുന്നതു്. തന്നിമിത്തം ഈ ഉദ്യോഗസ്ഥന്മാർ കൺട്രാക്റ്റർമാരുടെ മദ്യവില്പനയ്ക്കു ഒരു സഹായികളായിട്ടു നില്ക്കാനും നിർബന്ധിതരാകുന്നു. ഇത്ര വൃക്ഷമേ ചെത്താവു എന്നു എന്തു നിർബന്ധം വച്ചാലും ഈ ഉദ്യോഗസ്ഥന്മാരും കൺട്രാക്ടരുംകൂടി യോജിച്ചാൽ അതൊക്കെ വ്യർത്ഥമായിട്ടു തീരുമെന്നാണു് എന്റെ അഭിപ്രായം. ചെത്താനുള്ള വൃക്ഷങ്ങളെല്ലാം

[Mr. Ittoop Itteechan.]

ഒരു മാക്കു ഇട്ടാണു് കൺട്രാക്ടരെ ഏല്പിക്കുന്നതു്. മാക്കിടാത്ത വൃക്ഷങ്ങൾ ചെത്തുന്നപക്ഷം അതിനെ കണ്ടുപിടിച്ചു ചാർജുചെയ്യുന്നതിനു പോലീസുമുഖാന്തിരംകൂടി വേണ്ട ഏർപ്പാടുചെയ്താൽ ഇന്നത്തേക്കാൾ കുറെ ശമനം കണ്ടേക്കും.

ഇനി പുകയില വ്യാപാരത്തെ സംബന്ധിച്ചും എനിക്കു ഒരു വാക്കുപറയാനുണ്ടു്. ഒരു ക്ലിപ്തതുക്കത്തിൽ പുകയില കൊണ്ടുവരുന്നതിനു ലൈസൻസു കൊടുക്കുന്നുണ്ടു്. അതിൽനിന്നും സ്വല്പം കൂടിയാൽ ഉടനെ അതിനു പ്രത്യേകം ചുങ്കം കൊടുക്കണം. നിർഭാഗ്യവശാൽ പുകയില കൊണ്ടുവരുന്നവഴിക്കു നനയുന്നതിനിടയായാൽ തൂക്കത്തിൽ കൂടും. അപ്പോൾ നികുതിയും കൂട്ടികൊടുക്കണം. ഇതു കച്ചവടക്കാൎക്കു വളരെ ബുദ്ധിമുട്ടാണു്. അതുകൊണ്ടു ഒരു കണ്ടിക്കു ലൈസൻസു കൊടുത്താൽ ഒന്നരകണ്ടിവരെ കൊണ്ടുവരുന്നതിനു കൂടുതൽ ചുങ്കം ചുമത്തരുതു്.

അതിനും പുറമെ വടക്കൻതിരുവിതാംകൂറിൽ പുകയില വ്യാപാരത്തിനു ഹോൾസെയിൽലൈസൻസു കൊടുക്കാറുണ്ടു്. പുകയില വാങ്ങിക്കുന്നതും കൊടുക്കുന്നതും കടത്തിന്മേൽ ആണു്. കൊടുക്കുന്ന സ്ഥലത്തു ചില്ലറക്കടമായിരിക്കും. വാങ്ങിക്കുന്നസ്ഥലത്തു വലിയ കടവുമായിരിക്കും. ഒരു കച്ചവടക്കാരൻ പലക്കും പുകയില കടംകൊടുക്കയും അതുപോലെ കടം എടുക്കയും ചെയ്തിരിക്കും. അപ്പോഴാണു് വേറെ ഒരു കച്ചവടക്കാരനും ലൈസൻസു കൊടുക്കുന്നതു. അതുകൊണ്ടു മറേറയാളുടെ കച്ചവടത്തിനു കുറവുണ്ടാകയും കടം ശരിയായി പിരിഞ്ഞുകിട്ടാതിരിക്കുകയും ചെയ്യും. ഇങ്ങനെ സ്ഥിരമായ ഒരേർപ്പാടു ഇല്ലാത്തതുകൊണ്ടു് പല ബുദ്ധിമുട്ടുകളും കച്ചവടക്കാൎക്കു നേരിടുന്നു. ഇതിനെല്ലാം വേണ്ടതരത്തിൽ ഗവണ്മെൻറു പരിഹരിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ മി: നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങികൊള്ളുന്നു.

MR. G. P. NILAKANTA PILLAI (*Karunagapalli*): I rise to support Mr. K. P. Nilakanta Pillai. The subject of discussion is the adoption of the policy of prohibition. Government have recognised the policy and they are making a biennial reduction of five shops; and further the Dewan, in his address to the Sri Mulam Popular Assembly, has declared that the Government propose to adopt the policy of local option also. But the measures adopted are not sufficient, not adequate to the ultimate end in view. That is the main complaint now. It can be seen that the consumption of liquor is on the increase year by year. Of course the Excise Commissioner claims that it is on account of the vigilance of his officers. We grant it. The officers are no doubt

vigilant. Only we do not accept the argument. He says that it is on account of the vigilance of his officers in the matter of *prevention* of illicit trade of arrack. But we feel that it is on account of their active *encouragement* of drinking. The head of the department thinks that his credit lies in showing an increase in the revenue. But that is not so in the case of the Excise Department. In the case of this department we want a diminution in revenue. We do not want an increase in the revenue of the country by encouraging drinking in the State. Of course if the Government will not be particular to have this filthy lucre which they gain by making so many families miserable, I think there is absolutely nothing which prevents them from adopting the policy of prohibition. That is what we want and that is what is urged by this motion. Therefore we wish that the Government should immediately take up the sense that is now expressed in this House and adopt the policy of complete prohibition.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Sir, I rise to support the motion before the House. The Excise Commissioner has been saying that he has done all that is possible for the cause of temperance in Travancore. But it is seen from the report that the number of shops reduced for the biennial contract is only 84 out of 2920 i. e., it comes to only 2½ per cent per annum. What I have to say is that if the Excise Commissioner is really earnest in promoting the temperance movement he should work whole-heartedly for that cause and reduce the number of shops to a much greater extent than at present.

Another mode by which the department tries to promote the cause of temperance is to increase the tree-tax and the duty on jaggery. If prohibition is the real object of Government I think the rates should be made prohibitive. There is no meaning in increasing it by a few annas. If the Government are really earnest in the matter let them increase the rate by prohibitive sums so that ordinary people cannot afford to go to these shops with their small sums of money which alone would be available to them in the evening.

My friend Mr. K. P. Nilakanta Pillai has given some suggestion for the Excise Department to follow if they are willing to promote the cause of temperance so far as our State is concerned. I believe the Excise Commissioner will take these suggestions into consideration and act up to them.

The chief point expressed by many of the members on the other side against prohibition is that the financial condition of the State would be jeopardized. My point is that the finances of the State are not quite distinct from the finances of the people. The income under abkari really comes from the people; and so if the Government loses 45 lakhs of rupees from the excise revenue those 45 lakhs would be with the people and the taxing capacity of the people would increase. Now we object to additional taxation because we see that there are surpluses in the Treasury and because our tax-paying capacity has reached the breaking point. What I have to state is that if the temperance movement is promoted by the Government the capacity for work of the individuals as well as of families will increase and our earning capacity will

[Mr. A. S. Damodaran Asan.]

also increase. We will then be in a better position to help the administration of the State by contributing a larger share to the revenues of the State. I request the Government to take this matter into consideration without apprehending that there will be any difficulty in getting on with the administration on account of the large reduction in the revenue. I hope these points will be taken into consideration when the Excise Commissioner thinks of adopting the suggestions put forward by my friend Mr. Nilakanta Pillai.

MR. V. CHELLAM PILLAI (*Tovala*): Sir, in supporting Mr. Nilakanta Pillai I have only one suggestion and that is that the Excise Commissioner must arrange to take a census of the drinking population. If that is also presented here we will be able to know the extent to which there is consumption of liquor among the public.

MR. A. G. MENON (*Parur*): In rising to speak a few words on this motion, I am not going to introduce any new argument against or for the proposition. I only wish to place a few facts before the House. All the remedies suggested here, in order to bring about prohibition, may not be of any use, so long as we are surrounded by countries which are not disposed to free themselves from the drinking evil. For instance, the Cochin and the British territories surround us on all sides except on the western side where there is the ocean. So long as these countries show absolutely no disposition to act up to the ideal of prohibition, it is practically impossible to bring about any tangible result in this country, especially in the taluks near the Cochin frontier. I think I may mention one instance here. In this matter of temperance, the Roman Catholic missionaries are far more powerful and influential than the Government. In a place called Gothuruthu it is practically in Cochin— (*Louder, please.*) for about 2 years, the priest of that locality tried his best by education, preaching and otherwise to enforce prohibition and he was so successful that there was not even a single excise shop there. But the people who wanted to drink came over to our side and got what they wanted. That is the state of affairs. What I want to point out is that, so long as the surrounding States are absolutely wet, to use the expression current in the prohibitionist's dictionary, it is not possible to bring about total prohibition here. But, if the Government is really intent upon doing anything in this behalf, they can do something tangible by adopting two or three measures like the following. Already we have in the statute book a legislation prohibiting sale of cigarettes and tobacco to children. In the same way if we have in our statute book provisions penalising the sale of all kinds of intoxicants, not only toddy and arrack, to persons below 21 years of age and if the Government were to give local option, particularly to Municipalities and Village Panchayats—which I hope will be established soon, and also prohibit the sale of intoxicants within a radius of one mile a distance of 4 furlongs is absolutely insufficient—from places of worship, markets and schools, we would be doing something in that direction. Personally, I am not against prohibition. My only point is that, in the

circumstances in which we now are, it is not possible, as a practical proposition, to bring about prohibition in the country. If the matter is pressed to a division, certainly I shall vote for the motion. But my opinion is that it is not a practical proposition to bring about prohibition here under the present circumstances.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): The difficulty pointed out by my friend applies only to frontier taluks like Parur. Does he not think that other taluks would be benefited ?

MR. A. G. MENON (*Parur*): Then there will be smuggling. We know the conditions in America.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): It is for the department to prevent smuggling.

MR. A. G. MENON (*Parur*): I should not be understood to say that I am against prohibition. I am *for* prohibition. But my personal opinion is that, so long as we have what is called the western civilisation among us, it is impossible to eradicate this evil. It is also bound to exist so long as we do not get power to tax foreign liquor—I understand that our Government has absolutely no power to tax foreign liquor. Unless we practically prohibit the importation of foreign liquor by very prohibitive duty, we cannot bring about any decrease in the consumption of foreign liquor. Unfortunately, foreign liquor is consumed mostly by the so-called educated classes. In matters like this, Sir, what is necessary is mainly a change in the mentality of the people.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know what the member means by foreign liquor ?

MR. A. G. MENON (*Parur*): Liquor such as wine. I do not know much about this. I have little experience in the matter. (*Laughter*).

MR. MATTHEW MURIKKAN (*Vaikam*): May I know what the member meant when he said 'so-called educated classes'?

MR. A. G. MENON (*Parur*): Simply because a man is a graduate in arts, or engineering, or is an M. A., or has some other degree, it does not mean that he is really educated—of course that is my opinion. But even among such people there may be really educated people, educated in the sense in which I speak here.

MR. MATTHEW MURIKKAN (*Vaikam*): Does the member think that he has sufficiently explained what he meant by the term 'so-called educated classes'?

MR. A. G. MENON (*Parur*): I think the members of the House have understood me.

MR. A. S DAMODARAN ASAN (*Mavelikara* cum *Kartikapalli*): Unless there is prohibition here, will it not stand in the way of the Cochin State and other neighbouring provinces introducing prohibition in their country for the same reason now urged by Mr. Menon in the case of Travancore?

MR. A. G. MENON (*Parur*): There must be some sort of international or interstatal arrangement. That is my honest opinion in the matter.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from Mr. Menon whether he is of opinion that it is on account of the class of society of the present day that prohibition would be impossible?

MR. A. G. MENON (*Parur*): Not exactly the social condition of the State. So long as our neighbours are disposed to remain wet—practically wet, absolutely wet, I may say-in spite of propaganda and agitation carried on there against it nothing tangible could be done. Except in paper, nothing has been done so far in any of these places.

MR. K. P. NILAKANTA PILLAI (*Chirayinkil*): Does the member know that on account of the stringent policy pursued by the British Government the area of cultivation of the poppy plant has been reduced to such a large extent that the income derived from this source has gone down from eight to one and a half crores?

MR. A. G. MENON (*Parur*): I do not know anything about it. I do not speak of liquor alone. I include opium and ganja also in this category.

MR. K. P. NILAKANTA PILLAI (*Chirayinkil*): Has my friend Mr. Menon any objection to have prohibition as our ideal?

MR. A. G. MENON (*Parur*): I have absolutely no objection, if it is a practical ideal.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, while speaking on the motion I would throw out one suggestion to the Excise Commissioner to reduce the drink evil. Some of my friends here suggested that shops should be removed from the public places and that on festive occasions when public assemble no shop should be opened there. But I am not of that opinion for the reason that if the shops be in public places, in my opinion, it will minimise the drink evil. If it is in a secluded place where the public have no access people will largely go to the place and drink. So I would suggest to the Excise Commissioner to insist that every shop-keeper must have a petromax light hung before his shop so that as much publicity as possible could be given so that the public may have a compunction to go to the shop and drink. With these observations I support the motion.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): With regard to the temperance movement I would also offer a suggestion that a system of receipt giving for every small purchase made which should be published. I think that would go a great way to lessen the quantity of liquor now expended. The Government say it as a policy—policy is quite different from realities—that all of us either should stop drinking by ourselves or should influence others to do so. That also would, to some extent, lessen the evil of drink. We should not wholly blame Government. Though my ideas may be curious, for all practical purposes I think they would lessen the evil of drink and so I support Mr. K. P. Nilakanta Pillai's motion.

MR. A. THANU PILLAI (*Trivandrum*): I also support the motion. It will not be denied that the policy of the Department should be to secure total prohibition, if not all of a sudden, at least at some remote time. What I wish to emphasise is if, that is the object, there is practically no trace of any attempt whatsoever in that direction, as can be seen from the report of the Department. It is stated that there is an attempt at reducing the number of shops by 5 per cent for the next two years. I am not in a position to say whether the number has actually been reduced or not. In the Financial Secretary's speech, I think it was, that mention was made of this fact. But the auction sales for 1104 and 1105 are actually over and if the Financial Secretary had supplied the figures that would have been of help to this House. But that has not been done. Any how what I wish to point out is this. We do not find any reduction in the quantity of liquor consumed. On the contrary we find an increase and we do not find any reduction in the quantity consumed per head of population. The Law Member, it was, I think, who wanted information of Mr. K. P. Nilakanta Pillai on this matter and I say that information is available in the Departmental report itself. The consumption per head of population rose in 1102 from 1·39 drams to 1·42 drams. Then again I find a very significant fact from the statistics supplied by the department for 1102. I refer to the number of shops that existed in 1102 in the taluks of Shertallai and Vaikam. The number of arrack shops in Shertallai was 28 and the total quantity of arrack sold in the year was only 724·7 gallons. Now I ask, what is the meaning of maintaining these 28 shops where the quantity of arrack that is consumed is so small? Now 28 shops for selling 724·7 gallons of arrack means one shop to sell about ·4 of a bottle per day. If the Government is really intent upon reducing the drink evil I would ask why not abolish these shops. I can understand some three or four shops existing in that taluk. But I do not think, consistently with the policy of the Government, if it is one towards prohibition, the existence of such a large number of shops can be explained. Similarly also is the case of Vaikam taluk. There are twenty arrack shops in the taluk while the total quantity of arrack sold is only 976 gallons. These figures indubitably show that after all considerations of revenue are not quite out of the mind of the Commissioner. But what I wish to impress on the House is that in case we are really bent on reducing drink we must see that definite steps are taken that the revenue itself is reduced. It should not be the aim of the Excise Department to secure increasing revenue year after year, as that would only lead to more difficulties. At any rate we find that for the last several years the Excise revenue has been going up. If it goes on at this rate for some years what will be the means of getting out of the financial difficulty if we find at any time prohibition is possible. I think that will be a serious obstacle, and prohibition will be impossible. So I would suggest—I do not know how financiers would view that suggestion—that in the interests of morality, a definite check should be placed on the increase in Excise revenue. On the contrary let there be an attempt to decrease the revenue by considerably

[Mr. A. Thanu Pillai.]

reducing the number of shops. If the number of shops is cut down it is said that illicit liquor would take the place of licit liquor. Then I ask, for what purpose the Department exists? The officers of the Department are expected to do their work properly and if they are competent, a considerable diminution can be effected in the consumption of liquor. A beginning can be made in the taluk of Shertallai or Vaikam? One or two taluks can be taken every year and the number of shops reduced to one-half or one-fourth. With these observations I strongly support the motion.

MR. TAMARAPALLIL KOCHUTOMMAN (*Pattanamitta*): മദ്യവർജ്ജനത്തെ സംബന്ധിച്ചു എന്റെ മാന്യ സ്നേഹിതന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തോടു ഞാനും പൂർണ്ണമായി യോജിച്ചുകൊള്ളുന്നു വളരെ നാളായി ഗവൺമെന്റു എടുത്തു കൊണ്ടിരിക്കുന്ന ആദായത്തെ ഉപേക്ഷിക്കുന്നതിൽ ഗവൺമെന്റിനു വളരെ വൈമനസ്യമുണ്ടാകാം. എന്നാൽ അതു നന്നല്ല. ശരിയായവഴിയിൽ കൂടിയുള്ള ഒരു ആദായമല്ല ഇതു് എന്നു് ഗവൺമെന്റു മനസ്സിലാക്കേണ്ടതാണു്. ദൂഷ്യമില്ലാത്ത ഒരു നല്ല സമ്പാദ്യം ദൂഷ്യമുള്ള വലിയ ഒരുസമ്പത്തിനേക്കാൾ ഏററവും നല്ലതാണു്.

PRESIDENT: The time allotted for this demand has now expired and I have now to put the whole demand to the vote of the House. I take it that the House grants the full demand.

MR. K P. NILAKANTA PILLAI (*Chirayinkil*): I think we have the whole day for this demand.

PRESIDENT: Only half a day.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): We began this demand at 12-10 P. M. and leaving 45 minutes for the interval, the time for this demand is over at 3-25 P. M.

MR. A .S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): As it is not fixed under any Standing Order I think as President you can extend it.

PRESIDENT: The time is fixed for the whole of the Session. I think there has been a very satisfactory exposition of the views of the House and if the time is extended it will only lead to a repetition. I am afraid I cannot extend the time.

I take it that the House grants the whole demand of Rs. 6,05,993 under Demand III - Excise Department.

The Demand was granted.

Motions 83 to 98.

The following motions lapsed, as the time allotted for the demand having expired:

MR. A. THANU PILLAI:

83. To omit the allotment of Rs. 300 for secret service.

MR. R. RAMAN PILLAI :

84. To reduce the allotment of Rs 1,62,142 for establishment (excluding temporary and reserve) by Rs. 25,980.

MR. G. P. NILAKANTA PILLAI :

85. To reduce the allotment of Rs. 1,62,142 for establishment (excluding temporary and reserve) by Rs. 2,115.

MR. A. THANU PILLAI :

86. To omit the allotment of Rs. 9,066 for temporary petty officers and peons.

MR. MATTHEW MURIKKAN :

87. To omit the allotment of Rs. 900 for the upkeep and maintenance of motar boat.

MR. MURUVELIL PACHU PILLAI :

88. To omit the allotment of Rs. 3,66,893 for Excise.

MR. ITTOOP ITTEECHAN :

89. To reduce the allotment of Rs. 3,66,893 for Excise by Re. 1.

MR. N. R. KRISHNAN :

90. To reduce the allotment of Rs. 3,66,893 for Excise by Rs. 10.

MR. N. K. KRISHNA PILLAI :

91. To reduce the allotment of Rs. 3,66,893 for Excise by Rs. 100.

MR. A. S. DAMODARAN ASAN :

92. To reduce the allotment of Rs. 3,66,893 for Excise by Rs. 100.

MR. K. MADHAVAN PILLAI :

93. To reduce the allotment of Rs. 3,66,893 for Excise by Rs. 100.

MR. P. S. MAHOMED :

94. To reduce the allotment of Rs. 3,66,893 for Excise by Rs. 1,000.

MR. ITTOOP ITTEECHAN :

95 To omit the allotment of Rs. 1,200 for the upkeep and maintenance of motor boat.

MR. P. S. MAHOMED :

96. To reduce the allotment of Rs. 82,200 for Customs by Rs. 100.

MR. N. R. KRISHNAN :

97. To reduce the total allotment of Rs. 6,05,993 under Demand III by Rs. 10.

MR. A. G. MENON :

98. To reduce the total allotment of Rs. 6,05,993 under Demand III by Rs. 100.

DEMAND IV—FOREST.

MR. R. DHANUKOTI PILLAI (*Conservator of Forests*) : Sir, I rise to move for a grant not exceeding Rs. 8,21,418 under Demand IV—Forest.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): Sir,—

MR. K. P. NILAKANTA PILLAI (*Chirayinkil*): I wish to know whether the previous Demand has been put?

PRESIDENT: I just put it to the vote of the House.

Motion 99.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സർ, രാജകീയവൃക്ഷങ്ങളുടെ വകയ്ക്കു രണ്ടുലക്ഷം രൂപാ ചേർത്തിട്ടുള്ളതിൽ ൧ രൂപാ കുറയ്ക്കണമെന്നുള്ളതാണു് എന്റെ ഉപക്ഷേപം.

കുടികളുടെ പുരയിടങ്ങളിൽ നില്ക്കുന്ന തേക്കുവൃക്ഷങ്ങളുടെ പൂർണ്ണാവകാശം കുടികൾക്കുതന്നെ വിട്ടുകൊടുക്കണമെന്നു സ്ഥാപിക്കാനാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. കുടിവക പുരയിടങ്ങളിലെ തേക്കുവൃക്ഷങ്ങളുടെ അവകാശം ഗവർമ്മെന്റു പൂർണ്ണമായി കുടികൾക്കു വിട്ടുകൊടുക്കുന്നപക്ഷം ആവക വൃക്ഷങ്ങൾ ധാരാളം ഈ രാജ്യത്തെ ജനങ്ങൾ നട്ടുവളർത്തുകയും അതുവഴിയായി ഗവർമ്മെന്റിനു ഒരു നല്ല ആദായം ഉണ്ടാകുകയും ചെയ്യും. ഇപ്പോഴത്തെ നിലയ്ക്കു് കുടികൾക്കു ഇതിൽ പൂർണ്ണാവകാശം ഇല്ലാത്തതുകൊണ്ടു് ഈ വൃക്ഷങ്ങൾ ക്രമേണ നാമാവശേഷമായി തീരുമെന്നുള്ളതിൽ സംശയമില്ല. ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റുകാരുടെ ഉപദ്രവംനിമിത്തം മുളയിലെതന്നെ ഈ വൃക്ഷങ്ങളെ നശിപ്പിച്ചുകളയുന്നതിനു കുടിയാനവന്മാർ നിർബന്ധിതന്മാരായി തീരുന്നു. തടികൾ വളർന്നുവന്നാൽ വലിയ ഉപദ്രവമാണു്. ഒരു കൊമ്പോ ഇലയോ അടർത്തുന്നപക്ഷം ഫാറസ്റ്റുകാർ കേസെടുത്തു ശിക്ഷിക്കും. ഇങ്ങനെ തേക്കുതടികളുടെ ഇലയോ കൊമ്പോ വെട്ടാൻ നിവൃത്തിയില്ലാത്തതുകൊണ്ടു അതിനടുത്തു ഉണ്ടാകുന്ന വിളവുകളും നശിക്കുന്നു. ആ ഇനത്തിലും കുടികൾക്കു ബുദ്ധിമുട്ടാണു്. പിന്നെ പകുതി അവകാശം കടലാസിലുണ്ടെങ്കിലും അതു കുടിയാനവനു് കിട്ടുന്നില്ല.

ഈ തടികളുടെ പൂർണ്ണാവകാശം കുടികൾക്കുകൊടുത്താൽ അതു ഗവർമ്മെന്റിനു് നഷ്ടമല്ലേ എന്നൊരു ചോദ്യത്തിന്നവകാശമുണ്ടു്. അതിനുള്ള പരിഹാരംകൂടെ ഞാൻ ഇവിടെ നിർദ്ദേശിക്കാം. കുടികളുടെ പുരയിടങ്ങളിൽ നില്ക്കുന്ന വൃക്ഷങ്ങളെ വെട്ടിമുറിച്ചു സമുദ്രതീരത്തുള്ള ഡിപ്പോവിൽ കൊണ്ടുചെന്നു വില്ക്കുകയാണു് ഇപ്പോൾ ഡിപ്പാർട്ടുമെന്റു ചെയ്തുവരുന്നതു്. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു ഡിപ്പോവിൽ ശേഖരിക്കുന്നതി

ന്നുള്ള ചിലവുകഴിച്ചു തുഛമായ ഒരു സംഖ്യമാത്രമെ ഗവൺമെൻറിനു കിട്ടി വരുന്നൊള്ളു എന്നും കാണാം. ഈ തടികൾ അധികപങ്കും സമുദ്രതീരത്തുള്ള ഡിപ്പോകളിൽനിന്നുംവാങ്ങിക്കുന്നതുവിദേശികളാണ്. ഇങ്ങനെകുടികളുടെ പുരയിടത്തിൽ നില്ക്കുന്നതടികളെ ഗവൺമെൻറു മുറിച്ചുകൊണ്ടു പോക യും, ഫാറസ്റ്റുഡിപ്പാർട്ടുമെൻറുകാരുടെ ഉപദ്രവത്തെ ഭയന്നു കുടി കൾ രാജകീയ വൃക്ഷങ്ങളെ മുളയിലെ നശിപ്പിക്കയും ചെയ്തുവരുന്നതു കൊണ്ടു അടുത്ത കാലത്തുതന്നെ ഠരം ഇനത്തിലുള്ള വരവു തീരെനിന്നു പോകാനിടയുണ്ടു്. കുടികൾക്കു പൂർണ്ണാവകാശം വിട്ടുകൊടുത്താൽ അ വർ തടികളെ വളർത്തി മുറിച്ചു വിലയ്ക്കുകൊടുക്കും. പ്രായേണ ഇപ്പോ ഴത്തെപ്പോലെ വിദേശികളായിരിക്കും ഠരംതടി അധികവും വാങ്ങിക്കൊണ്ടു പോകുന്നതു്. ഠരം രാജ്യത്തുനിന്നും പുറമെപോകുന്ന തടികൾക്കു ഒരു തീരുവ ചുമത്തുന്നപക്ഷം ഗവൺമെൻറിനു് ആദായം പ്രകാരാന്തരേണ കിട്ടികൊണ്ടിരിക്കും. എല്ലാ വർഷവും അതു വർദ്ധിച്ചും വരും. കുടികൾ ഠരം വക തടികൾ നട്ടുപിടിപ്പിക്കാതെ ഉള്ളതിനെതന്നെ നശിപ്പിക്കു ന്നപക്ഷം ഗവൺമെൻറിനു ആദായം കുറയാനെ തരമൊള്ളുവല്ലൊ. തീ രുവ ഇനത്തിൽ ഗവൺമെൻറിനു കിട്ടുന്ന ആദായം ഒരിക്കലും കുറയുന്ന തല്ല. ഇതിലേക്കു ഒരുദൃഷ്ടാന്തം പറയാം.

മുൻകാലങ്ങളിൽ കുരുമുളക് ജനങ്ങൾക്കു സ്വന്തമായി കൃഷി ചെയ്തു ആദായം എടുക്കുവാൻ പാടില്ലാ. ജനങ്ങൾ കൃഷിചെയ്താൽ തുഛമായ ഒരുവില വാങ്ങിക്കൊണ്ടു കുരുമുളകുമുഴുവൻ ഗവൺമെൻറിനെ ഏല്പിക്കണം. തന്നിമിത്തം ജനങ്ങൾക്കു വളരെ ഉപദ്രവം നേരിട്ടതി നാൽചിലർ കൊടികൾ വെട്ടിമുറിച്ചുകളയുന്നതിനു തന്നെയും ആരംഭി ച്ചു. പണ്ടത്തെക്കാലത്തു കൊടി വെട്ടുന്നവരുടെ വിരൽ മുറിക്ക എന്നചട്ടം കൂടി ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. മുളകു മടിശ്ശീല ഏർ പ്പാടിൻപ്രകാരം ഒരു നേർമ്മവിലമാത്രമേ കുടികൾക്കു കൊടുത്തുവന്നിരു ന്നൊള്ളു. പിന്നീടു സർ. ടി. മാധവറാവു ദിവാൻജിയുടെ കാലത്തു ഠരം ഏർപ്പാടിനെ ഭേദപ്പെടുത്തി കുരുമുളക് കുടികൾക്കു സ്വാതന്ത്ര്യമായി കൃ ഷിചെയ്വാൻ അനുവദിച്ചു് വിദേശങ്ങളിലേക്കു കടത്തികൊണ്ടുപോകു ന്നതിനു തീരുവയും ഏർപ്പെടുത്തി. ആ ഇനത്തിൽ പ്രതിവർഷം ഒരു നല്ലതുക ഗവൺമെൻറിനു ഠരംടാകുന്നു എന്നുമാത്രമല്ല അതു വർദ്ധിച്ചും വരു ന്നുണ്ടു്. പണ്ടത്തെ ഏർപ്പാടു ഇന്നു നടപ്പിലിരുന്നാൽ കുരുമുളകിൽ നിന്നുമുള്ള ആദായം ജനങ്ങൾക്കുമില്ല, ഗവൺമെൻറിനും ഇല്ല എന്നു വരത്തക്കവണ്ണം കൃഷിതന്നെജനങ്ങൾ ഉപേക്ഷിച്ചു കളയുമായിരുന്നു,

[Mr. Tariatu Kunjitomman.]

കുരുമുളകുകൃഷി നശിച്ചുപോകയും ചെയ്യുമായിരുന്നു. അതുപോലെതന്നെ തേക്കുതടിയുടെ കാര്യത്തിലും ഒരു വ്യവസ്ഥചെയ്യണം. കുടികളുടെ പുരയിടങ്ങളിൽ നില്ക്കുന്ന തേക്കുവൃക്ഷങ്ങളെ തിട്ടപ്പെടുത്തി ൧൮ ഇഞ്ചിനു മേൽ വണ്ണമുള്ളതിനു മാത്രം വിലകിട്ടിയാൽ മതി എന്നുവയ്ക്കണം. ഡിപ്പോവിൽ മൂന്നുവർഷമായിട്ടു കൺട്രാക്കർക്കു കൊടുക്കുന്ന ചില വുകഴിച്ചു ശുദ്ധാദായം എന്തുകിട്ടുമോ അതിനനുസരണമായ ഒരുവില കുടികളിൽനിന്നും ഒരാടാക്കണം. ൱ ൦ ൦ രൂപായിൽ കൂടുതൽ വരുന്ന സംഖ്യയാണെങ്കിൽ അതു ൫ കൊല്ലമെന്നോ മറ്റോ ഒരു ക്ലിപ്തകാലാവധി വച്ചു ഈടാക്കണം. ഭൂമിപതിച്ചു കൊടുക്കുന്നതിൽ തറവില ഈടാക്കുന്നകാര്യത്തിൽ ഇങ്ങനെ ഒരു വ്യവസ്ഥയുണ്ട്. അതുപോലെ തേക്കുതടികളുടെ സംഗതിയിലും ചെയ്യണം.

രാജ്യത്തിന്റെ ഒരററത്തു നിന്നും മററെ അററം വരെയുള്ള തടികളുടെ വില ഈടാക്കുന്നതിനു മൂന്നു കൊല്ലം വേണം. അഞ്ചുകൊല്ലം പണം അടയ്ക്കുന്നതിനുള്ള അവധിയും ഉണ്ടല്ലോ. ഇങ്ങിനെഎട്ടു കൊല്ലം കൊണ്ടു ഗവണ്മെൻറിനു ഒരു നല്ല തുക തടിവില ഇനത്തിൽ ആദായമായി ലഭിച്ചു കൊണ്ടിരിക്കും. എട്ടുകൊല്ലം കഴിയുമ്പോൾ തടികളുടെ തീരുവയിനത്തിലും ഒരുനല്ല ആദായം ഗവണ്മെൻറിനു കിട്ടിത്തുടങ്ങും. അങ്ങിനെ വരുന്ന ആദായം ഒരു കാലത്തും നശിക്കുന്നതല്ല, വദ്ധിക്കുകയേയുള്ളു.

കുരുമുളകു പോലെതന്നെ ഏലകൃഷിയും ജനങ്ങൾക്കു സ്വാതന്ത്ര്യമായിചെയ്യേണ്ടുകൾവാൻ പാടില്ലാതിരുന്നു. വി. പി. മാധവറാവുവിന്റെ കാലത്തു ഏലകൃഷിക്കുനല്ല നികുതിചുമത്തി സ്ഥലം പതിച്ചുകൊടുക്കാമെന്നു വ്യവസ്ഥ ചെയ്തു. കുടികൾക്കു സ്വാതന്ത്ര്യമായി കൃഷിചെയ്യാൻ അനുവദിച്ചു. തന്നിമിത്തം ജനങ്ങൾക്കു കൃഷിയിൽനിന്നു ആദായം ലഭിക്കയും ഗവണ്മെൻറിനു നികുതി ഇനത്തിൽ നല്ല ആദായം കിട്ടിക്കൊണ്ടിരിക്കയും ചെയ്യുന്നു. അതുകൊണ്ടു ഇതുപോലെ കുടിപുരയിടങ്ങളിൽ നിൽക്കുന്ന തേക്കുതടികളുടെ പൂണ്ണാവകാശം ജനങ്ങൾക്കു തന്നെ വിട്ടുകൊടുത്ത് തീരുവ ഏർപ്പെടുത്തണം.

ഇങ്ങിനെയൊന്നും ചെയ്യാൻ ഡിപ്പാർട്ടുമെൻറുകാർ സമ്മതിക്കയില്ല. ഗവണ്മെൻറു ഇതിനെപ്പററിഗാഢമായിട്ടു ആലോചിക്കണം. ഗവണ്മെൻറിനും ജനങ്ങൾക്കും ഗുണമാണോ എന്നു ആലോചിച്ചാൽ മതി. വിലയുള്ള സാധനങ്ങൾ രാജ്യത്തുഉണ്ടായിവർദ്ധിക്കുന്നതു രാജ്യത്തിനും ഒരു ഐശ്വര്യമാണല്ലോ. ഈ രാജ്യത്തു ധാന്യങ്ങൾ

മാത്രമല്ലല്ലോ ജനങ്ങളുടെസമ്പത്ത്. ഇതു ഇൻഡ്യയുടെ ആരാമമാണെന്നു പറയപ്പെടുന്നതു വൃക്ഷങ്ങൾ അധികമുള്ളതുകൊണ്ടാണ്. ഇൻഡ്യയുടെ മററു ഭാഗത്തെക്കാൾ വൃക്ഷങ്ങൾ ധാരാളമുള്ളതു കേരളത്തിലാണ്. ആ വൃക്ഷങ്ങളുടെ മേൽ ജനങ്ങൾക്കു ശരിയായ അവകാശമില്ലെന്നും അതിനെ വളർത്തുന്നതിനു ജനങ്ങൾക്കു വേണ്ട ഉത്സാഹമില്ലെന്നും വന്നാൽ ഈ രാജ്യത്തെ പ്രകൃതിദത്തമായ അനുഗ്രഹം കൊണ്ടുഎന്താണ് പ്രയോജനം. ജനങ്ങളുടെ പുരയിടങ്ങളിലുള്ള വിഭവങ്ങളെ സ്വാതന്ത്ര്യമായി അനുഭവിക്കുന്നതിനുള്ള അവകാശം ജനങ്ങൾക്കു നല്കണം. ഗവമ്മെൻറിനു ആദായം വരുത്തുകയും വേണം.

ഈ സംഗതി കൌൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ഇതിനെ എല്ലാ ജനപ്രതിനിധികളും അനുകൂലിക്കുമെന്ന വിശ്വാസത്തോടുകൂടി ഈ സഭ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. V. S. KRISHNA PILLAI (*Tiruvalla*) : സർ, ഗവർമ്മെൻറിൻെറ ആവശ്യത്തിനു നല്ല തടി കിട്ടാതെ ബുദ്ധിമുട്ടരുതെന്നുള്ള ഉദ്ദേശത്തിന്മേൽ തേക്കുതടി രാജകീയവൃക്ഷം എന്ന ഇനത്തിൽ ചേർത്തു. ഇതുപോലെ കുടി പുരയിടങ്ങളിൽ നിൽക്കുന്ന പ്ലാവു മുതലായ വൃക്ഷങ്ങളിലും കുടികൾക്കു സ്വാതന്ത്ര്യം കൊടുത്തിരുന്നില്ല. ഗവമ്മെൻറിൻെറ ആവശ്യത്തിനു ധാരാളം തടി കിട്ടുന്നതുകൊണ്ടു ഇപ്രകാരം അത്ഥമില്ലാത്ത ഒരു ഉസ്സ്വാതന്ത്ര്യം വച്ചുകൊണ്ടിരിക്കുന്നതു നല്ലതല്ലെന്നു ദിവാൻ സർ ടി. മാധവറാവു അറിഞ്ഞിട്ടാണ് കുടി പുരയിടങ്ങളിൽ നിൽക്കുന്ന പ്ലാവുമുതലായ വൃക്ഷങ്ങളെ മുറിക്കുന്നതിൽ യാതൊരു വിരോധവുമില്ലെന്നു ഉത്തരവു കൊടുത്തത്. അതു ഏകദേശം ൫0 ർ വ-ാമാണ്ടിടയ്ക്കാണ്. ഇപ്പോഴത്തെ അവസ്ഥ നോക്കിയാൽ വനംവക വകുപ്പുകളുടെ അഭിവൃദ്ധികൊണ്ടും അവരുടെ നിഷ്കർഷകൊണ്ടും ഗവമ്മെൻറിനാവശ്യമുള്ള തേക്കുതടികൾ മാത്രമല്ല, പ്ലാവു, ആഞ്ഞിലി മുതലായ പല വൃക്ഷങ്ങളും ലഭിക്കുന്നതിനു ഒരു പ്രയാസവുമില്ല. എന്നാൽ തടികൾ ഇവിടത്തെ ആവശ്യം കഴിഞ്ഞു അന്യദേശത്തു കൂടി അയക്കത്തക്കവിധത്തിൽ അതു സമൃദ്ധിയായിട്ടു ഇവിടെ ഉണ്ടു്. ഈ സ്ഥിതിക്കു കുടി പുരയിടങ്ങളിലുള്ള തേക്കുതടിയിന്മേൽ ഗവമ്മെൻറു ജനങ്ങൾക്കു ഉപദ്രവകരമായ ഏർപ്പാടു വച്ചിരിക്കുന്നതു വളരെ പോരായ്മയാണെന്നാണ് എൻെറ അഭിപ്രായം. നിസ്സാരമായ ഈ സംഗതിയിൽ ജനങ്ങളുടെ പൂണ്ണാവകാശത്തിൽ ഗവമ്മെൻറു കൈ കടത്തുന്നതു ഒരിക്കലും ആദരണീയമല്ല.

[Mr. V. S. Krishna Pillai.]

കെട്ടിടവും മററും ഉണ്ടാക്കുന്നതിനു നല്ല ബലവും, ഉറപ്പും ഉള്ള തടികൾ കുടികൾക്കു സ്വാതന്ത്ര്യമായി മുറിച്ചു കൊടുക്കുന്നതിനു അവകാശം കൊടുക്കുന്നപക്ഷം ഗവണ്മെൻറാവശ്യത്തിനു തടികിട്ടാതെ വന്നേയ്ക്കുമെന്നുള്ള ഭയമായിരിക്കണം ഇങ്ങനെ ഒരു ദുസ്വാതന്ത്ര്യം ഗവണ്മെൻറു പരിപാലിച്ചു കൊണ്ടു പോകുന്നതു്. ആ ഭയത്തിന്നു് ലേശവും അവകാശമില്ല. എത്രത്തോളം തടി ആവശ്യമുണ്ടോ അതു മുഴുവനും ഇവിടെ ഉണ്ടെന്നു മാത്രമല്ല വിദേശത്തു അയക്കുന്നതിനും തടികൾ ഇവിടെ സമൃദ്ധിയായിട്ടുണ്ടു്. അതുകൊണ്ടു മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ അഭിപ്രായംപോലെ ഈ അവകാശം ജനങ്ങൾക്കു വിട്ടുകൊടുക്കേണ്ടതാണു്.

ഇടപ്പള്ളി സങ്കേതത്തിനകത്തുള്ള തേക്കു തടികളുടെ അവകാശം അവർക്കാണെന്നും അതല്ല ഗവണ്മെൻറിന്നാണു് അവകാശമെന്നും ഗവണ്മെൻറും, ഇടപ്പള്ളി സ്വരൂപവുമായി വലിയ തർക്കം നടക്കയാണു്. ഇതുവരെയും അതു തീർച്ചചെയ്തിട്ടില്ല. ഇതു മാതിരിയുള്ള അനിഷ്ടസംഭവങ്ങൾക്കിടയാക്കാതെ ഈ തുച്ഛമായ അവകാശത്തെ കുടികൾക്കു തന്നെ വിട്ടുകൊടുക്കേണ്ടതാണു്. ശാസ്ത്രീയമായ അറിവും അനുഭവവുമുള്ള മേലദ്ധ്യക്ഷന്മാർ ഡിപ്പാർട്ടുമെൻറു മേധാവിത്വം വഹിക്കുന്ന സ്ഥിതിക്കു നല്ല തടികൾ നട്ടുവളർത്തുന്നതിനു ഒരു പ്രയാസവുമില്ല. ഈ അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): I have also great pleasure in supporting Mr. Kunjitomman's motion. I supported that in the last Council also. I hold the view that it is an inequitable arrangement and seems to me to be incompatible with the progress this country has mabe in political and civic right. It is to my mind clearly against the right of the individual to the enjoyment of the crops and trees grown in his own holdings and therefore this policy seems to indicate that the interests of the Government are different from those of the ryots because for every rupee that goes to the Government the ryot loses 10 rupees or more. As the motion has been so ably supported, I do not wish to take up the time of the Council by repeating the arguments.

MR. A. G. MENON (*Parur*): In supporting the motion I have to bring to the notice of the Council two facts. One is that there is no such tax in British India. The second fact is that it is not within the range of possibility that any of us living at present, or, any of our childcrn may reap the benefit of the trees planted now. The teak trees should grow for 50 or 55 years before the timber can be cut. Therefore any benefit of it will be only to our children or grand-children.

Mr. R. RAMAN PILLAI (*Kottayam*): ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതോടു കൂടി ഞാനും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഗവൺമെൻറിൽ നിന്നും ഭൂമിപതിച്ചു കൊടുത്തു കുടികൾ അനുഭവിക്കുന്നവസ്തുക്കളിൽ തേക്ക് ഈട്ടി തുടങ്ങിയുള്ള രാജകീയ വൃക്ഷങ്ങൾ ഇനിമേൽ തീരെ ഉണ്ടാകാതിരിക്കത്തക്കവിധത്തിലുള്ള ഒരു വ്യവസ്ഥയാണ് ഇപ്പോൾ നടപ്പിലിരിക്കുന്നത്. പതിച്ചുകൊടുത്ത ഭൂമികളിൽ കുറെ തേക്കൊ ഈട്ടിയൊ നില്ക്കുകയാണെങ്കിൽ ആ വൃക്ഷങ്ങളുടെ തണൽ കൊണ്ടു കുറഞ്ഞപക്ഷം അതിനടുപ്പിച്ചു ആറു സെൻറുവിസ്താരത്തിലുള്ള ഭൂമിയിൽ നിന്നും മറെറാരാദായവും ഉണ്ടാക്കാൻ നിവൃത്തിയില്ല. ഇതിനെ പരിഹരിക്കുന്നതിനായി ഒരു ഇലയെങ്കിലും ഈ വൃക്ഷങ്ങളിൽ നിന്നും തൊട്ടുപോയാൽ ക്രിമിനൽ കോടതിയിൽ കയറാതെ തരമില്ല. അതുകൊണ്ടു രാജകീയവൃക്ഷങ്ങൾ മുളച്ചുവരുമ്പോൾ തന്നെ അതുവളരാതെയിരിക്കാൻ വേണ്ടശ്രമങ്ങൾ ചെയ്യുന്നതിനു കുടിയാനവന്മാർ ബദ്ധശ്രദ്ധന്മാരായിരിക്കുന്നു. എൻെറ ചെറുപ്പകാലത്തു ഒരു പുരയിടത്തിൽ ഇരുപതും ഇരുപത്തിയഞ്ചും തേക്കുതടികൾ ഉള്ളതു ഞാൻ കണ്ടിട്ടുണ്ടു്. ഇപ്പോൾ നാലു ചതുരശ്രമൈൽ ദൂരത്തിൽ നോക്കിയാൽ ഒന്നൊരണ്ടൊ തടി യാദൃഛികമായിട്ടു കണ്ടേയ്ക്കാമെന്നല്ലാതെ അതിലധികം കാണുകയില്ല. അതുതന്നെയും വസ്തുഉടമസ്ഥൻെറ ദൃഷ്ടിയിൽ പെടാതെവളന്നു കയറിയതായിരിക്കും. എന്നാൽ പതിച്ചുകൊടുത്തു കരം ഈടാക്കുന്ന വസ്തുക്കളിൽ ഉണ്ടാകുന്ന ഒരു സാധനത്തിന്മേൽ ഗവൺമെൻറു പിന്നെയും ഒരവകാശം വേണമെന്നു വിചാരിക്കുന്നതു നീതിയാണോ എന്നു എനിക്കു സംശയമാണ്. കുടിപുരയിടങ്ങളിൽ നില്ക്കുന്ന രാജകീയ വൃക്ഷങ്ങളുടെ കൊമ്പുവെട്ടാൻ പാടില്ലെന്നു മാത്രമല്ല ഇലപോലും തൊടാൻ പാടില്ല. ഈ വിഷമതയെ ഭയന്നും തടികൾ ഉണ്ടാകാതെയിരിക്കാൻ ശ്രമിക്കുന്നതിനാൽ കാലക്രമത്തിൽ ഇവിടത്തെ ആവശ്യത്തിനും തടികിട്ടാൻ വിഷമമുണ്ടാകും. തടിക്കു വിലയും കൂടിവരും. ഇങ്ങനെ ഗവൺമെൻറിൽ നിന്നും തടിവെട്ടിക്കൊണ്ടു പോകുമ്പോൾ ഗവൺമെൻറിനു കിട്ടുന്ന ആദായം എന്താണെന്നുള്ളതിനെപററി ഒരു ചോദ്യത്തിനു നൾകിയ ഉത്തരത്തിൽ ഇങ്ങനെ കാണുന്നു.

തടിവെട്ടി ഡിപ്പോവിൽ കൊണ്ടുവരുന്നതിനു കൺട്രാക്ടർക്കു കൊടുക്കേണ്ടതുക കഴിച്ചുകിട്ടുന്ന ആദായം വളരെ തുഛമാണ്. ലേലം ചെയ്തു കൊടുക്കുന്ന തടിക്കു അര താരിപ്പുമുതൽ മുക്കാൽ താരിപ്പുവരെ കിട്ടുമായിരിക്കും. ഇപ്പോൾ കാൽ താരിപ്പുപോലും കിട്ടാത്ത തടികൾ ധാരാളമുണ്ടു. അരതാരിപ്പിൽകൂടുതൽ വിലകിട്ടുന്നതിനുപത്ത് അണാമുതൽ പന്ത്രണ്ടണവരെ കൺട്രാക്ടർക്കു കൊടുക്കണം. പിന്നീടുള്ളതിൽ

[Mr R. Raman Pillai.]

ഒരുഭാഗം വസ്തുഉടമസ്ഥന്മാൎക്ക് കൊടുക്കണമെന്നുണ്ട്. പക്ഷേ വസ്തുഉടമസ്ഥന്മാൎക്ക് ശരിയായിട്ടു ഈ വകപണം കിട്ടാറില്ല. വളരെ കാലതാമസത്തിന്നിടവരുന്നു. ൻൻ൪ - ൽ മുറിച്ചുകൊണ്ടുപോയ തടിക്കുള്ള വില ഞാൻ അതിലേക്കുവേണ്ടി പലശ്രമങ്ങൾ ചെയ്തിട്ടുഇനിയും കിട്ടിയിട്ടില്ല.

ഒരാളിൻെറ പുരയിടത്തിൽ നിന്നും തടിവെട്ടിക്കൊണ്ടു പോകുന്നതിനു സ്ഥലം പാൎവ്വത്ത്യക്കാരുടെ സൎട്ടിഫിക്കററുമതി. ആവസ്തുഉടമസ്ഥനു കുടിവിലകിട്ടണമെങ്കിൽ അതിനു തഹശീൽദാരുടെ സൎട്ടിഫിക്കററ് വാങ്ങണം. ഇതെല്ലാം ഞങ്ങൾക്കു നല്ലവണ്ണം അനുഭവമുള്ള സംഗതിയാണു. തടിമുറിക്കുന്നതിനു സൎട്ടിഫിക്കററു കൊടുക്കുന്ന പാൎവ്വത്ത്യക്കാരുടെ സൎട്ടിഫിക്കററു അനുസരിച്ചു കുടിവില കൊടുക്കരുതൊ? അതു ഒരിക്കലും ചെയ്യുകയില്ല. ൻൻ൪-ൽ തടിമുറിച്ചുകൊണ്ടു പോയിട്ടു കുടിവില എനിക്കു ഇതുവരെ കിട്ടിയില്ലെന്നു പറയുമ്പോൾ എന്നെപ്പോലെമററുള്ളവരുടേയും സ്ഥിതി ഇതു തന്നെയായിരിക്കുമല്ലോ.

രാജകീയവൃക്ഷങ്ങൾ കുടികൾക്കു വിട്ടുകൊടുക്കുന്നപക്ഷം ഈ രാജ്യത്തു തടികൾ ധാരാളം ഉണ്ടാകുന്നതിനും ആ തടികൾ വിദേശത്തു കൊണ്ടുപോകുന്നതിനുള്ള തീരുവഇനത്തിൽ നിന്നും ഗവൺമെൻറിനു ഒരു നല്ല ആദായം ലഭിക്കുന്നതിനും സംഗതിയാകുന്നതാണ്. ജന്മിമാൎക്ക് ഇതുകൊണ്ടു ഉപദ്രവമില്ല. ജന്മികുടിയാൻ റഗുലേഷനിലെ വ്യവസ്ഥയും, ഹൈക്കോടതിവിധികളുടെ ശക്തിയും നിമിത്തം ജന്മിമാരുടെ വസ്തുക്കളിൽ നില്ക്കുന്നതടികളെ ജന്മിമാർ തന്നെ മുറിച്ചുകൊണ്ടു പോകുന്നുണ്ട്. അതിനാൽ കുടികളുടെ വിഷമതകളെ തീൎക്കുന്നതിനും ഗവൺമെൻറിനു ആദായം വൎദ്ധിപ്പിക്കുന്നതിനുമായി മി: കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെട്ടതു പോലെ ഉള്ള ഒരു വില വാങ്ങിക്കൊണ്ടു ഒരം തടികളുടെ മേലുള്ള ഗവൺമെൻറിൻെറ അവകാശം കുടിയാനവന്മാൎക്കുതന്നെ വിട്ടുകൊടുക്കണമെന്നാണ് എൻെറ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. REVATINAL RAMA VARMA RAJA (*Edavagai* ഇടവകപ്രതിനിധി എന്ന നിലയിൽ എനിക്കു ഈ ഉപക്ഷേപത്തെ എതൃക്കാതിരിക്കാൻ നിവൃത്തിയില്ല. ഇടവകയ്ക്കു ഇതു നല്ലആദായമുള്ള ഒന്നാണ്. മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ അഭിപ്രായം ഗവൺമെൻറു സ്വീകരിച്ചാലും അതു കാലക്രമത്തിൽ ഇടവകക്കാരെ കൂടി ബാധിക്കുന്നതായിട്ടു വരികയും അവരും ഒരം നയം സ്വീകരിക്കേണ്ടതായിട്ടുവരികയുംചെയ്യും.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇടവകയെ ഈ ഉപക്ഷേപത്തിൽ ഉൾപ്പെടുത്തീട്ടില്ലെന്നു മെംബർക്കറിയാമോ? ഇടവകയെ ഇതിൽ നിന്നും ഒഴിക്കുന്നപക്ഷം എന്റെ ഉപക്ഷേപത്തെ അനുകൂലിക്കുമോ?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ഇടവകയെ ഇതിൽ ഉൾപ്പെടുത്തീട്ടില്ലെന്നു ഗവൺമെൻറിൽ നിന്നും സമ്മതിക്കുന്ന പക്ഷം എനിക്ക് ഒരു വിരോധവുമില്ല.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. രാജകീയവൃക്ഷങ്ങളുടെ പൂർണ്ണാവകാശം കുടികൾക്കു വിട്ടുകിട്ടേണ്ടതിനെപ്പററി ജനങ്ങൾ മുറവിളികൂട്ടുന്നതിനു മുൻപായി കൺസർവേററരായിരുന്ന മി. ബോഡിലിൻ പുരയിടങ്ങളിൽ നില്ക്കുന്ന രാജകീയ വൃക്ഷങ്ങൾ മിക്കതും ഒരുകാലാവധിയ്ക്കകം ഡിപ്പാർട്ടുമെൻറു മുഖാന്തിരം തന്നെ വെട്ടിയിറക്കിയതിന്റെ ശേഷം ബാക്കിനിൽക്കുന്ന തടികൾ കുടികൾക്കു വിട്ടുകൊടുക്കണമെന്നുള്ള ഉദ്ദേശത്തിൽ ൧൦൮൧-ാമാണ്ടുമുതൽ കുത്തകകൊടുത്തു തുടങ്ങി. എന്നാൽ ഇതേവരെതടികൾ വെട്ടിയിറക്കി ബാക്കി വിട്ടുകൊടുത്തിട്ടില്ല. മുൻകാലങ്ങളിലേക്കാൾ കുടികൾ കൃഷികവൃത്തിയിൽ കൂടുതൽ ഉൾപ്പെട്ടുവരുന്നുണ്ട്. പുരയിടങ്ങൾ മിക്കവാറും കല്ലുകയ്യാലകൾ കെട്ടീട്ടുണ്ട്. അതിനെയെല്ലാം ഇടിച്ചുനിരത്തിയാണ് വൃക്ഷങ്ങൾ മുറിച്ചുകൊണ്ടു പോകേണ്ടിയിരിക്കുന്നത്. അങ്ങിനെ ചെയ്യാതെ തടികൾ മുറിച്ചിറക്കാൻ വളരെ പ്രയാസമാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വൃക്ഷങ്ങൾ മുറിയ്ക്കുമ്പോൾ അതിലുള്ള മുളകുകൊടികളേയും കൂടിനശിപ്പിയ്ക്കാറില്ലേ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ഉണ്ട്, എന്റെ പുരയിടത്തിൽ നിന്നും നശിപ്പിച്ചിട്ടുണ്ട്.

ഏതെങ്കിലും ഒരു ചുരുങ്ങിയ കാലാവധിവച്ചും, ഇത്രവണ്ണത്തിനു മേലുള്ള തടികൾ മാത്രമേ വെട്ടിയിറക്കാവൂ എന്ന് ക്ലിപ്തപ്പെടുത്തി വെട്ടിയിറക്കിയതിന്റെ ശേഷം കുടികൾക്ക് ബാക്കിനിൽക്കുന്നതടികളുടെ പൂർണ്ണാവകാശം വിട്ടുകൊടുക്കേണ്ടതാണ്. മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായിയോജിയ്ക്കുന്നു.

MR. R. DHANUKOTI PILLAI (*Conservator of Forests*) : Sir, the subject is not new to the Council. It has come on several occasions in different forms and last time it came in the form of a resolution which the

[Mr. R. Dhanukoti Pillai.]

mover of this motion, Mr. Tariatu Kunjitomman himself, brought forward. The subject was discussed in its various aspects and ultimately the resolution was lost.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): How was it lost? May I tell him that it was lost by the casting vote of the President?

MR. R. DHANUKOTI PILLAI (*Conservator of Forests*): Even before the resolution this matter was brought forward in this House. Government appointed a committee, to go into the question, consisting of four elected members and five officers of Government. The Committee went into the whole question and have submitted a report to Government. Subsequently Mr. Kunjitomman has submitted to Government a dissenting report, a copy of which I received from Government later. What he has now said is all embodied in that dissenting minute. The Committee's report is under the consideration of Government and what he has been saying now will be considered at the time when it is finally disposed of. If the opinion of the House is for the total abolition of the royalty, it is a matter for Government to consider. But the Committee's recommendation was that the royalty may be abolished within a limited period ranging from two to ten years, that is the Committee has recommended that the whole State should be divided into three parts.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) May I know from the member whether the proposal made by Mr Tampuran, the Edavagai member, is also before the Committee?

MR. R. DHANUKOTI PILLAI (*Conservator of Forests*): Yes, in one form.

MR. L. R. RAJA RAJA VARMA KOILTAMPURAN (*Changanachery* cum *Peermade*): ഇടവകഎന്ന മെമ്പർ പ്രസ്താവിച്ചല്ലോ. നാലു ഇടവകകളിലേക്കും ഇങ്ങനെ വരവുണ്ടോ ?

MR. R. DHANUKOTI PILLAI (*Conservator of Forests*): So far as I know it is not right. It is a complicated matter about which I myself do not know anything.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): May I know what the views of the member are on the question of royal trees?

MR. R. DHANUKOTI PLILAI (*Conservator of Forests*): My views have been embodied in the report. That report has been printed and has been circulated to the old members. The Committee has not recommended the immediate abolition of these royalties. My point is, Sir, that Government have not finally considered the report of the Committee and the points raised here, which are the same as those raised in the report, will be duly considered.

MR. P. S. MAHOMED (*Nominated*): ഒരിക്കൽ ആലോചിച്ചതു് വീണ്ടും ആലോചിക്കാൻ പാടില്ലെന്നുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): Government have not passed final orders on the Committee's report.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): May I know how long this report of the Committee was under the consideration of the Government?

MR. R. DHANUKOTI PILLAI (*Conservator of Forests*): It is about six months now.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): May I know when the report was submitted to the Government?

MR. R. DHANUKOTI PILLAI (*Conservator of Forests*): On the 5th of August 1927. Mr. Kunji Tomman's dissenting minute seems to have been received by the Government on the 11th Chingom 1103. It was printed on the 12th September 1927 and it was circulated about the 17th February 1928.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): റായൽടി കമ്മിററിയിൽ രണ്ടു അനുദ്യോഗസ്ഥ മെംബർമാർ മലയാളത്തിൽ അയച്ചിട്ടുള്ള ഭിന്നറിപ്പോർട്ട് മെംബർ വായിക്കാമോ ?

MR. R. DHANUKOTI PILLAI (*Conservator of Forests*): It is a long report which will take some time to read.

PRESIDENT: Mr. Dhanukoti Pillai, Do you ask the Legislative Secretary to supply the new members with copies?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): എന്റെ ഉപക്ഷേപത്തെ പററി ഉദ്യോഗസ്ഥമെംബർ സംസാരിച്ചതിൽ ഒന്നും എനിക്കു മനസ്സിലായില്ലെന്നു തുറന്നുപറഞ്ഞുകൊള്ളട്ടെ (ചിരി).

PRESIDENT: Mr. Kunji tomman will also bear in mind that there are lots of members here without understanding a word of this high-flown Malayalam.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ആറുവർഷമായിട്ടു ഞാൻ ഈ കൌൺസിലിലെ മെംബറാണ്. ഈ കാലമത്രയും ഞാൻ ഇതിനെപററി വാദിച്ചിട്ടുണ്ട്. ഈ വിഷയം തന്നെ ഞാൻ ആദ്യം ഒരു റസല്യൂഷനായിട്ടുകൊണ്ടുവന്നു, അതിന് ഗവണ്മെന്റു സമ്മതിച്ച് ഒരു കമ്മററി ഏർപ്പെടുത്തി. കമ്മററി വിളിച്ചുകൂട്ടുന്നതിന് കാലതാമസം വരുത്തി. ഇതിനെസംബന്ധിച്ച ഞാൻ പലചോദ്യങ്ങളും ചോദിക്കുകയും ചെയ്തു. ഒടുവിൽ ഒരുവിധത്തിൽ കമ്മററികൂടി. എന്നാൽ ആ കമ്മററിയുടെ റിപ്പോർട്ട് ഇതുവരെയും ഗസററിൽ പ്രസിദ്ധപ്പെടുത്തുകയോ മെംബറന്മാർക്കു നൽകുകയോ ചെയ്തിട്ടില്ല. അതു് ഈ കൌൺസിലിൽനിന്നുതന്നെ തിരി

[Mr. Tariatu Kunjitomman.]

ങ്ങടുത്ത ഒരു കമ്മററി ആയിരുന്നു. ഇതുപോലെതന്നെ പ്രിപാസ്സ്വളിനെ ഭേദപ്പെടുത്തുന്നതിനും ഒരു കമ്മററി ഏർപ്പെടുത്തി. ആകമ്മററിയിലും അനുദ്യോഗസ്ഥമെംബ്രന്മാർ ഹാജരാക്കിയഭിന്നറിപ്പോർട്ട് ഇതുവരെയും പ്രസിദ്ധപ്പെടുത്തീട്ടില്ല ഇതിൽനിന്നെല്ലാം എന്താണ് അർത്ഥമാക്കേണ്ടതെന്നു എന്റെ മാന്യസ്നേഹിതന്മാർ തന്നെ തീർച്ചപ്പെടുത്തികൊള്ളുവിൻ. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഈ ഉപക്ഷേപം വോട്ടിനിടണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

MR. R. DHANUKOTI PILLAI (*Conservator of Forests*): From the papers before me I see that copies of the report have been supplied to the members of the Committee and to the members of the previous Council.

PRESIDENT: Have they been supplied to the new members of the Council?

MR. R. DHANUKOTI PILLAI (*Conservator of Forests*): Not to the new members. Mr. Kunjitomman was a member of the Committe and was also a member of the previous Council.

PRESIDENT: Mr. Kunjitomman, I think you just said that you have not received a copy of the report. The Conservator of Forests says that you were supplied with a copy of the report.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) കമ്മററിമെംബറിന്റെ നിലയിൽ എനിക്കൊരു പ്രതിതന്നിട്ടുണ്ട്. ആ കമ്മിററിയിൽ നടന്ന സംഗതികൾ വെളിക്കുവിടാമൊ എന്നു എനിക്കു വളരെസംശയമുണ്ട്.

PRESIDENT: But copies were supplied to the members of the late Council.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഞങ്ങൾ രണ്ടു അനുദ്യോഗസ്ഥമെംബറന്മാരും തയ്യാറാക്കിക്കൊടുത്ത ഭിന്നറിപ്പോർട്ട് കുടിപുരയിടങ്ങളിലെ തേക്കുതടികളുടെ അവകാശം കുടികൾക്കുതന്നെ പൂർണ്ണമായി വിട്ടുകൊടുക്കണമെന്നാണ്. അതിൽ ഗവമ്മെന്റിനുനഷ്ടമില്ലെന്നും നേരെമറിച്ചു ആദായം വർദ്ധിച്ചുകൊണ്ടിരിക്കുമെന്നും വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു പ്രമേയം വോട്ടിനിടണം.

PRESIDENT: In other words you want the matter to be decided upon before the Committee's report is examined and independently of its findings.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഉപക്ഷേപത്തെ കഴിഞ്ഞതവണത്തെപ്പോലെ വോട്ടിനിടണമെന്നു അപേക്ഷിക്കുന്നു.

PRESIDENT: What you want is that this matter should be decided upon independently and without regard for the Committee's report and recommendations.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): റിപ്പോൎട്ടെല്ലാം കഴിഞ്ഞതിനശേഷമാണു കഴിഞ്ഞ ബഡ്ജററ് കൌൺസിലിൽ ഇതിനെ വൊട്ടിനിട്ടതു്. കാസ്റ്റിങ്ങ് വൊട്ടുകൊണ്ടാണു് തള്ളിപ്പോയതു്.

PRESIDENT: That is to say you wish this matter to be voted upon before all the members have seen the Committee's report, before they are aware of its recommendations and before Government have considered the report.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I rise to a point of order. The question has to be put to the vote now.

PRESIDENT: I will put it now to the vote, but I would like members to bear in mind that they are voting on a matter, to consider which a Committee was appointed. Copies of this Committee's report have not been supplied to the new members, and they are completely in ignorance of the Committee's recommendations. Also the matter is under the consideration of the Government. What Mr. Kunjitomman now wishes is that the decision of the Government should be anticipated by a vote of the Council. Upon that understanding, I put it to the vote and ask those in support of Mr. Kunjitomman's motion to raise their hands.

The motion was put to the vote and carried.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): I demand a poll.

A poll was taken with the following result:

AYES—25.

1.	Mr.	A. S. Damodaran Asan	13.	Mr.	K. Madhavan Pillai
2.	,,	A. G. Menon	14.	,,	H. B. Mahomed Rowther
3.	,,	Ittoop Itteechan	15.	,,	P. S. Mahomed
4.	,,	K. N. Kesavan Namputiripad	16.	,,	Matthew Murikkan
			17.	,,	G. P. Nilakanta Pillai
5.	,,	R. Kesava Pillai	18.	,,	K. P. Nilakanta Pillai
6.	,,	T. C. Kesava Pillai	19.	,,	V. J. Oommen
7.	,,	Tamarapallil Kochutomman	20.	,,	Muruvelil Pachu Pillai
			21.	,,	K. Padmanabha Panikkar
8.	,,	N. R. Krishnan	22.	,,	K. G. Paramesvaran Pillai
9.	,,	N. K. Krishna Pillai	23.	,,	L. R. Raja Raja Varma Koil Tampuran
10.	,,	V. S. Krishna Pillai			
11.	,,	Tariatu Kunjitomman	24.	,,	R. Raman Pillai.
12.	,,	A. C. Kuriakose	25.	,,	A. Thanu Pillai

NOES—20

1. Mr. I. C. Chacko
2. „ J. J. Daniel
3. „ R. Dhanukoti Pillai
4. „ D. Francis
5. „ P. Gomatinayakam Pillai
6. „ D. C. Joseph
7. „ K. C. Karunakaran
8. „ P. N. Krishna Pillai
9. Dr. N. Kunjan Pillai
10. Mr. K. Madhavan
11. Mr. T. K. Madhavan Nayar
12. „ Kayalam Paramesvaran Pillai
13. „ S. Piraviperumal Pillai
14. Dr. K. Raman Tampi
15. Mr. K. N. Ramasubba Aiyar.
16. „ T. P. Ramasubba Aiyar
17. „ S. C. H. Robinson
18. „ Revati Nal Rama Varma Raja
19. „ R. Vaidyalingam Pillai
20. „ A. Vipan

NEUTRALS 2.

1. Mr. V. Chellam Pillai
2. Mrs. Elizabeth Kuruvila.

The motion was carried.

PRESIDENT: As the matter has been decided, it is not necessary to supply members with copies of the report.

Motions 100 to 102.

The following motions were not moved:

MR. P. S. MAHOMED:

100. To reduce the allotment of Rs. 2,00,000 for Royal trees by Rs. 100.

MR. TARIATU KUNJITOMMAN;

101. To reduce the allotment of Rs. 5,08,200 for timber and other produce removed from forests by Government Agency by Rs. 5

MR. TARIATU KUNJITOMMAN:

102. To reduce the allotment of Rs. 5,80,600 for Conservancy and Works by Rs. 5.

Motion 103.

MR. ITTOOP ITTEECHAN (*Kunnatnad*): ഡിപ്പോവിലേക്കനുവദിച്ചിട്ടുള്ള ൩,൩൦൦ രൂപയിൽ നിന്നും ൫ രൂപാകുറക്കണമെന്നാണ് എന്റെ ഉപക്ഷേപം.

കാലടിയിലോ, മഞ്ഞപ്രയിലോ അങ്കമാലിയിലോ, ഒരു ഡിപ്പോ സ്ഥാപിച്ചുകിട്ടണമെന്നുള്ള സംഗതി ഈ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്, ഈ സംഗതിയെപ്പറ്റി ഇതിനുമുമ്പുതന്നെ ഈ കൗൺസിലിൽ ഫാദർ വെട്ടിക്കാപ്പള്ളി അവർകൾ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റ യാതൊന്നും ഇതുവരെയായിട്ടും പ്രവർത്തിച്ചിട്ടില്ല മേൽപറഞ്ഞ ഏതെങ്കിലും ഒരു സ്ഥലത്തു ഒരു ഡിപ്പോ സ്ഥാപിച്ചു തരണമെന്നുള്ള ഉദ്ദേശമാണ് കൺസർവേറ്ററക്കുള്ളതെന്നും ഞാൻ അഭിപ്രായപ്പെടുന്നില്ല. എന്നാൽ ഇവിടെ ഒരു ഡിപ്പോസ്ഥാപിച്ചുകഴിഞ്ഞാൽ വരാപ്പുഴ ഡിപ്പോവിൽനിന്നോ മുടിക്കൽ ഡിപ്പോവിൽ

ന്നോ തടികൾകൊണ്ടുവന്നു കച്ചവടം നടത്തി കൂടുതൽ ലാഭം എടുക്കുകയുമെന്നുള്ള ഭയമാണ് കൺസർവേറററുക്കുള്ളത്. ഇപ്പോൾ അവിടെ ഒരു ഡിപ്പോവില്ലാത്തകാരണം ഗവർമ്മെൻറിന്നു വലിയനഷ്ടമാണുള്ളത്. സാധാരണ ഒരു സാമാനം കിട്ടാത്ത കഷ്ടപ്പെടുന്ന അവസരങ്ങളിലാണല്ലോ മോഷണത്തിനു പ്രേരിപ്പിക്കുന്നത്. അതുപോലെ തടികിട്ടാൻ വിഷമമുള്ളവർ പലരും ഈ സ്ഥലങ്ങളിലുണ്ട്. അതുകൊണ്ടു തടിമോഷണംമുണ്ടും. ഇടക്കാലത്തുതന്നെ ചില റിസർവ്വുകളിൽനിന്നും തടി മോഷണം ധാരാളം നടന്നുകൊണ്ടിരുന്നു. അതിന്റെ നിവാരണത്തിനായി കഴിഞ്ഞ കൊല്ലത്തിൽ മുന്നോറാളോളം പോലീസ്, തോക്കു,വാൾ സഹിതം കാവൽ കിടന്നിരുന്നു. ഇതൊന്നും ആലോചിക്കാതെയാണ് കൺസർവേററർ അവിടെ ഡിപ്പോ ആവശ്യമില്ലെന്നു പറയുന്നത്. ഈ സ്ഥലത്തു ഡിപ്പോ സ്ഥാപിച്ചുകൊടുത്താൽ ജനങ്ങൾക്കു ആവശ്യം പോലെതടി കിട്ടുമെന്നുള്ളതിനാൽ പിന്നെ മോഷ്ടിക്കേണ്ട ആവശ്യമുണ്ടാകയില്ല.

പിന്നീടു അവിടെ ഒരുഡിപ്പോസ്ഥാപിക്കാത്തതു നിമിത്തം ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അവിടെയുള്ളവർ മുടിക്കൽ ഡിപ്പോവിൽ നിന്നാണ് തടി കൊണ്ടുവരേണ്ടിയിരിക്കുന്നത്. പെരിയാററിലെ ശക്തിമത്തായ ഒഴുക്കുനിമിത്തംതന്നെ തടി നിശ്ചിതസ്ഥലത്തു കൊണ്ടുവരണമെങ്കിൽ എട്ടു പത്തു രൂപ കൂടി ചിലവാകും. ഇതും പൊതുജനങ്ങൾക്കു ഒരു സങ്കടമാണ്. അതുകൊണ്ടു അങ്കമാലി, മഞ്ഞപ്ര, കാലടി, ഈ മൂന്നുസ്ഥലങ്ങളിൽ ഏവിടെയെങ്കിലും ഒരു ഡിപ്പോ സ്ഥാപിച്ചു തരണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

MR. TARIATU KUNJITOMMEN (*Muvattupuzha cum Todupuzha*): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. R. DHANUKOTI PILLAI (*Conservator of Forests*): Sir, I am not aware that there is much demand for timber at the localities mentioned. I was in charge of the Northern Division for 3 years as Division Officer. I know almost all these places and I had never felt any necessity to urge upon the Government the desirability of opening a timber depôt at the locality. On the other hand Angamali, Manjapra and other places are notorious centres of smuggling about which the member also had made mention. In fact there was absolutely no necessity for us to open a depôt when so much timber was smuggled. To put down this smuggling, we asked the Head of the Police Department to do the needful and as a result of the arrangements made by him it would appear that smuggling had stopped and there may now be demand for timber. Whatever it may be just opposite Angamali there is a depôt called Mudikal from which it is not difficult to transport timber to this place, especially when floating can be done very easily. At any rate, till now no difficulty

[Mr. R. Dhanukoti Pillai]

has been realised by the people and I think I would be borne out by Mr. A. G. Menon who comes from the same locality. If after enquiry it is found that there is necessity for opening a depôt, the Department would only be too glad to open a depot at the place as it has done in other places. With these words I request the member to withdraw the motion.

MR. ITOOP ITTEECHAN (*Kunnatnad*): ഈ സംഗതിയിൽ വേണ്ട സൌകര്യങ്ങളും എല്ലാം കൺസർവേറ്റർ ചെയ്തുതരാമെന്നു പറഞ്ഞതിനാൽ ഈ ഉപക്ഷേപത്തെ പിൻവലിച്ചിരിക്കുന്നു.

PRESIDENT: Does the House permit the motion to be withdrawn
The motion was, by leave, withdrawn.

Motion 104.

MR. TARIATU KUNJITUMMAN (*Murattupuzha cum Todupuzha*): സർ, എസ്റ്റാബ്ലിഷ്മെൻറു ചിലവിലേക്കുള്ള ൨,൨൬,൩൯൨ രൂപയിൽ നിന്നും ൫ രൂപാ കുറയ്ക്കണമെന്നുള്ളതാണ് എൻെറ ഉപക്ഷേപം.

ഇളു കടികളുടെ പേരിൽ പതിവു പുരയിടങ്ങളിൽ നില്ക്കുന്ന മരുതു, ആഞ്ഞിലി, മുള മുതലായ വൃക്ഷങ്ങളെ മുറിച്ചു മറെറാരുസ്ഥലത്തുകൊണ്ടുപോകുന്നതിനു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പാസ്സു വേണമെന്നുള്ള ഏർപ്പാടിനെ നിറുത്തൽചെയ്യേണ്ട ആവശ്യകതയെ വ്യക്തപ്പെടുത്തി സ്ഥാപിക്കാനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. നികുതി കൊടുക്കുന്ന പുരയിടങ്ങളിൽ നില്ക്കുന്ന ഏതു വൃക്ഷവും മുറിച്ചുപയോഗിക്കുന്നതിനുള്ള ഈ കൃഷകരാജ്യത്തെ പ്രജാവലിയുടെ സ്വാതന്ത്ര്യം ഈ ഫ്രീപാസ് ഏർപ്പാടുകൊണ്ടു ബലമായി തടയപ്പെട്ടിരിക്കുന്നു. കൃഷകന്മാരുടെ ജന്മസിദ്ധമായ അവകാശമാണ് തങ്ങളുടെ ഭൂസ്വത്തിലുള്ള വിളവുകളെ യഥേഷ്ടം ഉപയോഗിക്കയെന്നുള്ളതു്. അതിനെ യാതൊരു ന്യായവുമില്ലാതെ ഗവൺമെൻറു തടഞ്ഞു കൊണ്ടിരിക്കുന്നു. സ്വന്തംപുരയിടത്തിൽ നിന്നും മുള മുറിച്ചു വണ്ടിയിൽ കയററി അടുത്തപുരയിടത്തിൽ കൊണ്ടുപോകണമെങ്കിൽ ഫാറസ്റ്റുകാരുടെ പാസ് വേണം. ഈ രാജധാനിപട്ടണത്തിലെ ആയാലും ശരി, റിസർവ്വിൽ നിന്നും അകന്നു കിടക്കുന്ന അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിലായാലും ശരി പാസ് കൂടിയെ കഴിയൂ. 'മലയാളം' എന്ന ഈ രാജ്യത്തിനുള്ള പേരിനെ അന്വർത്ഥമാക്കത്തക്കവണ്ണം ഇവിടെ മലയോരങ്ങളും ധാരാളമുണ്ട്. അവിടെയാണ്, മരുതു്, തേക്ക്, മുതലായ വൃക്ഷങ്ങളും സമൃദ്ധിയായിട്ടുണ്ടാകുന്നതു്.

എന്നാൽ അവകളെ യഥേഷ്ടം മുറിച്ചു് ഉപയോഗിക്കുന്നതിനു നിവൃത്തിയില്ലാതെയിരിക്കുന്ന ഈ പ്രീപാസ്സ് ഏർപ്പാടുപോലെ ഉപദ്രവകരമായ സംഗതി മറ്റൊന്നുമില്ലാ. മനുഷ്യർക്കു സ്വാതന്ത്ര്യം പ്രധാനമെന്നുണ്ടല്ലോ. എന്നാൽ കൃഷിക്കന്മാർക്കു എന്തുസ്വാതന്ത്ര്യമാണുള്ളതു്? ഒരാൾ മരിച്ചു പതിനാറടിയന്തിരത്തിനു ഒരു നെടുമ്പുരകെട്ടുന്നതിനു കുറെ മുളവേണമെങ്കിൽ അതു കൊണ്ടുവരുന്നതിനുള്ള പാസ്സ് ആറുമാസംകഴിഞ്ഞേ കിട്ടുകയുള്ളൂ. അതിനെ സംബന്ധിച്ചുള്ള സദ്യക്കു കുറെ വിറക ശേഖരിച്ചു കൊണ്ടുവരുന്നതിനു പാസ്സു വേണമെന്നു ചോദിച്ചാൽഅതും ആറുമാസം കഴിഞ്ഞേ കിട്ടുകയുള്ളൂ. ഒരു കെട്ടിടം ഇടിഞ്ഞു വീണു് അതിൻെറ മേൽക്കൂട്ട കെട്ടുന്നതിനു പുരയിടത്തിൽ നില്ക്കുന്ന മരം മുറിച്ചു ഉപയോഗിക്കാൻ പാസ്സിനു അപേക്ഷിക്കുന്നാണെങ്കിൽ രണ്ടു വർഷം കഴിയണം. അതിനിടയ്ക്കു കെട്ടിടത്തിൻെറ ബാക്കി ഭാഗങ്ങളും കൂടി ഇടിഞ്ഞു വീഴും.

ഈ പാസ്സു വെച്ചിരിക്കുന്നതിൻെറ ഉദ്ദേശം റിസർവ്വ് വനങ്ങളുടെ രക്ഷയ്ക്കാണു് എന്നാണു് പറയുന്നതു്. അതിനെ സൂക്ഷിക്കുന്നതിനു ഫാറസ്റ്ററുദ്യോഗസ്ഥന്മാരുണ്ടു്. അതുകൊണ്ടു് ആ തത്വം ശരിയല്ല. ഗവണ്മെൻറുട്രഷറിയിൽ കുറെ പണമുള്ളതുകൊണ്ടു മേലാൽ ആരെങ്കിലും പണം വിനിയമനം ചെയ്യണമെങ്കിൽ ട്രഷറി ആഫീസരുടെ ഒരു സർട്ടിഫിക്കറു വാങ്ങിക്കണമെന്നു പറയുന്നതുപോലെയാണു് ഇതു്. കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും നെൽകൃഷിചെയ്യുന്നുണ്ടു്. ഇനി നെൽകൃഷിചെയ്യുന്നവരെല്ലാം കൃഷിഡിപ്പാർട്ടുമെൻറുകാരുടെ നെല്ലു മോഷ്ടിച്ചതല്ലെന്നു തെളിയിക്കാൻ കൃഷിഡിപ്പാർട്ടുമെൻറുകാരുടെ ഒരു പാസ്സുവേണമെന്നു പറയുന്നതെത്രനന്നായിരിക്കും? ആഹാരസാധനങ്ങളും വസ്ത്രങ്ങളും ഇവയെല്ലാം വിലകൊടുത്തു വാങ്ങിച്ചതോ മോഷ്ടിച്ചതോ എന്നു തിരിച്ചറിയുന്നതിനു പോലീസുകാരുടെ പ്രീപാസ്സ് വേണമെന്നു ഒരു ഏർപ്പാടു വയ്ക്കുന്നതു് എത്ര അസൌകര്യമായിരിക്കും.

ആഹാരസാധനം പാകം ചെയ്യുന്നതിനു ആവശ്യമുള്ള വിറകു്, ഭവനം പണിക്കാവശ്യമുള്ള തടി മുതലായതു ജനങ്ങൾക്കത്യാവശ്യമാണു്. സാധുക്കളായ കൃഷിവലന്മാർ മുളകൊണ്ടാണു് കുടിലുകൾകെട്ടി മലയോരങ്ങളിൽ താമസിക്കുന്നതു്. ഇതുകളെല്ലാം ഒരുപുരയിടത്തിൽ നിന്നും അടുത്ത പുരയിടത്തിൽ കൊണ്ടുപോകുന്നതിനു പാസ്സു വേണമെന്നുവച്ചിരിക്കുന്ന ഏർപ്പാടു നിർത്തേണ്ടതാണു്. ഈ സംഗതിതന്നെ ഇതിനുമുമ്പും ഈ

[Mr. Tariatu Kunjitomman].

കൌൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതു കൃഷിക്കാരു
ടെ സ്വാതന്ത്ര്യത്തെ സാരമായി സ്പർശിക്കുന്ന ഒരു പ്രമേയമാണ്. ഇതിനെ
എൻെറ മാന്യസ്നേഹിതന്മാർ എല്ലാവരും അനുകൂലിക്കണമെന്നുള്ള വിശ്വാ
സത്തോടുകൂടി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. V. S. KRISHNA PILLAI (*Tiruvalla*): ഞാൻ മി: കുഞ്ഞിത്തൊ
മ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

സ്വന്തം സ്ഥലത്തു നിന്നാണോ അതല്ല ഗവൺമെൻറു റിസർവുക
ളിൽ നിന്നാണോ തടികൾ കൊണ്ടുവരുന്നതെന്നു നിർണ്ണയപ്പെടു
ത്താൻ വഴിയില്ലാത്തതുകൊണ്ടായിരിക്കണം ഈ പ്രീപാസ്സ് ഏർപ്പാടു
ഏർപ്പെടുത്തീട്ടുള്ളത്. എന്നാൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഉ
ദ്യോഗസ്ഥന്മാരും അവരുടെ കീഴ് സിൽബന്ധികളും വളരെ ശുഷ്കാ
ന്തിയോടുകൂടി ജോലി ചെയ്യുന്ന നിലക്ക് ഈ പ്രീപാസ്സ് ഏർപ്പാടു തീ
ർച്ചയായിട്ടും യുക്തിക്കും ന്യായത്തിനും യോജിച്ചതല്ല. ഈ ഏർപ്പാടു
കൊണ്ടു ഗവൺമെൻറിനു ഒരു ലാഭവും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല കുടി
കൾക്കു പല വിധമായ ഉപദ്രവങ്ങൾക്കും കാരണമായി തീരുന്നു. അ
തുകൊണ്ടു കഴിയുന്നതും വേഗത്തിൽ ഈ പ്രീപാസ്സ് സിസ്റ്റം ഗവൺമെ
ൻറു നിറുത്തൽ ചെയ്യേണ്ടതാണെന്നാണ് എൻെറ അഭിപ്രായം.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): മി: കുഞ്ഞി
ത്തൊമ്മൻെറ ഉപക്ഷേപത്തിൽ ഏതാനും ഭാഗത്തോടു ഞാനും യോജി
ച്ചുകൊള്ളുന്നു. പ്രീപാസ്സ് ഇല്ലാതാകുന്നതു് സർക്കാർ ഉദ്യോഗസ്ഥന്മാരുടെ
ഭരണത്തിന് പല വിധമായ കുഴപ്പങ്ങൾക്ക് ഇടയാകുന്നതാണ്. വന
ത്തോടു ഏററവും അടുത്തുള്ള പതിവു സ്ഥലങ്ങളിൽ നിന്നും വെട്ടിയിറ
ക്കുന്ന തടികൾക്കും, മുളകൾക്കും പ്രീപാസ്സ് ആവശ്യമാണ്. ഈ പ്രീ
പാസ്സ് വേണ്ടതു ഇത്ര മയിലിനകത്തു് മാത്രമായാൽ മതി എന്നൊന്നു ക്ലിപ്ത
പ്പെടുത്തണം. തടികൾക്കും മുള മുതലായതുകൾക്കും പ്രീപാസ്സ് കൊടു
ത്തതിൻെറ ശേഷം കാലാവധിയ്ക്കുള്ളിൽ വനത്തോടു ഏററവും അടുത്ത
കാവൽ സ്ഥലത്തു പതിപ്പിച്ചതിൻെറ ശേഷം പാസ്സിനു അവധി വേണ
മെന്നു് ആവശ്യപ്പെടുന്നതു വലിയ ഉപദ്രവമാണ്. ഉടമസ്ഥാവകാശ
ത്തെ തെളിയിക്കുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ആവശ്യപ്പെ
ട്ടാൽ പാസ്സും തടിയുംകൂടി പരിശോധിച്ചു വിട്ടുകൊടുക്കണം. അവധി
ആവശ്യപ്പെട്ടുകൂടാ. നാട്ടിൻപുറത്തുള്ള തടികൾക്കു പാസ്സു ആവശ്യ
പ്പെട്ടുകൂടാ. മുളയ്ക്കുപാസ്സുകൊടുത്തതിൻെറ ശേഷം ഒരവധി കൂട്ടണമെ
ങ്കിൽ പാസ്സു കൊടുക്കുന്ന റയിഞ്ച് ആഫീസർക്ക് അധികാരം നൽകി

ട്ടില്ല. ൧൦൦-൦ ൧൨൦-൦ രൂപാ ശമ്പളമുള്ള റെയിഞ്ച് ആഫീസർക്കും ആക്ടിംഗ് ഡിവിഷനൽ ഫാറസ്റ്റാഫീസർ ആകാം. എന്നാൽ പാസ്സിന്റെ അവധി കൂട്ടിക്കൊടുക്കുവാൻ അധികാരമില്ല. ഇതു നിമിത്തം പല കച്ചവടക്കാർക്കും സങ്കടം നേരിടുന്നു. ഇതിനേയും ഭേദപ്പെടുത്തേണ്ടതാണ്. സാധുക്കളായ പറയരുടെ സംഗതിയിൽ ഈററയ്ക്കും പാസ്സ് കൊടുത്തു് വനത്തോട് അടുപ്പിച്ച് കാവൽ സ്ഥലം പതിച്ചതിന്റെ ശേഷം അവധി വേണമെന്ന് ആവശ്യപ്പെടാൻ പാടില്ലാത്തതാകുന്നു.

MR. R. DHANUKOTI PILLAI (*Conservator of Forests*): This also is not a new subject to the Council. This came once before the Council in the form of a resolution. The same Committee appointed for the royal trees, went into the question of difficulties experienced by ryots in the matter of freepass system also. The Committee submitted a new set of revised rules which came into force in 1924. Since that time the rules have been in operation and they were working smoothly without any trouble. No complaint is made by the public up till now to the Divisional Forest officers. Last time we had a similar resolution. It was pointed out that, out of one thousand eight hundred cases dealt with, there was delay only with respect to three of them, of which the delay in one case alone came to three months. That delay was caused by another preferring a counter-claim for the timber. Mr. Tariam Kunjitomman was saying that much difficulty is being experienced by the people. It is quite difficult to see how that sort of statement could be made when the rules are in operation and working satisfactorily. Besides the Divisional authorities do not report of any such complaint.

Again Mr. Kunjitomman was referring to some difficulty experienced in the removal of fuel, timber and bamboos from private holdings. We have in the rules exempted something like 18 species of trees which are grown only in private lands and for removing them no pass is necessary. Even anjili which was causing so much hardship to people could be removed without any pass from anybody throughout the State. This subject also came in the form of a resolution last time in the Council and there was a full discussion and the proceedings occupy about 50 pages of printed matter. The House then decided by a large majority that it would not be advisable to abolish the issue of passes to private timber.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will the Government be pleased to supply us with copies of that Committee's report?

MR. R. DHANUKOTI PILLAI (*Conservator of Forests*): It has been published in the Gazette.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): We have not received any copy.

PRESIDENT: Copy will be placed in the Library.

MR. R. DHANUKOTI PILLAI (*Conservator of Forests*): As regards the point raised by Mr. Kochutomman I do not think there is any rule insisting on the production of pass for the removal of bamboos when these have passed forest watch stations.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): പറയർ കൊണ്ടുവരുന്ന ഈറയ്ക്കുപാസ്സുവേണമോ? ആദ്യത്തെ കാവൽസ്ഥലം കഴിഞ്ഞാൽ പിന്നെ പലസ്ഥലങ്ങളിലും അവരെ ഉപദ്രവിക്കുന്നുണ്ടു്.

MR. R. DHANUKOTI PILLAI (*Conservator of Forests*): It is only a nominal payment of seigniorage. It comes to 2 rupees per thousand. I myself do not know what the existing practice is. It is only now this matter was brought to my attention. I will make the necessary enquiries. With these words, I think the member will be convinced of the necessity of withdrawing his motion.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഈ വിഷയം ഇതിനു മുമ്പും കൌൺസിലിൽ കൊണ്ടു വരികയും, അതിലേക്കു് ഒരു ഫ്രീപാസ്സ് കമ്മിററി ഏർപ്പെടുത്തുകയും ചെയ്തു. ഈ കൌൺസിലിൽ നിന്നും തന്നെ ആ കമ്മിററിക്കു അനുദ്യോഗസ്ഥമെംബറന്മാരെ തിരഞ്ഞെടുത്തു. അവർ തയ്യാറാക്കിയ റിപ്പോർട്ടു് ആ കൌൺസിലിന്റെ ആലോചനയ്ക്കായി മേശമേൽ വയ്ക്കണമെന്നു ആവശ്യപ്പെട്ടിട്ടു ഇതേവരെ വച്ചിട്ടില്ല. അതു മേശമേൽ വച്ചിരുന്നാൽ ഇതിനെപ്പററിയുള്ള സകല വിവരങ്ങളും അറിയാമായിരുന്നു.

ഈ ഫ്രീപാസ്സ് ജനങ്ങൾക്കു വളരെ ഉപദ്രവത്തെ ചെയ്യുന്ന ഒന്നായതുകൊണ്ടാണു് രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുള്ള മെംബറന്മാർ പ്രജാസഭയിൽ ഇതിനെ നിർത്തിക്കളയണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്. കമ്മിററിയുടെ റിപ്പോർട്ടു് എന്താണെന്നു അറിഞ്ഞാൽ കാര്യങ്ങളെല്ലാം വ്യക്തമാകുമായിരുന്നു. റായൽ ടി കമ്മിററിയുടെ റിപ്പോർട്ടു വെളിക്കു വിടാതെയിരിക്കുന്നതും വളരെ കഷ്ടമാണു്. ഞങ്ങൾ ഈ കമ്മിററിക്കു മെംബറന്മാരെ തിരഞ്ഞെടുത്തയച്ചതിൽ അവർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നു പബ്ലിക്കിനേയും കൌൺസിലിനേയും അറിയിക്കാതിരിക്കുന്നതു് വളരെ കഷ്ടമായിട്ടുള്ള ഒന്നാണെന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. ഗവമ്മെന്റിനു ഒരാദായവുമില്ലാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനു മാത്രം ഉതകുന്ന ഈ ഫ്രീപാസ്സുസിസ്റ്റം ഗവമ്മെന്റു ഇനിയെങ്കിലും നിർത്തേണ്ടതാണു്. റിസർവ്വിനടുത്തുള്ള സ്ഥലങ്ങളിൽമാത്രം പാസ്സു വേണമെന്നു വയ്ക്കുന്നതിൽ ഇത്ര അനീതിയില്ലായിരുന്നു. എന്നാൽ റിസർവ്വിൽനിന്നും ദൂരെയുള്ള സ്ഥലങ്ങളെ

ഒഴിക്കാമെന്ന കൺസർവേററർ പറയുന്ന പക്ഷം ഉപേക്ഷിച്ചും പിൻവലിക്കുന്നതിനും എനിക്കു വിരോധമില്ല.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): സക്കാർ റിസൎവ്വിനെ സൂക്ഷിക്കേണ്ടതും നമ്മുടെ ചുമതലയല്ലേ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഒരു രാജ്യത്തിന്റെ മദ്ധ്യേക്കൂടി ഒരു റോഡുള്ളതിന്റെ പടിഞ്ഞാറു ഭാഗത്തേക്കു പാസ്സ് വേണ്ടെന്നും, കിഴക്കുഭാഗത്തുള്ള മലയോരങ്ങളിൽമാത്രം പാസ്സ്മതി എന്നുവച്ചാലും വലിയതരക്കേടില്ലായിരുന്നു. ഞങ്ങൾക്കു അതുകൊണ്ട് ഗുണമൊന്നും ഇല്ലെങ്കിലും പടിഞ്ഞാറു ഭാഗത്തുള്ളവക്കെങ്കിലും രക്ഷ കിട്ടുമല്ലോ. വനങ്ങളിൽ മുള, വിറക് ഇതുകളെല്ലാം സൂക്ഷിക്കേണ്ടതാണ്ഫാറസ്റ്റുകാരുടെ ചുമതലയെങ്കിലും അവരുടെ ശ്രദ്ധ മുഴുവനും കുടിപുരയിടങ്ങളിലാണ്. അവിടെനിന്നും വല്ലതും അവക്കു കിട്ടുന്നതിനു വഴിയുണ്ടോ എന്നും നോക്കിക്കൊണ്ടിരിക്കുന്നതിനാൽ റിസൎവ്വ് വനങ്ങളെനോക്കാൻ അവക്കു സൌകര്യമില്ല. ഇവരുടെ പേരുതന്നെ ഫ്‌റസ്റ്റ്ഗാർഡ് എന്നാണല്ലോ, എന്നാൽ അവരുടെ ജോലി അതിനനുസരിച്ചതല്ല. കുടിപുരയിടങ്ങളിൽ മുളയോ വിറകോ മുറിച്ചുകൊണ്ടുപോകുന്നുണ്ടോയെന്നാണ് ഇവർ പ്രധാനമായി നോക്കുന്നത്.

ഇനി പാസ്സ കൂടിയേതീരു എന്നുള്ള സ്ഥലങ്ങളിൽ താസീൽദാർമാക്കു പാസ്സ കൊടുക്കുന്നതിനുള്ള അധികാരം കൊടുത്താലും കുറെഭേദമായിരുന്നു. ഫ്‌റസ്റ്റ്കാരിൽ ഒരു അധികാരം വച്ചിരിക്കുന്നതു കുടികൾക്ക് ഉപദ്രവമാണ്. ഫ്‌റസ്റ്റ് ഡിവിഷൻ ആഫീസക്കു ഫ്രീപാസ്സിനു ഒരപേക്ഷകൊടുത്താൽ ആ അപേക്ഷ റെയിഞ്ചാഫീസർ സ്ഥലംനോക്കി റെക്കമെൻറു ചെയ്തു തിരിച്ചു് അതു് ഡിവിഷൻ ആഫീസരുടെ അടുക്കൽ പോയി അനുവദിച്ചു വീണ്ടും റെയിഞ്ചാഫീസിൽ വന്നാലെ പാസ്സ കിട്ടുകയുള്ളു. അതിലേക്കു തന്നെ വളരെ കാലതാമസവും നേരിടും. അപേക്ഷകൻകൂടെ ഓരോ ആഫീസിലുംപോയി വേണ്ടതു പ്രവൎത്തിച്ചില്ലെങ്കിൽ പാസ്സ കിട്ടുകയില്ല. രണ്ടോ മൂന്നോ തടി കൊണ്ടുവരാനായിരിക്കും പാസ്സിനപേക്ഷിക്കുന്നതു്. ആ തടിയുടെ വിലയിൽ കവിഞ്ഞ ഒരു ചിലവും വരും. ഇതിനു ഒരു നിവൃത്തിമാൎഗ്ഗം ഗവൺമെൻറുണ്ടാക്കിത്തരണം.

ഒരു ഫ്രീപാസ്സ വച്ചിരിക്കുന്നതിന്റെ അൎത്ഥം എന്താണ്. ജനങ്ങളെല്ലാം കള്ളന്മാരാണെന്നു മുൻകൂട്ടി നിശ്ചയിക്കുന്നതാണൊ? രാജ്യത്തെ കൃഷിക്കാരെല്ലാം കള്ളന്മാരാണ് എന്നു പറയുന്നതിനു സമമ

[Mr. Tariatu Kunjitomman.]

ല്ലേ ഇതു്. അവരുടെ പുരയിടങ്ങളിലുള്ള തടികൾ മുറിച്ചു മാററിക്കൊണ്ടുപോകണമെങ്കിൽ അതിലേക്കു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പാസ്സ് വേണം എന്നു പറയുന്നതു് എന്തു കഷ്ടമാണു്? ഗവർമ്മെൻറു അങ്ങിനെ ജനസാമാന്യത്തെപ്പററി വിചാരിക്കരുതു്. ഈ ഫ്രീപാസ്സ് നിമിത്തം ജനസാമാന്യത്തിൻെറ ആത്മാഭിമാനത്തേയും സ്വാതന്ത്ര്യത്തേയും കേവലം ഹനിച്ചിരിക്കയാണു്. ജനങ്ങളുടെയിടയിൽ കള്ളന്മാരും ഉണ്ടാകാം. അവരെ കണ്ടുപിടിക്കാൻ ഫാറസ്റ്റ് ഗാർഡുകളും പോലീസുകാരും ഈ രാജ്യത്തു ധാരാളമുണ്ടു്.

റവന്യൂ സംബന്ധമായ സകല ജോലികളും റവന്യൂ ഉദ്യോഗസ്ഥന്മാർക്കാണല്ലോ. ഭൂമി പതിച്ചുകൊടുക്കുക, അതിലെ തടിവില വാങ്ങുക, പുറമ്പോക്കു് കേസ് എടുക്കുക, ഇതെല്ലാം റവന്യൂ ഡിപ്പാർട്ടുമെൻറിലെ ജോലിയാണു്. അതുപോലെതന്നെ തരിശു ഭൂമികളിലെ തടി മുറിച്ചാൽ ഫാറസ്റ്റുകാർക്കു ഒരു കാര്യവുമില്ല. അതിനെപ്പററി നടപടി നടത്തുന്നതു റവന്യൂ ഉദ്യോഗസ്ഥന്മാരാണു്. അതുകൊണ്ടു് ഇതിലേക്കാവശ്യമുള്ള പാസ്സ് റവന്യൂ ഉദ്യോഗസ്ഥന്മാർ നൽകത്തക്കവണ്ണം വേണ്ട ഏർപ്പാടു ചെയ്താലും ഇപ്പോഴത്തേതിൽ ഭേദമാണു്. അതായതു് ഫ്രീപാസ്സ് താലൂക്കിൽ അപേക്ഷ കൊടുത്തു വാങ്ങത്തക്കവണ്ണം വ്യവസ്ഥ ചെയ്യണം. ഇപ്രകാരം വേണ്ടതു ചെയ്തു ജനസാമാന്യത്തിൻെറ സങ്കടം പരിഹരിക്കാമെന്നു ഗവർമ്മെൻറു വാഗ്ദാനം ചെയ്യുന്നപക്ഷം ഞാൻ ഈ ഉപക്ഷേപം പിൻവലിക്കാൻ തയ്യാറാണു്.

MR. R. DHANUKOTI PILLAI (*Conservator of Forests*): All the points which Mr. Kunjitomman has been referring to have been embodied in the revised Free Pass Rules. I wish he had gone through the rules before making his suggestions. For instance, the whole State has been divided into two scheduled areas. As regards one of the scheduled areas no free pass is required for removal of fuel if the owner has applied previously.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അനുദ്യോഗസ്ഥമെംബർമാർ രണ്ടുപേർ എഴുതിയിട്ടുള്ള ഭിന്നറിപ്പോർട്ടു അടിസ്ഥാനപ്പെടുത്തിയാണൊ വായിക്കുന്നതു് ?

MR. R. DHANUKOTI PILLAI (*Conservator of Forests*): For instance I will read, for the information of the House, the rules—

"The portion lying on and to the west of a broken line starting from the northern end in Travancore of the Main Central road the line passes along........."

MR. S. FIRAVIPERUMAL PILLAI (*Commerce and Industry, South*): I do not know whether the member is in order in referring to a record which has not been placed before the House.

PRESIDENT : He is referring to rules which the member who made the motion has apparently not studied. Members are proposing changes which are already embodied in the rules.

MR. R. DHANUKOTI PILLAI (*Conservator of Forests*) : These are the rules and they are, published in the Gazette and they are now in operation.

(1) " The portion lying on and to the west of a broken line starting from the northern end in Travancore of the main central road the line passes along its eastern side up to Perumbavur and thence along the northern side of Perumbavur-Kotamangalam road until it passes the Kotamangalam-Vazhakulam road, thence southward along the eastern side of the road to Vazhakulam : thence to Todupuzha along the northern side of the Muvattupuzha-Todupuzha road : thence along the western side of the road extending from Todupuzha up to a point where it touches Nellapara reserved forest boundary thence skirting the said Nellapara reserved forest till it meets again Todupuzha-Lalam road on its eastern side............"

(2) The portion to the east of the broken line joining Ramakal theri near the Achenkoil peak etc................"

In the first area, the divisional officer's pass is not required for the removal of forest produce. The Range Officer, if required, even without reference to the proverthikars, may permit, if the land belongs to the applicant. And in the second area, in case of doubt he has to refer the matter to the Tahsildar.

MR. TARIATUKUNJITOMMAN (*Muvattupuzha cum Todupuzha*): കുടിപുരയിടങ്ങളിൽ നിന്നും വൃക്ഷങ്ങൾ മുറിച്ചു മാററുന്നതിനുള്ള ഫ്രീ പാസ്സ് റവന്യൂ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു കൊടുപ്പിക്കാൻ വേണ്ട വ്യവസ്ഥചെയ്യുന്നതിൽ വിരോധമുണ്ടോ ?

MR. R. DHANUKOTI PILLAI (*Conservator of Forests*): Issue of passes for bamboos within the Taluk ?

MR. TARIATUKUNJITOMMAN (*Muvattupuzha cum Todupuzha*) : മുളമാത്രമല്ലാ. വിറകും തടിയും എല്ലാംകൊണ്ടു വരുന്നതിനു റവന്യൂ ഉദ്യോഗസ്ഥന്മാരുടെ പാസ്സു പോരെ ?

MR. R. DHANUKOTI PILLAI (*Conservator of Forests*): There will be duplication of function. Two departments will be doing the same work.

PRESIDENT : Which are the taluks included in the free area ?

MR. R. DHANUKOTI PILLAI (*Conservator of Forests*) : All those taluks on the western side of the Main Central Road. It starts from Angamali and crosses Kotamangalam road and then goes to Muvattupuzha and that way.

PRESIDENT : Which is the free area ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): The taluks to the west of the line are free.

MR. A. THANU PILLAI (*Trivandrum*) : Is there any area where free pass is not necessary ?

MR. R. DHANUKOTI PILLAI (*Conservator of Forests*): There is no area like that, but in Trivandrum, Alleppey and such like places a free pass is not insisted on.

MR. A. THANU PILLAI (*Trivandrum*): Does he mean under the rules?

MR. R. DHANUKOTI PILLAI (*Conservator of Forests*): The rules apply to the whole State.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഈ റൂൾസ് പ്രകാരം ഈരാജ്യത്തെ ഏതെങ്കിലും ഒരുഭാഗം പ്രീപാസ്സ് ഏർപ്പാടിൽ നിന്നും ഒഴിച്ചിട്ടുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): Legally I think such exemption may not be applicable. However all the towns are exempt though we have not formally exempted them. Last year it was said that if necessary a notice formally exempting such places, as Alleppey, Shertallai, P arur &c., would be published.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ചേർത്തലയും പറവൂരും ഈ റൂൾസിൽനിന്നും ഒഴിച്ചിട്ടുണ്ടോ ?

MR R. DHANUKOTI PILLAI (*Conservator of Forests*): ഒഴിച്ചിട്ടില്ല.

So there are no new points advanced by Mr. Kunjitomman. He has merely put his old arguments in a different form by making them appear lurid.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഏതായാലും ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തി വേണ്ട നിവൃത്തി നേടണമെന്നുദ്ദേശിച്ചാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ഇതിനെ കൺസർവേറ്റർ നിഷ്കർഷയോടു കൂടി ചട്ടം കെട്ടണം. ജനങ്ങളുടെ സങ്കടത്തിൽ അനുഭാവം ഉണ്ടായിരിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

PRESIDENT: I take it that the House permits the motion to be withdrawn.

The motion was withdrawn by leave of the House.

Motions 105 and 106.

The following motions were not moved:

MR. A. THANU PILLAI:

105. To omit the allotment of Rs. 7,700 for Forest School for Guards.

MR. A. THANU PILLAI:

106. To reduce the allotment of Rs. 3,500 for travelling allowances by Rs. 1,000.

Motion 107.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): Sir, I beg to move the following motion.

To reduce the allotment of Rs. 3,500 for travelling allowances by Rs. 100.

The continuance of this establishment is absolutely unnecessary. This establishment was ushered into existence at a time when there were many cases pending in Peermade and in Devicolam. All these cases have been decided now, and I do not know what is the reason for continuing this establishment after the cases have been disposed of. A few cases which are pending, are in Ranni and Manimala Pakuthies. And there are only two big cases there. In Uravur and Pallikkal also, there are a few cases. And these cases have been decided to a certain extent. I do not find any necessity for continuing this establishment even after decisions have been arrived at in many of these cases, for which this establishment was sanctioned. If there had been cases pending in Devicolam and Peermade there would have been some justification for giving some travelling allowance to the officer concerned. Now, the officer concerned has only to travel to Ranni and Manimala, that is, on this side of the State. So I urge that the establishment be discontinued.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): മിസ്റ്റർ കേശവപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ഫാറസ്റ്റ് സെററിൽമെൻറുകേസ് എട്ടോ ഒൻപതോ ഉള്ളു എന്നാണു കാണുന്നതു്. അതിൽ രണ്ടുകേസിൽ കൂടുതൽ തർക്കമുള്ള കേസ്സുകൾ ഉണ്ടോ എന്നു സംശയമാണ്. ആ സ്ഥിതിക്കു ഫാറസ്റ്റ് സെററിൽമെൻറു സംബന്ധിച്ച് ഇത്ര വലിയ ഒരു എസ്റ്റാബ്ളിഷ്മെൻറ് ആവശ്യമില്ലെന്നാണ് എൻെറ അഭിപ്രായം.

MR. R. DHANUKOTI PILLAI (*Conservator of Forests*): Sir, I should like to know whether the member's objection is to the provision of Rs. 3,500 under T. A. for the Forest Settlement Officer. It is not clear from what he said, whether the member is speaking for the reduction of the provision under T. A. or as a token motion. It was believed that the Settlement work of the Special Officer—

PRESIDENT: What is the motion for? Is it a motion for reduction of Rs. 100 or the reduction of total grant? Which is it?

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): The motion is for reduction of Rs. 100 from the provision for travelling allowance. Motion 107.

PRESIDENT: Yes.

MR. R. DHANUKOTI PILLAI (*Conservator of Forests*): It was believed that the Forest Settlement Officer would complete his work by the end of 1103. But it was found that out of the 30 Reserves

[Mr. R. Dhanukoti Pillai.]

pending settlement about 11 only were settled. And the balance 19 remain to be settled still. Of these Velikavu and the Alapra Reserves are the two Reserves where there are contested claims and these are being investigated. It is likely that the disposal of this claim will take a long time and it is possible that the officer and his subordinates will have to go constantly to the places. It is for that that the provision of Rs. 3,500 is made. If the cases are finally settled sooner it is possible that the whole amount may not be used.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know the number of cases pending now?

MR. R. DHANUKOTI PILLAI (*Conservator of Forests*): I have not got the exact number just now. I think it is about 40 or so.

MR R. KESAVA PILLAI (*Kottarakara cum Kunnattur*): May I know what was the travelling allowance allowed last year?

MR. R. DHANUKOTI PILLAI (*Conservator of Forests*): Last year there was a provision of Rs. 1,500 for the officer and Rs. 500 for the establishment. But subsequently it was found out that additional amount was necessary and Rs. 500 was diverted from that officer's contingencies. Subsequent to that it was also found that even that amount was not sufficient and an additional sum of Rs. 1,000 had to be diverted from the Forest Departmental Budget under 'Forest Conservancy etc'. Altogether the total amount came to Rs.3,800 that is for 1103.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): Sir, I beg to withdraw the motion.

PRESIDENT: I take it that the House permits the motion to be withdrawn.

The motion was withdrawn by leave of the House.

Motion 108.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, ഫാറസ്റ്റ്സെററിൽമെൻറ് എസ്റ്റാബ്ലിഷ്മെൻറുവകുപ്പിൽ അടുത്തകൊല്ലത്തേക്കു ബഡ്ജററിൽ ചേൎത്തിട്ടുള്ള ൩,൫൦൦ രൂപായിൽ നിന്നും ഫാറസ്റ്റ് സ്പെഷ്യൽ സെററിൽമെൻറാഫീസരുടെ ശമ്പളംവകയ്ക്കു വേർതിരിച്ചുകാണുന്ന ൬,൦൦൦ രൂപാനീക്കി എസ്റ്റാബ്ലിഷ്മെൻറു വകുപ്പിൽനിന്നും ൧,൫൦൦ രൂപാ കുറക്കണമെന്നുള്ള ഉപക്ഷേപമാണു ഞാൻ ഇവിടെ അവതരിപ്പിക്കണമെന്നു വിചാരിക്കുന്നത്. ഈ സ്പെഷ്യലാഫീസരെ ൧൧൦൨, ൧൧൦൩ ഈ രണ്ടു കൊല്ലത്തേക്കു മാത്രമായി ആദ്യം നിയമിച്ചിരിക്കുന്നതായിട്ടാണു പറഞ്ഞത്. ഇപ്പോൾ ൧൧൦൪-ലേക്കും കൂടി ചേൎത്തിരിക്കുന്നതായി കാണുന്നു. എന്നാൽ ഈ സ്പെഷ്യലാഫീസർക്കു ഇപ്രകാരം ൩,൫൦൦ രൂപാ അലവൻസു കൊടുത്തു പ്രത്യേകം ഉദ്യോഗസ്ഥനേയും അതിനുവേണ്ടജോലിക്കാരെയും വയ്ക്കേണ്ട ആവശ്യമില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry South*): May I know whether that is not against the decision of the House?

MR. MURUVELIL PACHU PILLAI (*Shertallai*): No.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry South*) But you have passed the T. A.

MR. MURUVELIL PACHU PILLAI (*Shertallai*): No, we did not.

ഇപ്പോൾ ധാരാളം കേസുകൾ ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാകുന്നില്ല. ഇപ്പോൾ ഉള്ള കേസുകൾ ഏതെല്ലാം ഡിവിഷനുകളിൽ നിന്നുമാണെന്നൊ ഏതെല്ലാം റിസർവുകളിൽ നിന്നുമാണെന്നൊ പറയാൻ നിശ്ചയമില്ലാ.

ഈ സഭയുടെ ആലോചനക്കു വിഷയമാക്കാനുള്ള സംഗതി ആദ്യം സ്പെഷ്യലാഫീസറായി ഗവൺമെൻറിൽനിന്നും നിയമിച്ചതായിട്ടു പറയുന്ന സവെസ്സുപ്രണ്ടിനെക്കൊണ്ടു ഈ ജോലിനടത്തിക്കാൻ പാടില്ലയൊ എന്നുള്ളതാണു്. ആ സ്ഥിതിക്കു ഫ ഫ ഠ ർ-ലേക്കു സ്പെഷ്യലാപ്പീസരുടെ ആവശ്യമുണ്ടോ എന്നുള്ളതു് ഗവൺമെൻറു് പ്രത്യേകം ആലോചിക്കേണ്ടതാണു്.

MR. R. RAMAN PILLAI (*Kottayam*): ഇതിൽ ചില കേസുകൾ സവെസ്സുപ്രണ്ടു തന്നെ തീർത്തിട്ടുണ്ടെന്നു അറിയാമൊ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I rise to a point of order. Apparently this motion is for discussing whether the special Forest Settlement Officer is necessary or not. That office is non-votable. No doubt if the member had proposed a nominal cut he would, perhaps, have been entitled to speak on the necessity for the officer. But now he wants to avoid the whole establishment. He has proposed to cut everything, I think, except the officer's salary.

PRESIDENT: Does the cut proposed include the salary of the Forest Settlement Officer?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): All except that; everything else the member proposes to cut. The member does not propose to cut a nominal sum only. He wants to cut everything except the pay of the officer. That I submit, Sir, would be practically making a substantial inroad into a non-votable item.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know under what rule the Law Member rests his point of order?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Section 16, sub-section (4) of the Regulation. I shall read it for the information of Mr. Nilakanta Pillai.

"The proposals of Our Government for the appropriation of revenues or moneys relating to the following matters shall not be submitted to the vote of the Council, nor *shall they be open to discussion by the Council when the budget is under consideration:—*"

[Mr. Kayalam Parameswarn Pillai.]

Now Mr. Pachu Pillai wants to discuss the necessity for the Forest Settlement Officer which office is a non-votable item.

MR. K. P. NILAKANTA PILLAI (*Chirayinkil*) ; With regard to the observations of my learned friend, the Law Member, I submit, as is always the case, the issue has been confused. The real issue of the motion is that the member does not want the establishment. Government may keep the Special Officer if they like; and let him work if he can and if there is work for him. The establishment is a votable item and the Council has every right to vote upon the establishment; and the motion contemplates that the whole of the votable portion of the allotment should be cut. I therefore submit that the issue has been confused by the Law Member and placed before the House. There is no exact application to the point of order raised by him.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : If the mover wants to attack the establishment, let him do it by all means. But he should not speak a word about the officer.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : May I request the Law Member to read page 230 of Volume III of the Proceedings of the Legislative Council ? Only page 229 was read yesterday. The last paragraph of page 230 makes the point clear.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : I have read it. The President does not say there that the motion is in order.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : May I request the Law Member to read the last paragraph of page 230 of Volume III of the Legislative Council Proceedings ?

PRESIDENT : The Law Member says that he has read it.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : May I request him to read it just to draw the attention of the House to it ?

MR. MURUVELIL PACHU PILLAI (*Shertallai*) : എസ്റ്റാബ്ലിഷമെൻറിനെപ്പററി മാത്രമാണു് ഞാൻ പറയുന്നതു്. സെററിൽമെൻറാഫീസരെപ്പററി ഞാൻ ഒരു വാക്കും പറയുന്നില്ല. അതുകൊണ്ടു് എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് ഒരു വിധത്തിലും അനുവദിച്ചു കൊടുക്കാൻ പാടില്ല. ഇവർക്കു് സഞ്ചരിക്കേണ്ടയാവശ്യമില്ലാത്തതിനാൽ സഞ്ചാരപ്പടിയും കൊടുക്കേണ്ടയാവശ്യമില്ല. അതിനാൽ ഫാറസ്റ്റ് സെററിൽമെൻറാഫീസരുടെ ശമ്പളം കുറച്ചു് ബാക്കി ൧,൫൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപം സഭയുടെ പര്യാലോചനയ്ക്കായി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. R. DHANUKOTI PILLAI (*Conservator of Forests*) : Sir, before the Forest Settlement Officer was appointed the practice was for the

Dewan Peishkars to do this forest settlement work also. But somehow or other the work fell into arrears, and there were several Reserves pending settlement.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): May I point out to the member in charge that the question of the Forest Settlement Officer is not in issue. Mr. Patchu Pillai has stated clearly to the House that he is not speaking of the Settlement Officer, but that he is saying only that the establishment is not necessary. It seems to me therefore Sir, that the official member need answer only that point.

MR. R. DHANUKOTI PILLAI (*Conservator of Forests*): Without the establishment it is impossible for the officer to carry on the work.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) Sir,—

PRESIDENT: There is no point of order before the House.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): In regard to the point of order raised by the Law Member.—

PRESIDENT: That does not arise since the mover has referred only to the establishment.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I can submit a point of order, Sir.

PRESIDENT: Yes, so long as it is relevant to the present discussion. What is your point?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): What I wish to know is whether a member, when he makes a motion to reduce the allotment for the establishment out of a lump sum, is not entitled to *speak* about the appointment of the officer whose pay constitutes a non-votable item.

PRESIDENT: What is your authority for that?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Page 230 of Volume III of the Council Proceedings.

PRESIDENT: Please read your authority.

MR A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): This is the ruling of the Chair:—

PRESIDENT: Is it the proceedings of *this* Council?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Yes, Sir.

"It is a very difficult point and it is a matter of very great importance. I am aware of the fact that, in the Madras Legislative Council, such motions are allowed and perhaps voted upon. Here also it is true that we discussed such motions, but I think last year some of these motions were in fact definitely accepted, while there was no discussion on those not accepted by Government. It must be essentially left to the Government to decide, after being influenced by the discussion, whether to accept such motion which involves the abolition of a non-votable appointment or not. But if the motion is to be pressed to a division and if the House votes and carries the motion it can only mean that the Government will take into consideration either the abolition or reduction as the case may be and give effect to it if it thinks fit."

PRESIDENT: From what you have read out I gather that what you call a ruling is nothing more than an expression of intention on the part of the Chair to exercise discretion in individual cases without committing itself to any general statement of the position.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): If I may interrupt, Sir, the ruling is on the previous page.

"If the object of the motion to reduce the provision for the establishment and contingencies which are provided for an officer who holds a non-votable appointment is to abolish that appointment. I think it should not be pressed to a division. Unless I give that as a ruling to be followed I think we will be etc."

PRESIDENT: It is simply a reservation of authority to exercise discretion in individual cases.

MR. A. S. DAMODARAN ASAN (*Murelikara cum Kartikapalli*): All that was stated is that it must be left to the Government to *decide after being influenced by the discussion.*

PRESIDENT: It goes on to say that in arriving at a decision on the point Government would be guided by the discussion itself.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, after hearing the Conservator of Forests, if the motion is pressed to a division, I think the question will resolve itself into this, *viz.*, that there would be an officer getting his salary without any work to do.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): He will have enough work to do; but only he will not be able to do it.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Exactly. In other words we would have to pay an officer for not being able to do any work. That means the tax-payers' money would be unnecessarily spent. Therefore if it is the intention of the House that we should refuse to grant the amount for the entire establishment and contingencies, I am afraid—

MR. K. P. NILAKANTA PILLAI (*Chirayinkil*): Would it not be possible for the Government to divert the officer for some other work?

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): The officer has been specially deputed for this work and part of the work is done and therefore, I think, the arrangement should continue till the whole work is completed.

MR. A. THANU PILLAI (*Trivandrum*): Sir, the motion is to reduce the allotment for establishment.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Not only that; the whole of the allotment except the salary of the officer is proposed to be omitted.

MR. A. THANU PILLAI (*Trivandrum*): May I know Sir, whether if the motion had been to reduce a nominal sum out of the entire allotment there would be any objection to the reference to the question of the need for the Special Officer?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): There would be no objection.

MR. A. THANU PILLAI (*Trivandrum*): I take it, Sir, that no ruling has been given on the point.

PRESIDENT: I will give you a detailed ruling on the point tomorrow. But, for the moment, I may say that the broad underlying principle of parliamentary practice in a matter of this sort is that nothing should be attempted to be done indirectly which is forbidden directly. In other words you cannot in a round-about way endeavour to bring within the purview of the Council what has deliberately been excluded from it. Upon that principle I shall give you a detailed ruling tomorrow.

MR. A. THANU PILLAI (*Trivandrum*): What the Section in the Regulation says is:

"The proposals of our Government for the appropriation of revenues or moneys relating to............ . ..."

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Later on it is stated:—

"(iv) Salaries and allowances of officers appointed by Us..............."

MR. A. THANU PILLAI (*Trivandrum*):

"(iv) Salaries and allowances of officers,

(a) appointed by Us, or

(b) whose appointments are specified in the rules made under this Regulation require Our sanction."

This is what the Section says. Now, here, the motion does not propose to consider the salary or allowance of any officer appointed by His Highness the Maha Raja or any appointment which under the rules require His Highness's sanction. The motion merely seeks to cut down the expenditure under establishment. The only question is whether there is sufficient work for such an officer and whether this amount now asked for under establishment is necessary.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Once again, Mr. Thanu Pillai is speaking on the need for the Special Officer while the mover has specifically restricted himself to the establishment. I rise to a point of order, Sir.

PRESIDENT: The whole thing is irregular. As Mr. Piraviperumal Pillai pointed out an attempt is made, by abolishing the absolutely necessary establishment, to cripple an officer and thereby to render him ineffective, in other words to abolish the officer in all but name. As I just pointed out the broad principle of parliamentary practice is this. You cannot attempt to do indirectly what you are precluded from doing directly. You cannot attempt in a dubious, round about way so as to keep within the *letter* of the law and yet evade the *spirit*. I have said I will give a detailed ruling on this subject which does not seem to be generally understood. I shall give a definite and precise ruling making the whole position in respect of these motions clear and unmistakable.

MR. A. THANU PILLAI (*Trivandrum*): For the time being?

PRESIDENT: For the time being I must say that you can discuss if you like; but I shall not permit you to go to vote.

MR. A. THANU PILLAI (*Trivandrum*): The Conservator of Forests at any rate has given absolutely no idea as to the amount of work that has to be done and whether this establishment is necessary or not.

PRESIDENT : What is the work that has to be done ; and by whom ?

MR. A. THANU PILLAI (*Trivandrum*) : The work in connection with the forest settlement.

PRESIDENT : To be done by whom ?

MR. A. THANU PILLAI (*Trivandrum*) : Work in connection with the Forest Settlement, to be done by the establishment as well.

PRESIDENT : You can only refer to the establishment and not to anything else.

MR. A. THANU PILLAI (*Trivandrum*) : The motion refers only to the establishment. The Conservator has given absolutely no idea as to the work to be done. It has not been made possible for the House to form any idea as to the amount of work that has to be done by the establishment.

MR. T. P RAMASUBBA AIYAR (*Ag. Chief Secretary to Government*) : Sir, I would like to say a few words. In regard to the progress of the work that has hitherto been made in the matter of Forest Settlement it is seen that there are still fifteen Reserves pending settlement, and even these are in different stages of progress. When the special arrangement was made for the speedy conduct of this work there were thirty Reserves pending settlement. So it could be seen that as much as half the work has already been done. I may even say that only less than half remains. The effect of the present motion would be to take away the entire allotment for the staff, T. A. and contingencies. The result will be this. There will be absolutely no help for the officer to do any kind of work.

PRESIDENT : You cannot speak of the officer.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): If the whole establishment is cut away the result would be that there would be extra expenditure under salaries without the corresponding work being done. I wish the House to consider whether it is the desire of the House to reduce the position to that. I request the House to consider that aspect of the matter.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): At the time of the appointment of the Special Officer, how did the Government arrive at the decision that the work would be completed in a year ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*) : The number of claim cases in respect of each Reserve can never be known in advance exactly or with any amount of certainty. It was a rough fore-cast that was made at the time. It is now expected—and provision has been made for that—that the work would be finished by the end of 1104. It may well be that it is finished within the year.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : How many cases are still pending ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*) : I am unable to give the number of cases pending. But I may tell the member that there are fifteen Reserves pending final settlement of which seven or eight may be finished even by the end of 1103 so, that there would only be the remaining seven or eight awaiting settlement by the officer during the course of 1104.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Has the Settlement Officer greater work to do next year than he had this year ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*) : Yes, final settlement of all these fifteen Reserves has to be completed next year.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) ; Is that the reason for the larger allotment ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*) : As the Conservator pointed out, for 1103, there was a lump allotment of about Rs. 10,000 at the disposal of the Special Officer. That was found insufficient and the Conservator diverted a portion of *his* funds to enable the Special Officer to inspect the Reserves promptly and to go on with the work. For 1104 we have definite idea of the work to be done.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Even according to the revised estimates the T. A. of the Special Officer for 1103 was only Rs. 2,500.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*) : That was only for a portion of the year. The officer did not take charge right from the beginning of the year. He took charge only after a few months.

